وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 19-20

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 മെയ് 7-14 • ഹി.ശം 1405 ഹിജ്റത്ത് 7-14 • ഹി. ഖ. 1447 ദുൽഖഅദഃ 19-26

## വിശുദ്ധ ഖുർആനിൽ നിന്ന്:



وَعَدَ اللّٰہُ الَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَ عَمِلُوا الصّٰلِحٰتِ لَیَسۡتَخۡلِفَنَّہُمۡ فِی الۡاَرۡضِ کَمَا اسۡتَخۡلَفَ الَّذِیۡنَ مِنۡ قَبۡلِہِمۡ ۪ وَلَیُمَکِّنَنَّ لَہُمۡ دِیۡنَہُمُ الَّذِی ارۡتَضٰی لَہُمۡ وَلَیُبَدِّلَنَّہُمۡ مِّنۡۢ بَعۡدِ خَوۡفِہِمۡ اَمۡنًا ؕ یَعۡبُدُوۡنَنِیۡ لَا یُشۡرِکُوۡنَ بِیۡ شَیۡئًا ؕ وَمَنۡ کَفَرَ بَعۡدَ ذٰلِکَ فَاُولٰٓئِکَ ہُمُ الۡفٰسِقُوۡنَ

(سورۃ النور:56)

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരോട്, അല്ലാഹു ഉറച്ച വാഗ്ദാനം ചെയ്തിരിക്കുന്നു, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരെ തീർച്ചയായും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട അവരുടെ മതത്തെ അവർക്ക് തീർച്ചയായും പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയാവസ്ഥക്കുശേഷം തീർച്ചയായും അവരെ സമാധാനാവസ്ഥയിലേക്ക് മാറ്റുകയും ചെയ്യുന്നതാണ്. അവർ എന്നെ ആരാധിക്കുന്നതാണ്, എന്നോട് മറ്റാരേയും അവർ പങ്കുചേർക്കുകയില്ല. ആരെങ്കിലും അതിനുശേഷം നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.



ഹദീസ്:

## നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത്

عَنۡ حُذَیۡفَۃَ رَضِیَ اللّٰہُ عَنۡہُ قَالَ: قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ تَکُوۡنُ النُّبُوَّۃُ فِیۡکُمۡ مَا شَآءَ اللّٰہُ اَنۡ تَکُوۡنَ ثُمَّ یَرۡفَعُہَا اللّٰہُ تَعَالٰی ثُمَّ تَکُوۡنُ خِلَافَۃٌ عَلٰی مِنۡہَاجِ النُّبُوَّۃِ مَا شَآءَ اللّٰہُ اَنۡ تَکُوۡنَ ثُمَّ یَرۡفَعُہَا اللّٰہُ تَعَالٰی ثُمَّ تَکُوۡنُ مُلۡکًا عَاضًّا فَتَکُوۡنُ مَا شَآءَ اللّٰہُ اَنۡ تَکُوۡنَ ثُمَّ یَرۡفَعُہَا اللّٰہُ تَعَالٰی ثُمَّ تَکُوۡنُ مُلۡکًا جَبۡرِیَّۃً فَیَکُوۡنُ مَا شَآءَ اللّٰہُ اَنۡ تَکُوۡنَ ثُمَّ یَرۡفَعُہَا اللّٰہُ تَعَالٰی ثُمَّ تَکُوۡنُ خِلَافَۃٌ عَلٰی مِنۡہَاجِ النُّبُوَّۃِ ثُمَّ سَکَتَ۔

ഹദ്റത്ത് ഹുദൈഫ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറഞ്ഞു: 'അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം നിങ്ങളിൽ പ്രവാചകത്വം നിലനിൽക്കും. പിന്നീട് അവൻ ഉദ്ദേശിക്കുമ്പോൾ അത് ഉയർത്തും. അതിനുശേഷം പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും. അതും അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം നിലനിൽക്കും, പിന്നീട് അവൻ ആ അനുഗ്രഹവും ഉയർത്തും. അതിനുശേഷം വിഷമകരമായ രാജവാഴ്ച ഉണ്ടാകും, അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം അത് തുടരും. പിന്നീട് ആ കാലഘട്ടം അവസാനിക്കുമ്പോൾ അതിനേക്കാൾ ക്രൂരമായ സ്വേച്ഛാധിപത്യ ഭരണം നിലവിൽ വരും. അതും അല്ലാഹു ഉദ്ദേശിക്കുന്ന കാലത്തോളം നിലനിൽക്കും. പിന്നീട് അല്ലാഹു ആ അക്രമത്തിന്റെ കാലഘട്ടവും അവസാനിപ്പിക്കും. അതിനുശേഷം വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകും! ഇത്രയും പറഞ്ഞതിനുശേഷം തിരുനബി(സ) മൗനം പാലിച്ചു.

*(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, ഭാഗം :4, പേജ്: 273/ മിശ്കാത്ത് ബാബു ഇൻദാർ വ തബ്ശീർ)*

### തിരുനബി(സ) ഹദ്റത്ത് ഹുദൈഫ ബിൻ യമാൻ(റ)നോട് ഇപ്രകാരം പറഞ്ഞു:

اِنۡ رَاَیۡتَ یَوۡمَئِذٍ خَلِیۡفَۃَ اللّٰہِ فِی الۡاَرۡضِ فَالۡزِمۡہُ وَاِنۡ نُہِکَ جِسۡمُکَ وَاُخِذَ مَالُکَ

അതായത്, ആ കാലഘട്ടത്തിൽ ഭൂമിയിൽ അല്ലാഹുവിന്റെ ഖലീഫയെ നീ കാണുകയാണെങ്കിൽ അദ്ദേഹത്തെ മുറുകെ പിടിക്കുക; നിന്റെ ശരീരം പീഡിപ്പിക്കപ്പെട്ടാലും നിന്റെ സമ്പത്ത് പിടിച്ചെടുക്കപ്പെട്ടാലും ശരി (നീ അദ്ദേഹത്തെ കൈവിടരുത്).

*(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, ഹദീഥ് ഹുദൈഫ ബിൻ അൽയമാൻ, ഹദീഥ് നമ്പർ: 22916)*



ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## രണ്ടാമത്തെ ദിവ്യ ശക്തിയെ ദർശിക്കേണ്ടതും നിങ്ങൾക്ക് അനിവാര്യമാണ്. അതിന്റെ ആഗമനം നിങ്ങൾക്ക് ഉത്തമവുമാണ്. കാരണം അത് ശാശ്വതമാണ്.

ഖലീഫ എന്നാൽ പിൻഗാമി എന്നാണ് അർത്ഥം. അർത്ഥതലത്തിൽ നോക്കിയാൽ, ഒരു റസൂലിന്റെ ഗുണഗണങ്ങൾ പ്രതിബിംബ രൂപത്തിൽ തന്നിൽ ഉൾക്കൊള്ളുന്ന ഒരാൾക്ക് മാത്രമേ അദ്ദേഹത്തിന്റെ പിൻഗാമിയാകാൻ കഴിയൂ. അതുകൊണ്ടാണ് തിരുനബി(സ), ക്രൂരരായ ഭരണാധികാരികളുടെ കാര്യത്തിൽ 'ഖലീഫ' എന്ന പദം പ്രയോഗിക്കാൻ ആഗ്രഹിക്കാതിരുന്നത്. കാരണം, ഖലീഫ എന്നത് യഥാർത്ഥത്തിൽ റസൂലിന്റെ പ്രതിബിംബം ആണ്. ഏതൊരു മനുഷ്യനും ശാശ്വതമായ നിലനിൽപ്പില്ലാത്തതുകൊണ്ട്, ലോകത്തിലെ എല്ലാ അസ്തിത്വങ്ങളേക്കാളും ഉന്നതവും ശ്രേഷ്ഠവുമായ പ്രവാചകത്വത്തിന്റെ അസ്തിത്വത്തെ പ്രതിബിംബ രൂപത്തിൽ ലോകാവസാനം വരെ നിലനിർത്താനും അങ്ങനെ ലോകത്തിന് ഒരു കാലത്തും പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെടാതിരിക്കാനും അല്ലാഹു ഉദ്ദേശിച്ചു. അതിനുവേണ്ടിയാണ് അല്ലാഹു ഖിലാഫത്ത് നിശ്ചയിച്ചത്. *(ശഹാദത്തുൽ ഖുർആൻ, റൂഹാനി ഖസാഇൻ, ഭാഗം: 6, പേജ്: 353)*

രണ്ടാമത്തെ ദിവ്യ ശക്തിയെ ദർശിക്കേണ്ടതും നിങ്ങൾക്ക് അനിവാര്യമാണ്. അതിന്റെ ആഗമനം നിങ്ങൾക്ക് ഉത്തമവുമാണ്. കാരണം അത് ശാശ്വതമാണ്, അതിന്റെ പരമ്പര ലോകാവസാനം വരെ മുറിഞ്ഞുപോവുകയില്ല. ഞാൻ പോകാതെ ആ രണ്ടാമത്തെ ശക്തി വരികയുമില്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ ദൈവം നിങ്ങൾക്കായി ആ രണ്ടാമത്തെ ശക്തിയെ അയച്ചുതരും, അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ബറാഹീനെ അഹ്മദിയ്യയിൽ അല്ലാഹു നൽകിയ വാഗ്ദാനം പോലെയാണത്. ആ വാഗ്ദാനം എന്റെ വ്യക്തിത്വത്തെ സംബന്ധിച്ചുള്ളതല്ല, മറിച്ച് നിങ്ങളെ സംബന്ധിച്ചുള്ളതാണ്. നിന്നെ പിന്തുടരുന്നവർക്ക് ലോകാവസാനം വരെ മറ്റുള്ളവരുടെ മേൽ ഞാൻ പ്രാമുഖ്യം നൽകും എന്ന് അല്ലാഹു അരുളിച്ചെയ്തതുപോലെയാണിത്. അതിനാൽ എന്റെ വേർപാടിന്റെ ദിവസം വരേണ്ടതും അനിവാര്യമാകുന്നു, അതിനുശേഷമേ ശാശ്വതമായ വാഗ്ദാനത്തിന്റെ ദിവസം വരികയുള്ളൂ. നമ്മുടെ ദൈവം വാഗ്ദാനങ്ങൾ പാലിക്കുന്നവനും വിശ്വസ്തനും സത്യവാനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം

ശേഷം പേജ് 22 ൽ

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# ഖിലാഫത്ത് അഹ്മദിയ്യാ :

## ലോകജനതയെ ഏക ഉമ്മത്താക്കാനുള്ള മാർഗ്ഗം

സൂറത്തുൽ ജുമുഅയിലെ ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം*** എന്ന വചനത്തിന് വ്യാഖ്യാനം നൽകിക്കൊണ്ട്, ഈമാൻ (വിശ്വാസം) ലോകത്തുനിന്ന് ഉയർത്തപ്പെട്ട് സുരയ്യ നക്ഷത്രത്തിലേക്ക് ഉയർന്നുപോയാലും, പേർഷ്യൻ വംശജനായ ഒരാളിലൂടെ അത് വീണ്ടും പുന:സ്ഥാപിക്കപ്പെടുമെന്നും ചിതറിപ്പോയ ഉമ്മത്തിനെ അദ്ദേഹം ഒരുമിപ്പിക്കുമെന്നും തിരുനബി(സ) ദീർഘദർശനം ചെയ്തിരുന്നു. പ്രവാചകത്വത്തിന് ശേഷം ഖിലാഫത്ത് ഉണ്ടാകുമെന്നും, പിന്നീട് രാജവാഴ്ചയുടെ കാലമുണ്ടാകുമെന്നും, ഒടുവിൽ വീണ്ടും പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് അതായത് ഖിലാഫത്തുൻ ***അലാ മിൻഹാജിൻ നുബുവ്വ:*** സ്ഥാപിതമാകുമെന്നും നബി(സ) മറ്റൊരിടത്ത് പറഞ്ഞിട്ടുണ്ട്. *(മിശ്കാത്ത്, ബാബുൽ ഇൻദാരി വത്തഹ്ദീർ).*

ഖുർആനിക വചനങ്ങളുടെയും ഹദീസുകളുടെയും പഠനത്തിൽ നിന്ന് വ്യക്തമാകുന്നത്, ഒരു കാലഘട്ടത്തിൽ ഈമാൻ ലോകത്തുനിന്ന് ഉയർത്തപ്പെടുമെന്നും മുസ്‌ലീങ്ങൾക്ക് ആ ദിനങ്ങൾ വളരെ പ്രയാസകരമായിരിക്കുമെന്നുമാണ്. ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ് എന്നിവ വെളിപ്പെടുകയും മുസ്‌ലീങ്ങൾ എല്ലാ ഭാഗത്തുനിന്നും ആക്രമിക്കപ്പെടുകയും ആഭ്യന്തര ഭിന്നതകളാൽ അവർ ദുർബലരാവുകയും ചെയ്യും. എല്ലാ ജനതകളും ഇസ്‌ലാമിനെ അടിച്ചമർത്താൻ ശ്രമിക്കുന്ന അത്തരമൊരു സമയത്ത്, ഇസ്‌ലാമിനെ രക്ഷിക്കാൻ വാളല്ല പരിഹാരമെന്നും മറിച്ച്, ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും ആഗമനമാണ് ഉണ്ടാകുകയെന്നും അദ്ദേഹം അമ്പും വാളുമില്ലാതെ ഇസ്‌ലാമിന്റെ മഹത്തായ ആത്മീയ ദർശനങ്ങളിലൂടെ ഇസ്‌ലാമിനെ മറ്റെല്ലാ മതങ്ങൾക്കും മേൽ വിജയിപ്പിക്കുമെന്നും നബി(സ) സുവാർത്ത നൽകിയിരുന്നു. മാത്രമല്ല മസീഹ് മൗഊദ് വരികയും അദ്ദേഹം യുദ്ധങ്ങൾ അവസാനിപ്പിക്കുകയും (യളഉൽ ഹർബ്) ചെയ്യുന്നതുമാണ് എന്നും തിരുനബി(സ) മുൻകൂട്ടി പറഞ്ഞിരുന്നു.

തിരുനബി(സ)യുടെ ഈ പ്രവചനത്തിന് അനുസൃതമായി അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ മസീഹ് മൗഊദും മഹ്ദിയുമായി നിയോഗിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഇസ്‌ലാമിന്റെ വിജയം ഇനി ഖണ്ഡിതമായ തെളിവുകളെയും പ്രകാശപൂർണ്ണമായ ദൃഷ്ടാന്തങ്ങളെയും ആശ്രയിച്ചിരിക്കുന്നു. അത് എന്റെ ജീവിതകാലത്തോ അതല്ലെങ്കിൽ വിയോഗത്തിന് ശേഷമോ ആകട്ടെ ഈ എളിയവനിലൂടെ അത് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്. *(ബറാഹീനെ അഹ്മദിയ്യ, പേജ് 498,499).*

അദ്ദേഹം 1905ൽ രചിച്ച അൽവസിയ്യത്ത് എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖിലാഫത്തിനെ ഈ വിജയത്തിനുള്ള ഒരു മഹത്തായ മാർഗ്ഗമായി അദ്ദേഹം വിവരിക്കുകയുണ്ടായി. ആ മഹാത്മാവ് പറയുന്നു:

രണ്ടാമത്തെ ദിവ്യശക്തിയെ (ഖുദ്റത്തെ സാനിയ) ദർശിക്കേണ്ടതും നിങ്ങൾക്ക് അനിവാര്യമാണ്. അതിന്റെ ആഗമനം നിങ്ങൾക്ക് ഉത്തമവുമാണ്. കാരണം അത് ശാശ്വതമാണ്, അതിന്റെ പരമ്പര ലോകാവസാനം വരെ മുറിഞ്ഞുപോവുകയില്ല. ഞാൻ പോകാതെ ആ രണ്ടാമത്തെ ദിവ്യശക്തി വരികയുമില്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ ദൈവം നിങ്ങൾക്കായി ആ രണ്ടാമത്തെ ശക്തിയെ അയച്ചുതരും, അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ബറാഹീനെ അഹ്മദിയ്യയിൽ അല്ലാഹു നൽകിയ വാഗ്ദാനം പോലെയാണിത്. ആ വാഗ്ദാനം എന്റെ വ്യക്തിത്വത്തെ സംബന്ധിച്ചുള്ളതല്ല, മറിച്ച് നിങ്ങളെ സംബന്ധിച്ചുള്ളതാണ്. നിന്നെ പിന്തുടരുന്നവർക്ക് ലോകാവസാനം വരെ മറ്റുള്ളവരുടെ മേൽ ഞാൻ പ്രാമുഖ്യം നൽകും എന്ന് അല്ലാഹു പറഞ്ഞത് പോലെ തന്നെ. അതിനാൽ എന്റെ വേർപാടിന്റെ ദിവസം വരേണ്ടതും അനിവാര്യമാണ്, അതിനുശേഷമേ ശാശ്വതമായ വാഗ്ദാനത്തിന്റെ ദിവസം വരികയുള്ളൂ. നമ്മുടെ ദൈവം വാഗ്ദാനങ്ങൾ പാലിക്കുന്നവനും വിശ്വസ്തനും സത്യവാനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചുതരും. ഇത് ലോകത്തിന്റെ അവസാന നാളുകളാണെങ്കിലും, ഒട്ടേറെ പരീക്ഷണങ്ങൾ ഇറങ്ങിവരുന്ന സമയമാണെങ്കിലും, ദൈവം അറിയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും. ഞാൻ ദൈവത്തിൽ നിന്നുള്ള ഒരു ശക്തിയായി വെളിപ്പെട്ടിരിക്കുന്നു, ഞാൻ ദൈവത്തിന്റെ ഒരു മൂർത്തീഭാവമായ ശക്തിയാണ്. എനിക്ക് ശേഷം രണ്ടാമത്തെ ശക്തിയുടെ വെളിപ്പെടലായി വേറെയും ചില വ്യക്തിത്വങ്ങൾ ഉണ്ടാകും. *(അൽവസിയ്യത്ത്, പേജ് 8)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലഹു ഈ പ്രസ്ഥാനത്തിന് പൂർണ്ണമായ പുരോഗതി നൽകും; കുറച്ച് എന്റെ കൈകളാലും കുറച്ച് എനിക്ക് ശേഷവും. അല്ലാഹു മനുഷ്യനെ ഭൂമിയിൽ പടച്ചത് മുതൽ അവൻ എപ്പോഴും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന അവന്റെ നടപടി ക്രമമാണിത്; അവൻ തന്റെ നബിമാരെയും റസൂൽമാരേയും സഹായിക്കുകയും അവർക്ക് വിജയം നൽകുകയും ചെയ്യുന്നു... എന്നാൽ അതിന്റെ പൂർണ്ണത അവരുടെ കൈകളാൽ അവൻ നിർവ്വഹിക്കുന്നില്ല. മറിച്ച്, പ്രത്യക്ഷത്തിൽ പരാജയഭീതി തോന്നിപ്പിക്കുന്ന ഒരു സമയത്ത് അവർക്ക് വിയോഗം നൽകിക്കൊണ്ട്, എതിരാളികൾക്ക് പരിഹാസത്തിനും ആക്ഷേപത്തിനും പരിഹാസച്ചിരിക്കും അവസരം നൽകുന്നു. അവർ തങ്ങളുടെ പരിഹാസം അവസാനിപ്പിച്ചു കഴിയുമ്പോൾ, അല്ലാഹു തന്റെ ശക്തിയുടെ രണ്ടാമത്തെ കൈ വെളിപ്പെടുത്തുന്നു. *(അൽവസിയ്യത്ത്)*

ഈ വിജയത്തിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കാലപരിധി കൂടി നിശ്ചയിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

ഇന്നത്തെ ദിവസം മുതൽ മൂന്ന് നൂറ്റാണ്ടുകൾ തികയുന്നതിന് മുൻപ് തന്നെ, ഈസാ(അ)നെ കാത്തിരിക്കുന്ന മുസ്‌ലീങ്ങളും ക്രിസ്ത്യാനികളും കഠിനമായ നിരാശയിലും സംശയത്തിലും അകപ്പെട്ട് ഈ തെറ്റായ വിശ്വാസം ഉപേക്ഷിക്കും. ലോകത്ത് ഒരേയൊരു മതവും ഒരേയൊരു നേതാവും മാത്രമേ ഉണ്ടാവുകയുള്ളൂ. ഞാൻ ഒരു വിത്തുപാകാൻ വന്നവനാണ്, എന്റെ കൈകളാൽ ആ വിത്ത് വിതയ്ക്കപ്പെട്ടു കഴിഞ്ഞു. ഇനി അത് വളരുകയും പൂവിടുകയും ചെയ്യും, അതിനെ തടയാൻ ആർക്കും സാധ്യമല്ല. *(തദ്കിറത്തുശ്ശഹാദത്തൈൻ, റൂഹാനി ഖസൈൻ വാല്യം 20, പേജ് 67)*

അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച്, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വിയോഗത്തിന് ശേഷം 1908 മെയ് 27ന് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അന്റെ പ്രഥമ ഖലീഫയായി ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) (ഖലീഫത്തുൽ മസീഹ് അവ്വൽ) ഖിലാഫത്തിന്റെ പദവിയിൽ ഉപവിഷ്ടനായി. അദ്ദേഹം ഖലീഫയായി ചുമതലയേറ്റതോടെ ഇസ്‌ലാമിന്റെ വിജയത്തെ സംബന്ധിച്ച ശുഭവാർത്തകൾ നിരന്തരമായി വെളിപ്പെട്ടു തുടങ്ങി. അദ്ദേഹത്തിലൂടെ ജമാഅത്ത് വീണ്ടും ഐക്യത്തിന്റെ ചരടിൽ കോർക്കപ്പെട്ടു. സമുദായ ഐക്യത്തിനും ജമാഅത്തിന്റെ ഭാവി പുരോഗതിക്കും ഖിലാഫത്തിന്റെ ശാക്തീകരണത്തിനും ഇസ്‌ലാമിന്റെ സ്ഥിരതയ്ക്കും വേണ്ടി, സ്വന്തക്കാർക്കും അന്യർക്കും മുന്നിൽ ഖിലാഫത്ത് സംവിധാനത്തെ സ്ഥാപിക്കുന്നതിനായി അദ്ദേഹം ഒരു ഈയം ഉരുക്കിയ മതിൽ പോലെ ഉറച്ചുനിന്നു

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ), ഖിലാഫത്തിന്റെ സ്ഥാപനവും അതിന്റെ കരുത്തുമാണ് യഥാർത്ഥത്തിൽ അഹ്മദിയ്യ ജമാഅത്തിന്റെ നിലനിൽപ്പിനും ഇസ്‌ലാമിന്റെ വിജയത്തിനും ആധാരമെന്ന് കൃത്യമായി മനസ്സിലാക്കിയിരുന്നു. ഖിലാഫത്തിലൂടെ മാത്രമേ ജമാഅത്ത് അംഗങ്ങളുടെ ആത്മീയ ശിക്ഷണവും ഇസ്‌ലാമിക പ്രബോധനവും കൃത്യമായി നിർവ്വഹിക്കാൻ സാധിക്കൂ എന്ന് അദ്ദേഹം വിശ്വസിച്ചു.

അൽഹംദുലില്ലാഹ്! ഖിലാഫത്ത് സ്ഥാപിതമായിട്ട് ഇന്ന് 118 വർഷങ്ങൾ പിന്നിടുമ്പോൾ, ചുരുങ്ങിയ കാലയളവിനുള്ളിൽ ജമാഅത്ത് കൈവരിച്ച ഈ അതിവേഗ പുരോഗതിയും വളർച്ചയും ഖിലാഫത്തുൻ അലാ മിൻഹാജിൻ നുബുവ്വ: യുടെ ഫലമാണെന്ന് ജമാഅത്ത് അംഗങ്ങളും മറ്റുള്ളവരും ഒരുപോലെ തിരിച്ചറിഞ്ഞിരിക്കുന്നു. ഖിലാഫത്തിന്റെ സ്ഥാപന വേളയിൽ അതിനെ നിഷേധിക്കുകയും എതിർക്കുകയും ചെയ്തവർക്ക്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു നൽകിയ ഇസ്‌ലാമിന്റെ വിജയമെന്ന വാഗ്ദാനം നിറവേറ്റാൻ സാധിച്ചില്ലെന്ന് മാത്രമല്ല, ഇന്ന് അവർ സ്വന്തം നിലനിൽപ്പ് പോലും അപകടത്തിലായ അവസ്ഥയിലുമാണ്.

മറുഭാഗത്ത്, ഖിലാഫത്തിന്റെ തണലിൽ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് ലോകത്തിലെ 200ലധികം രാജ്യങ്ങളിൽ വ്യാപിച്ചു കഴിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് വിതയ്ക്കപ്പെട്ട വിത്തുകൾ ഇന്ന് ഖിലാഫത്തിന്റെ കാലഘട്ടങ്ങളിലൂടെ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലാകെ പടർന്നു പന്തലിക്കുകയും തിരുനബി(സ)യുടെ അധ്യാപനങ്ങളാകുന്ന തെളിനീർ ദാഹിക്കുന്ന ആത്മാക്കൾക്ക് അത് പകർന്നു നൽകുകയും ചെയ്യുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ നിന്ന് തുടക്കം കുറിച്ച ഖുർആൻ ക്ലാസുകൾ ഇന്ന് ഞാഅ മുഖേന ലോകമെമ്പാടും എത്തിച്ചേർന്നിരിക്കുന്നു. എഴുപതിലധികം ഭാഷകളിൽ ഖുർആൻ പരിഭാഷകൾ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു, ലോകജനത അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചു വരുന്നു.

1906ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അടിത്തറയിട്ട മദ്റസ അഹ്മദിയ്യാ, ഖിലാഫത്തിന്റെ കാലത്ത് ജാമിയ അഹ്മദിയ്യാ എന്ന പേരിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാഖകളായി വ്യാപിച്ചു. ആയിരക്കണക്കിന്

ശേഷം പേജ് 11 ൽ

# ഖുത്വ്ബ ജുമുഅ

2026 മാർച്ച് 13, 1405 അമാൻ 13
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

## തൗഹീദിനോടുള്ള തീവ്രമായ അഭിവാഞ്ജ : തിരുനബിചരിത്രത്തിലെ വിശ്വാസ വർദ്ധക സ്മരണകൾ കൂടാതെ മുസ്‌ലിം ഉമ്മത്ത് യഥാർത്ഥ തൗഹീദ് മനസ്സിലാക്കുന്നവരും അത് പ്രാവർത്തികമാക്കുന്നവരും ആകുന്നതിന് വേണ്ടിയുള്ള പ്രാർത്ഥനാ ആഹ്വാനവും.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

രണ്ട് വെള്ളിയാഴ്ചകൾക്ക് മുമ്പ്, തിരുനബി(സ)യുടെ ജീവിതത്തെക്കുറിച്ചും തൗഹീദിനോടുള്ള നബി(സ) തീവ്രമായ ആഗ്രഹത്തെക്കുറിച്ചും ഞാൻ ചർച്ച ചെയ്തിരുന്നു.

തീർച്ചയായും അത് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് നബി(സ) നിയുക്തനായത്. ഈ ആവേശം നബി(സ)ന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെട്ടു എന്ന് മാത്രമല്ല, **തന്റെ സ്വഹാബികളിലും തന്നെ പിൻപറ്റിയവരിലും തൗഹീദിനോടുള്ള സമാനതകളില്ലാത്ത ഈ വീര്യവും ആവേശവും നബി(സ) പകർന്നു നൽകുകയും ചെയ്തു. തൗഹീദിന് വേണ്ടി ഏതൊരു ത്യാഗത്തിനും എപ്പോഴും സജ്ജരായിരിക്കാൻ ഇത് അവരെ പ്രാപ്തരാക്കി.**

ഇന്ന്, തിരുനബി(സ)യുടെ ജീവിതത്തിലെ ഇതേ വശത്തെക്കുറിച്ച് ഞാൻ തുടർന്നും സംസാരിക്കുന്നതാണ്, ഈ വിഷയത്തിൽ സ്വഹാബികൾ ചെയ്ത ചില ത്യാഗങ്ങളെക്കുറിച്ചും ഇതിൽ പരാമർശമുണ്ടായിരിക്കും. തിരുനബി(സ)യുടെ പ്രായോഗിക മാതൃകയും നബി(സ)ന്റെ തീവ്രമായ ആഗ്രഹവും പ്രാർത്ഥനയും കാരണമാണ് സ്വഹാബികൾക്കും ഇത്തരമൊരു ഉന്നത പദവി ലഭിച്ചതും ഏതൊരു ത്യാഗത്തിനും അവർ സന്നദ്ധരായതും.

തൗഹീദിന്റെ സ്ഥാപനത്തിനായി തിരുനബി(സ) സഹിച്ച പ്രയാസങ്ങളെക്കുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്:

ഒരിക്കൽ മുശ്രിക്കീംകൾ തിരുനബി(സ)യോട് ചോദിച്ചു: 'ഞങ്ങളുടെ ദൈവങ്ങളെക്കുറിച്ച് താങ്കൾ ഇങ്ങനെയൊക്കെയല്ലേ പറയുന്നത്?'. തിരുനബി(സ) മറുപടി നൽകി: 'അതെ'. ഇതോടെ അവർ നബി(സ)നു ചുറ്റും കൂടി. ഈ സമയം ആരോ ഹദ്റത്ത് അബൂബക്കർ(റ)നോട് ചെന്ന് തന്റെ സുഹൃത്തിനെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ) പുറപ്പെടുകയും മസ്ജിദുൽ ഹറാമിൽ എത്തുകയും ചെയ്തു. അവിടെ ആളുകൾ തിരുനബി(സ)യെ വളഞ്ഞിരിക്കുന്നത് അദ്ദേഹം കണ്ടു. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'നിങ്ങൾക്ക് നാശം!'. തുടർന്ന് വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ وَقَدْ جَآءَكُمْ بِالْبَيِّنٰتِ مِنْ رَّبِّكُمْ

**എന്റെ നാഥൻ അല്ലാഹു ആണെന്ന് പറയുകയും അയാൾ നിങ്ങളുടെ നാഥനിൽ നിന്ന് സ്പഷ്ടമായ തെളിവുകളുമായി വരികയും ചെയ്തതിനാൽ നിങ്ങൾ ഒരാളെ കൊല്ലുകയാണോ?** (വിശുദ്ധ ഖുർആൻ, 40:29).

അപ്പോൾ അവർ നബി(സ)യെ വിട്ട് ഹദ്റത്ത് അബൂബക്കർ(റ)ന്റെ നേരെ തിരിയുകയും അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മകൾ ഹദ്റത്ത് അസ്മ(റ) പറയുന്നത്, പിതാവ് തങ്ങളുടെ അടുക്കൽ മടങ്ങിവന്നപ്പോൾ അദ്ദേഹം തന്റെ തലമുടിയിൽ തൊടുമ്പോഴേക്കും അത് കയ്യിലേക്ക് ഊരിപ്പോരുമായിരുന്നു എന്നാണ്. അത്രയും ശക്തിയായിട്ടാണ് അവർ മുടി പിടിച്ചു വലിച്ചിരുന്നത്. മുടി വേരോടെ പിഴുതെടുക്കപ്പെട്ടിട്ടും ഹദ്റത്ത് അബൂബക്കർ(റ) ഇപ്രകാരം ഉരുവിട്ടുകൊണ്ടിരുന്നു:

تَبَارَكْتَ يَا ذَا الْجَلَالِ وَالْاِكْرَامِ

(മഹത്വവും ആദരവുമുള്ളവനായ നിന്റെ നാമം അങ്ങേയറ്റം അനുഗൃഹീതമാകുന്നു).

മറ്റൊരു നിവേദനത്തിൽ വരുന്നത്, ആ ആളുകൾ നബി(സ)യുടെ ശിരസ്സിലും നബി(സ)യുടെ താടിയിലും ശക്തമായി പിടിച്ചു വലിച്ചുവെന്നും അതിനാൽ മിക്കവാറും രോമങ്ങൾ കൊഴിഞ്ഞുപോയെന്നുമാണ്. ഇത് കണ്ട് ഹദ്റത്ത് അബൂബക്കർ(റ) നബി(സ)യെ രക്ഷിക്കാൻ എഴുന്നേറ്റു നിൽക്കുകയും കരഞ്ഞുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു:

اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ

'എന്റെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ നിങ്ങൾ ഒരാളെ കൊലപ്പെടുത്തുകയാണോ?'. അപ്പോൾ **നബി(സ) പറഞ്ഞു: അബൂബക്കർ, അവരെ വിട്ടേക്കുക. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! ഞാൻ ബലിയർപ്പിക്കപ്പെടാൻ വേണ്ടിയാണ് അവർക്കിടയിലേക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നത്.** ഇതോടെ അവർ നബി(സ)യെ വിട്ടു.

*(അസ്സീറത്തുൽ ഹലബിയ്യ, ഒന്നാം ഭാഗം, പേജ് 417, ദാറുൽ അർഖം ബിൻ അബീ അർഖമിലെ നബി(സ)യുടെയും അനുയായികളുടെയും രഹസ്യ വാസം എന്ന അധ്യായം, ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട്, 2002).*

അതായത്, അവർ നബി(സ)യെ ഉപദ്രവിക്കുകയും മർദ്ദിക്കുകയും ചെയ്തുകൊണ്ടിരുന്ന ആ നിമിഷത്തിൽ ഹദ്റത്ത് അബൂബക്കർ(റ) ഇടപെട്ടപ്പോൾ നബി(സ) പറഞ്ഞത്, നീ അവരെ വിട്ടേക്കുക എന്നായിരുന്നു. ഇതുപോലെ തന്നെ ഹാരിഥ് ബിൻ ഹാരിഥ് ഗാമിദി എന്ന നിവേദകൻ ഖുറൈശികൾ നബി(സ)യോട് അക്രമം കാണിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം തന്റെ പിതാവിനോട് ചോദിച്ചു, ആരാണ് ഈ ആളുകൾ?

ഇത്തരത്തിൽ എണ്ണമറ്റ സംഭവങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. സമാനമായ പല സംഭവങ്ങളും പല ആളുകൾ കാണുകയും നിവേദനം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിവിധ നിവേദകരുണ്ട്; ചിലർ വിശദമായി പ്രതിപാദിക്കുന്നു, ചിലർ കുറച്ചുമാത്രം. ഏതായാലും അവർ അക്രമം കാണിക്കുന്നത് കണ്ട് അദ്ദേഹം പിതാവിനോട് ആരാണിവർ എന്ന് ചോദിച്ചപ്പോൾ, അവർ തങ്ങളുടെ സ്വാബിക്ക് ചുറ്റും കൂടിയിരിക്കുകയാണെന്ന് പിതാവ് മറുപടി നൽകി. നബി(സ)യെയും മുസ്‌ലിംകളെയും മക്കക്കാർ പരിഹാസപൂർവ്വം സ്വാബി എന്നാണ് വിളിച്ചിരുന്നത്. നിവേദകൻ പറയുന്നു: ഞങ്ങൾ വാഹനത്തിൽ നിന്നിറങ്ങിയപ്പോൾ കണ്ടത് നബി(സ) ജനങ്ങളെ അല്ലാഹുവിന്റെ തൗഹീദിലേക്കും അവനിലുള്ള വിശ്വാസത്തിലേക്കും ക്ഷണിക്കുന്നതാണ്. എന്നാൽ അവർ നബി(സ)യെ നിഷേധിക്കുകയും നബി(സ)യെ ഉപദ്രവിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. ഉച്ചസമയം ആകുന്നത് വരെ ഇത് തുടർന്നു; അതിനുശേഷമാണ് ആളുകൾ നബി(സ)യുടെ ചുറ്റിൽ നിന്നും മാറിപ്പോയത്.

*(അൽമുഅ്ജമുൽ കബീർ, ഭാഗം 3, പേജ് 304, 'ഹാരിഥ് ബിൻ ഹാരിഥ് അൽഗാമിദി', ഹദീസ് 3373, മക്തബ ഇബ്നു തൈമിയ്യ കൈറോ)*

നബി(സ)യുടെ മേൽ നടന്ന അക്രമങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ വിവിധ ചരിത്രഗ്രന്ഥങ്ങളിൽ കാണാം. ഇവയെ ആസ്പദമാക്കി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം വിവരിച്ചിട്ടുണ്ട്. 'ദീബാച്ച തഫ്സീറുൽ ഖുർആനിൽ' ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:

**ഒരിക്കൽ നബി(സ) ചന്തയിലൂടെ നടന്നുപോകുമ്പോൾ മക്കയിലെ അക്രമികളായ ഒരുകൂട്ടം ആളുകൾ നബി(സ)യെ വളയുകയും വഴിയുടനീളം നബി(സ)യുടെ പിടലിയിൽ അടിച്ചുകൊണ്ട് ജനങ്ങളേ! ഇതാ താനൊരു പ്രവാചകനാണെന്ന് അവകാശപ്പെടുന്ന ഒരാൾ എന്ന് പറഞ്ഞ് പരിഹസിക്കുകയും ചെയ്തു.** നബി(സ)യുടെ വീടിന് ചുറ്റുമുള്ള വീടുകളിൽ നിന്ന് തുടർച്ചയായി കല്ലുകൾ എറിയപ്പെടുമായിരുന്നു. നബി(സ)യുടെ വീടിനുള്ളിലും അടുക്കളയിലും ആടുകളുടെയും ഒട്ടകങ്ങളുടെയും കുടൽമാലകൾ ഉൾപ്പെടെയുള്ള അഴുക്കുസാധനങ്ങൾ വലിച്ചെറിയപ്പെടുമായിരുന്നു. **നബി(സ) നമസ്കരിക്കുമ്പോൾ നബി(സ)യുടെ മേൽ മണ്ണും പൊടിയും വാരിയിടുമായിരുന്നു. ഒടുവിൽ നിവൃത്തിയില്ലാതെ ഒരു പാറക്കെട്ടിന്റെ വിടവിനുള്ളിൽ ഒളിച്ചിരുന്ന് നബി(സ)ക്ക് നമസ്കരിക്കേണ്ടി വന്നിട്ടുണ്ട്.** *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, ഭാഗം 20, പേജ് 198)*

എന്നാൽ **തൗഹീദിന്റെ സ്ഥാപനത്തിനായി നബി(സ)യുടെ ഹൃദയത്തിൽ അലതല്ലിയിരുന്ന ആ തീവ്രമായ ആഗ്രഹം ഒരു നിമിഷം പോലും**

**കുറഞ്ഞില്ല എന്നതിൽ അനുഗൃഹീതനായ നബി(സ)യുടെ മേൽ ആയിരമായിരം സ്വലാത്തുകൾ ഉണ്ടാകട്ടെ.** ഈ കഷ്ടപ്പാടുകളെല്ലാം നബി(സ) മനസ്സന്തോഷത്തോടും വലിയ താൽപ്പര്യത്തോടും കൂടി സ്വീകരിച്ചു; എങ്കിലും മനുഷ്യവർഗത്തോടുള്ള നബി(സ)യുടെ അനുകമ്പയിലും സ്നേഹത്തിലും തെല്ലും കുറവുണ്ടായില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: **നാം നബി തിരുമേനി(സ)യുടെ ജീവിത സംഭവങ്ങൾ നോക്കുമ്പോൾ ഈ അവകാശവാദം ഒരു യാഥാർത്ഥ്യമായി മാറുന്നത് കാണാം. നബി(സ)ക്ക് മനുഷ്യവർഗത്തോടുണ്ടായിരുന്ന മഹത്തായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും തെളിവുകൾ ഓരോ ചുവടിലും നമുക്ക് ദർശിക്കാനാകും.**

**ഏകനായ ദൈവത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നതിനായി അതിരുകളില്ലാത്ത പ്രയാസങ്ങളിലൂടെയാണ് വർഷങ്ങളോളം നബി(സ) കടന്നുപോയത്.**

ഒരിക്കൽ കഅ്ബയിൽ വെച്ച് സത്യനിഷേധികൾ നബി(സ)യുടെ കഴുത്തിൽ തുണി ചുറ്റി മുറുക്കി; നബി(സ)യുടെ കണ്ണുകൾ ചുവന്ന് പുറത്തേക്ക് തള്ളുന്ന അവസ്ഥയിലായി. ഇതറിഞ്ഞ ഹദ്റത്ത് അബൂബക്കർ(റ) ഓടിവരുകയും നബി(സ)യെ ആ വേദന നിറഞ്ഞ അവസ്ഥയിൽ കണ്ട് കണ്ണുനീർ വാർക്കുകയും ചെയ്തു. അദ്ദേഹം ആ സത്യനിഷേധികളെ പിടിച്ചുമാറ്റിക്കൊണ്ട് പറഞ്ഞു: **ദൈവത്തെ ഭയപ്പെടു. അല്ലാഹുവാണ് എന്റെ റബ്ബ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രമാണോ നിങ്ങൾ ഒരാളെ ഇപ്രകാരം അക്രമിക്കുന്നത്?** *(തഫ്സീർ കബീർ, ഭാഗം 9, പേജ് 316, എഡിഷൻ 2023)*

മറ്റൊരിക്കൽ നബി(സ) മസ്ജിദുൽ ഹറാമിൽ എഴുന്നേറ്റു നിൽക്കുകയും മക്കയിലെ മുശ്രിക്കുകളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു: لا اله الا الله(അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല) എന്ന് നിങ്ങൾ പറയുക. നിങ്ങൾ അങ്ങനെ പറയുകയാണെങ്കിൽ വിജയിക്കും.' ഈ വാക്കുകൾ കേട്ടതും ഖുറൈശികൾ നബി(സ)യുടെ മേൽ ചാടിവീണു. നബി(സ)യെ ആക്രമിക്കാനായി ഒരാൾ ഉറക്കെ നിലവിളിച്ചുകൊണ്ട് അടുത്തേക്ക് വന്നപ്പോൾ ഹാരിഥ് ബിൻ അബീഹാല(റ) ആണ് ഏറ്റവും മുൻപിൽ നബി(സ)യുടെ അടുത്തേക്ക് എത്തിയത്. ഹാരിഥ്(റ) ആ ആളുകളോട് പോരാടാൻ തുടങ്ങുകയും നബി(സ)യെ അവരിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു. തുടർന്ന് അവരെല്ലാവരും ചേർന്ന് ഹാരിഥ്(റ)നെ ആക്രമിക്കുകയും അദ്ദേഹം രക്തസാക്ഷിയാവുകയും ചെയ്തു. *(ഇംതാഉൽ അസ്‌മാഅ്, ഭാഗം 6, പേജ് 297, ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട്, 1999)*

**തൗഹീദ് പ്രചരിപ്പിച്ചു എന്ന കുറ്റത്തിന് മക്കയിലെ സത്യനിഷേധികൾ നബി(സ)യെയും നബി(സ)യുടെ കുടുംബാംഗങ്ങളെയും മൂന്ന് വർഷ ത്തോളം ശിഅബ് അബീ ത്വാലിബിൽ തടവിലിട്ടു;** എല്ലാവിധത്തിലുള്ള സാമൂഹിക ബഹിഷ്കരണവും അന്ന് ഏർപ്പെടുത്തിയിരുന്നു. ഈ ഉപരോധം അവസാനിച്ചപ്പോൾ, ഒരു വശത്ത് നബി(സ) തൗഹീദിന്റെ സന്ദേശം മക്കയിലുടനീളം മുമ്പത്തേക്കാളും നിശ്ചയദാർഢ്യത്തോടെയും വീര്യത്തോടെയും പ്രചരിപ്പിക്കാൻ തുടങ്ങി. എന്നാൽ മറുവശത്ത് ഖുറൈശികൾ നബി(സ)ക്ക് നേരെ വീണ്ടും അക്രമങ്ങൾ അഴിച്ചുവിട്ടു.

നബി(സ)യുടെ ത്വാഇഫ് യാത്രയെക്കുറിച്ചുള്ള വിഖ്യാതമായ സംഭവം ചരിത്രത്തിൽ വിവിധ രീതികളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റഹ്) ഒരിടത്ത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

**ഉപരോധം നീങ്ങുകയും നബി(സ)ക്ക് തന്റെ നീക്കങ്ങളിൽ ഒരളവോളം സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തപ്പോൾ, ത്വാഇഫിൽ പോയി അവിടെയുള്ള ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ നബി(സ) തീരുമാനിച്ചു.** ത്വാഇഫ് മക്കയുടെ തെക്ക്കിഴക്ക് ഭാഗത്തായി 40 മൈൽ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പ്രശസ്തമായ ഒരു സ്ഥലമാണ്; അക്കാലത്ത് ബനൂ ഥഖീഫ് ഗോത്രക്കാരാണ് അവിടെ താമസിച്ചിരുന്നത്. കഅ്ബയുടെ സവിശേഷത മാറ്റിനിർത്തിയാൽ ത്വാഇഫ് മക്കയ്ക്ക് തുല്യമായിരുന്നു; വലിയ പ്രതാപശാലികളും സമ്പന്നരുമായ ആളുകൾ അവിടെ വസിച്ചിരുന്നു. ത്വാഇഫിന്റെ ഈ പ്രാധാന്യത്തെക്കുറിച്ച് മക്കക്കാർ തന്നെ ഇപ്രകാരം പറയാറുണ്ടായിരുന്നു (വിശുദ്ധ ഖുർആനിൽ ഇത് വന്നിട്ടുണ്ട്):

لَوْلَا نُزِّلَ هٰذَا الْقُرْاٰنُ عَلٰى رَجُلٍ مِّنَ الْقَرْيَتَيْنِ عَظِيْمٍ

'ഈ ഖുർആൻ അല്ലാഹുവിങ്കൽ നിന്നുള്ളതാണെങ്കിൽ അത് (മക്ക അല്ലെങ്കിൽ ത്വാഇഫ് എന്നീ) രണ്ട് നഗരങ്ങളിലെ ഏതെങ്കിലും പ്രമുഖനായ മനുഷ്യന്റെ മേൽ എന്തുകൊണ്ട് അവതരിപ്പിക്കപ്പെട്ടില്ല?'.

ഏതായാലും നുബുവ്വത്തിന്റെ പത്താം വർഷം ശവ്വാൽ മാസത്തിൽ നബി(സ) തനിച്ച് (ചില നിവേദനങ്ങൾ പ്രകാരം സൈദ് ബിൻ ഹാരിഥ്(റ)നോടൊപ്പം) ത്വാഇഫിലേക്ക് തിരിച്ചു. അവിടെ പത്തുദിവസം താമസിച്ച് നഗരത്തിലെ പ്രമുഖരുമായി നബി(സ) കൂടിക്കാഴ്ചകൾ നടത്തി; എന്നാൽ മക്കയെപ്പോലെ തന്നെ ത്വാഇഫിന്റെ വിധിയിലും അന്ന് ഇസ്‌ലാം സ്വീകരിക്കുക എന്നത് നിശ്ചയിക്കപ്പെട്ടിരുന്നില്ല. എല്ലാവരും നബി(സ)യുടെ ക്ഷണം നിരസിക്കുകയും പരിഹസിക്കുകയും ചെയ്തു.

ഒടുവിൽ ത്വാഇഫിലെ വലിയ പ്രമുഖനായ അബ്ദു യാലീലിന്റെ അടുക്കൽ ചെന്ന് നബി(സ) ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അദ്ദേഹവും അത് നിഷേധിച്ചു. പരിഹാസരൂപേണ അയാൾ ഇപ്രകാരം പറഞ്ഞു: താങ്കൾ സത്യവാനാണെങ്കിൽ താങ്കളോട് സംസാരിക്കാൻ എനിക്ക് അർഹതയില്ല, എന്നാൽ താങ്കൾ നുണയനാണെങ്കിൽ സംസാരിക്കുന്നത് ഫലശൂന്യവുമാണ്. നബി(സ)യുടെ വാക്കുകൾ നഗരത്തിലെ യുവാക്കളെ സ്വാധീനിക്കുമോ എന്ന് ഭയന്ന അയാൾ ഇപ്രകാരം കൂടി പറഞ്ഞു: താങ്കൾ ഇവിടെനിന്ന് പോകുന്നതാണ് ഉചിതം, കാരണം ഇവിടെ ആരും താങ്കൾ പറയുന്നത് കേൾക്കാൻ തയ്യാറല്ല.

അതിനുശേഷം ആ ദുർഭഗൻ (അബ്ദു യാലീൽ) നഗരത്തിലെ തെമ്മാടികളെ നബി(സ)യുടെ പിന്നാലെ വിട്ടു. നബി(സ) നഗരത്തിന് പുറത്തിറങ്ങിയപ്പോൾ അവർ ബഹളം വെച്ചുകൊണ്ട് നബി(സ)യെ പിന്തുടരുകയും കല്ലെറിയാൻ തുടങ്ങുകയും ചെയ്തു. ആ കല്ലേറിൽ നബി(സ)യുടെ ശരീരം ആപാദചൂഡം രക്തത്തിൽ കുളിച്ചു. ഏകദേശം മൂന്ന് മൈലോളം ദൂരം അവർ നബി(സ)യെ അസഭ്യം പറയുകയും കല്ലെറിയുകയും ചെയ്തുകൊണ്ട് പിന്തുടർന്നു.

**ത്വാഇഫിൽ നിന്ന് മൂന്ന് മൈൽ അകലെ മക്കയിലെ പ്രമുഖനായ ഉത്ബ ബിൻ റബീഅയുടെ ഒരു തോട്ടമുണ്ടായിരുന്നു; നബി(സ) അവിടെ അഭയം തേടുകയും ആ അക്രമികൾ തളർന്നു മടങ്ങുകയും ചെയ്തു. അവിടെ ഒരു തണലിൽ നിന്നുകൊണ്ട് നബി(സ) അല്ലാഹുവിന്റെ സന്നിധിയിൽ ഇപ്രകാരം പ്രാർത്ഥിച്ചു:**

اللّٰهُمَّ اِلَيْكَ اَشْكُوْ ضُعْفَ قُوَّتِيْ وَقِلَّةَ حِيْلَتِيْ وَهَوَانِيْ عَلَى النَّاسِ۔
اَللّٰهُمَّ يَا اَرْحَمَ الرَّاحِمِيْنَ اَنْتَ رَبُّ الْمُسْتَضْعَفِيْنَ وَاَنْتَ رَبِّيْ۔ الخ

എന്റെ നാഥാ! എന്റെ ബലഹീനതയെക്കുറിച്ചും ഉപായമില്ലായ്മയെക്കുറിച്ചും ജനങ്ങൾക്കിടയിൽ ഞാൻ നിസ്സാരനാക്കപ്പെട്ടതിനെക്കുറിച്ചും നിന്നോട് മാത്രം ഞാൻ സങ്കടം ബോധിപ്പിക്കുന്നു. എന്റെ നാഥാ! നീ ഏറ്റവും കരുണയുള്ളവനാണ്, ദുർബലരുടെയും നിരാലംബരുടെയും സംരക്ഷകൻ നീയാണ്, നീ തന്നെയാണ് എന്റെ പരിപാലകനും.

തുടർന്ന് ആ പ്രാർത്ഥനയിൽ നബി(സ) ഇപ്രകാരവും പറഞ്ഞു: ഞാൻ നിന്റെ മുഖപ്രകാശത്തിൽ അഭയം തേടുന്നു, കാരണം നീയാണ് അന്ധകാരങ്ങളെ അകറ്റുന്നവനും മനുഷ്യനെ ഇഹപര സൗഭാഗ്യങ്ങളുടെ അവകാശിയാക്കുന്നവനും.

**ഉത്ബയും ശൈബയും അന്ന് തോട്ടത്തിലുണ്ടായിരുന്നു; നബി(സ)യുടെ അവസ്ഥ കണ്ട് കുടുംബബന്ധത്തിന്റെയോ മറ്റോ പേരിൽ അവർ തങ്ങളുടെ അദ്ദാസ് എന്ന് പേരുള്ള ക്രിസ്ത്യൻ അടിമയുടെ കൈവശം ഒരു തളികയിൽ കുറച്ച് മുന്തിരി നബി(സ)ക്ക് കൊടുത്തയച്ചു. നബി(സ) അത് സ്വീകരിക്കുകയും അദ്ദാസിനോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു: 'നീ എവിടെ നിന്നുള്ളവനാണ്? ഏത് മതമാണ് പിന്തുടരുന്നത്?'.** താൻ നിനവയിൽ നിന്നുള്ളവനാണെന്നും ക്രിസ്ത്യാനിയാണെന്നും അയാൾ മറുപടി നൽകി. നബി(സ) ചോദിച്ചു: ദൈവത്തിന്റെ സച്ചരിതനായ ദാസൻ യൂനുസ് ബിൻ മത്തായുടെ അതേ നിനവയോ? അദ്ദാസ് അത്ഭുതത്തോടെ ചോദിച്ചു: അതെ, പക്ഷേ താങ്കൾക്ക് എങ്ങനെ യൂനുസിനെക്കുറിച്ച് അറിയാം? നബി(സ) പറഞ്ഞു: അദ്ദേഹം എന്റെ സഹോദരനാണ്, കാരണം അദ്ദേഹവും അല്ലാഹുവിന്റെ പ്രവാചകനായിരുന്നു, ഞാനും അല്ലാഹുവിന്റെ പ്രവാചകനാണ്. തുടർന്ന് നബി(സ) അദ്ദേഹത്തിന് ഇസ്‌ലാം പ്രബോധനം ചെയ്യുകയും അതിന്റെ സ്വാധീനത്താൽ **അദ്ദാസ് ആവേശപൂർവ്വം നബി(സ)യുടെ കൈകളിൽ ചുംബിക്കുകയും ചെയ്തു.**

ദൂരെ നിന്ന് ഇത് കണ്ടുകൊണ്ടിരുന്ന **ഉത്ബയും ശൈബയും അദ്ദാസ് മടങ്ങിവന്നപ്പോൾ ഇപ്രകാരം പറഞ്ഞു:**

• ഹദീഥുന്നബ്‌വി ﷺ •

**"അക്‌റിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

**അദ്ദാസ്! നിനക്ക് എന്തുപറ്റി? നീ എന്തിനാണ് ആ മനുഷ്യന്റെ കൈ ചുംബിച്ചത്?** അയാൾ നിന്റെ മതം നശിപ്പിക്കും, നിന്റെ മതമാണ് അയാളുടെ മതത്തേക്കാൾ ഉത്തമം. കുറച്ചുനേരം ആ തോട്ടത്തിൽ വിശ്രമിച്ച ശേഷം നബി(സ) അവിടെനിന്ന് പുറപ്പെട്ട് മക്കയിൽ നിന്ന് ഒരു ദിവസത്തെ ദൂരമുള്ള നഖ്‌ലയിൽ എത്തുകയും കുറച്ചുദിവസം അവിടെ താമസിക്കുകയും ചെയ്തു.

ത്വാഇഫ് യാത്രയിലെ താൽക്കാലിക പരാജയം കണ്ട് മക്കക്കാർ കൂടുതൽ അക്രമങ്ങൾ ചെയ്യുമെന്ന് നബി(സ)ന് ആശങ്കയുണ്ടായിരുന്നു. അതിനാൽ ഹിറ ഗുഹയിൽ വെച്ച് നബി(സ) മുത്ഇം ബിൻ അദിയോട് തനിക്ക് മക്കയിൽ പ്രവേശിക്കാൻ അഭയം നൽകുമോ എന്ന് ചോദിച്ചയച്ചു. മുത്ഇം ഒരു കാഫിറായിരുന്നുവെങ്കിലും മാന്യനായിരുന്നു; അഭയം ചോദിക്കുന്നവരെ നിരാകരിക്കുന്നത് അറബികളുടെ സ്വഭാവത്തിന് ചേർന്നതായിരുന്നില്ല. അദ്ദേഹം തന്റെ പുത്രന്മാരോടും ബന്ധുക്കളോടും ഒപ്പം ആയുധധാരിയായി കഅ്ബയ്ക്ക് സമീപം നിൽക്കുകയും നബി(സ)യോട് വരാൻ പറയുകയും ചെയ്തു. നബി(സ) വന്ന് കഅ്ബ ത്വവാഫ് ചെയ്യുകയും മുത്ഇമിന്റെയും മക്കളുടെയും വാളുകളുടെ സംരക്ഷണത്തിൽ വീട്ടിലേക്ക് പ്രവേശിക്കുകയും ചെയ്തു. വഴിയിൽ വെച്ച് അബൂജഹൽ മുത്ഇമിനോട് ചോദിച്ചു: أَمُجِيرٌ أَمْ تَابِعٌ നീ മുഹമ്മദിന് അഭയം നൽകിയതാണോ അതോ അയാളെ പിന്തുടരുന്നവനായോ?. താൻ അഭയം നൽകുക മാത്രമാണ് ചെയ്തതെന്ന് മുത്ഇം മറുപടി നൽകിയപ്പോൾ എങ്കിൽ വിരോധമില്ല എന്ന് അബൂജഹൽ പറഞ്ഞു. മുത്ഇം കുഫ്‌റിന്റെ അവസ്ഥയിൽ തന്നെയാണ് മരണപ്പെട്ടതെങ്കിലും നബി(സ)യോട് അദ്ദേഹം ഈയൊരു നന്മ ചെയ്തിട്ടുണ്ട്.

ഹദീസിൽ ഇപ്രകാരം വരുന്നു, ഒരിക്കൽ ഹദ്റത്ത് ആഇശ(റ) നബി(സ)യോട് ചോദിച്ചു: അങ്ങേക്ക് ഉഹ്ദ് യുദ്ധത്തേക്കാൾ കഠിനമായ വല്ല പ്രയാസങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ടോ? നബി(സ) പറഞ്ഞു: ആഇശാ! നിന്റെ ജനതയിൽ നിന്ന് എനിക്ക് അങ്ങേയറ്റം കഠിനമായ നിമിഷങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. തുടർന്ന് നബി(സ) ത്വാഇഫ് യാത്രയിലെ സംഭവങ്ങൾ വിവരിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: ആ യാത്രയിൽ നിന്ന് മടങ്ങുന്ന വഴി പർവ്വതങ്ങളുടെ മലക്ക് എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: അല്ലാഹു എന്നെ അങ്ങയുടെ അടുക്കൽ അയച്ചതാണ്; അവിടുന്ന് കൽപ്പിക്കുകയാണെങ്കിൽ ഈ രണ്ട് വശങ്ങളിലുമുള്ള പർവ്വതങ്ങൾ ഈ ജനതയുടെ മേൽ പതിപ്പിച്ച് അവരെ എനിക്ക് നശിപ്പിക്കാവുന്നതാണ്. അപ്പോൾ നബി(സ) പറഞ്ഞു: ഇല്ല, വേണ്ട! അല്ലാഹു, ഏകനായ ദൈവത്തെ ആരാധിക്കുന്ന ഒരു ജനതയെ ഇവരിൽ നിന്ന് തന്നെ ഉണ്ടാക്കിയെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. **ജനങ്ങളോടുള്ള അനുകമ്പയും അതോടൊപ്പം അവരുടെ വരുംതലമുറകൾ ഇസ്‌ലാം സ്വീകരിക്കുകയും തൗഹീദിൽ ഉറച്ചു നിൽക്കുകയും ചെയ്യുമെന്ന പൂർണ്ണമായ വിശ്വാസവുമാണ് നബി(സ)യെ ഇതിന് പ്രേരിപ്പിച്ചത്.**

തൗഹീദിന് വേണ്ടി നബി(സ) സഹിച്ച പ്രയാസങ്ങളെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് ഇപ്രകാരം വിവരിക്കുന്നു:

തൗഹീദ് പ്രചരിപ്പിച്ചു എന്ന കാരണത്താൽ ശത്രുക്കൾ നബി(സ)യെ എല്ലാവിധത്തിലും ദ്രോഹിച്ചു. നബി(സ) മർദ്ദിക്കപ്പെട്ടു, നബി(സ)യുടെ പിന്നാലെ നായ്ക്കളെയും കുട്ടികളെയും വിട്ടു. ഒരിക്കൽ നബി(സ) ത്വാഇഫിൽ പോയപ്പോൾ അവിടെയുള്ളവർ കഠിനമായി മർദ്ദിച്ചു, നബി(സ) തല മുതൽ പാദം വരെ രക്തത്തിൽ കുളിച്ചു. വേദന കാരണം നബി(സ) താഴെ വീഴുമായിരുന്നു, എന്നാൽ എഴുന്നേൽക്കുമ്പോൾ അവർ വീണ്ടും കല്ലെറിയും. ഈയൊരു അവസ്ഥയിലും നബി(സ)യുടെ നാവിൽ നിന്ന് പുറപ്പെട്ടത് ഇപ്രകാരമായിരുന്നു: **നാഥാ! ഈ ജനതയോട് പൊറുക്കേണമേ, കാരണം അവർ യാഥാർത്ഥ്യം അറിയാത്തവരാണ്.**

ഈ പ്രയാസകരമായ സാഹചര്യങ്ങളിലൂടെയെല്ലാം കടന്നുപോകുമ്പോഴും നബി(സ) തൗഹീദിന്റെ പ്രചരണം ഉപേക്ഷിച്ചില്ല. ശത്രുക്കൾ എന്ത് തന്നെ ചെയ്താലും തൗഹീദ് പ്രബോധനം ചെയ്യുന്നത് തനിക്ക് നിർത്താൻ കഴിയില്ലെന്ന് നബി(സ) പറഞ്ഞുകൊണ്ടിരുന്നു.

നബി(സ)യുടെ വഫാത്തിന്റെ സമയം അടുത്തപ്പോഴും ഇതേ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് നബി(സ) ലോകത്തോടു വിടപറഞ്ഞത്. അതായത്, നബി(സ)യുടെ പൂർണ്ണജീവിതം തൗഹീദിലധിഷ്ഠിതമായിരുന്നു. **എനിക്ക് ശേഷം നിങ്ങൾ ശിർക്ക് ചെയ്യരുത്** എന്ന് നബി(സ) പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'നബി(സ)യുടെ ജനന സമയത്ത് തന്നെ അല്ലാഹു തന്റെ തൗഹീദിന് തെളിവ് നൽകിയെന്നാണ് ഞാൻ കരുതുന്നത്. നബി(സ)യുടെ ജനനത്തിന് മുമ്പ് പിതാവിനെയും ജനനത്തിന് തൊട്ടുപിന്നാലെ മാതാവിനെയും മരണപ്പെടുത്തിയതിലൂടെ തന്റെ തൗഹീദിന്റെ തെളിവ് നൽകാനാണ് അല്ലാഹു ഉദ്ദേശിച്ചത്'. നബി(സ)യുടെ മാതാപിതാക്കളില്ലാത്ത ആ നിസ്സഹായാവസ്ഥയും പിന്നീട് കൈവരിച്ച മഹത്തായ വിജയങ്ങളും അല്ലാഹുവിന്റെ തൗഹീദിനുള്ള വലിയ തെളിവാണ്.

*(സീറത്തുന്നബി(സ), ഭാഗം 3, പേജ് 188).*

താൻ പ്രചരിപ്പിച്ച തൗഹീദിന്റെ ഉടമയായ അല്ലാഹു തന്നെയാണ് നബി(സ)യെ കുട്ടിക്കാലം മുതൽ അവസാനം വരെ പരിരക്ഷിച്ചത് എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. നബി(സ) അറബികളുടെ ചന്തകളിൽ പോയി പ്രബോധനം നടത്തിയിരുന്നതായും ചരിത്രത്തിൽ കാണാം. നബി(സ) തൗഹീദിന്റെ സ്ഥാപനത്തിനായി മക്കയിൽ വ്യക്തിഗതമായും കൂട്ടായും പ്രബോധനം നടത്തിയിരുന്നു; കൂടാതെ അറബികളുടെ ചന്തകളിൽ പോയി ഏകനായ അല്ലാഹുവിലേക്ക് വരാൻ ജനങ്ങളെ ആഹ്വാനം ചെയ്യുമായിരുന്നു.

മക്കയ്ക്ക് പുറത്തുള്ള വിവിധ സ്ഥലങ്ങളിൽ ജനങ്ങൾ ഒത്തുചേരുകയും കച്ചവടം നടത്തുകയും ചെയ്യുമായിരുന്നു. ഇവയെ അറബികളുടെ ചന്തകൾ എന്ന് വിളിച്ചിരുന്നു. ഉക്കാസ് (Ukaz), മജന്ന (Majannah), ദുൽ മജാസ് (DhulMajaz) എന്നിവയായിരുന്നു ഖുറൈശികളുടെ പ്രധാന ചന്തകൾ. ഇവയിൽ ഏറ്റവും വലിയ ചന്ത ഉക്കാസ് ആയിരുന്നു, ഇത് മക്കയിൽ നിന്ന് മൂന്ന് രാത്രികളുടെ യാത്രാദൂരത്തിലായിരുന്നു. ഉക്കാസിൽ ശവ്വാൽ മാസം മുഴുവൻ ജനങ്ങൾ താമസിക്കുമായിരുന്നു. പിന്നീട് അവർ മജന്നയിലേക്ക് നീങ്ങുമായിരുന്നു; ഇത് മക്കയിൽ നിന്ന് ഏതാനും മൈലുകൾ അകലെ മർറുദ്ദഹ്റാനിലായിരുന്നു. അവിടെ ദുൽഖഅദ് 20 വരെ താമസിച്ച ശേഷം അറഫയ്ക്ക് സമീപമുള്ള ദുൽ മജാസിലേക്ക് പോവുകയും ഹജ്ജ് ദിവസങ്ങൾ വരെ അവിടെ തുടരുകയും ചെയ്യുമായിരുന്നു. ഈ സ്ഥലങ്ങളിലെല്ലാം പോയി നബി(സ) പ്രബോധനം നടത്തുമായിരുന്നു.

ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു: നബി(സ) പത്ത് വർഷത്തോളം മക്കയിൽ താമസിച്ചു. ഹജ്ജ് ദിനങ്ങളിൽ നബി(സ) ഉക്കാസിലെയും മജന്നയിലെയും ചന്തകളിൽ പോവുകയും ജനങ്ങളുടെ താമസസ്ഥലങ്ങളിൽ ഓരോരുത്തരെയായി ചെന്ന് കണ്ട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യുമായിരുന്നു. നബി(സ) ഇപ്രകാരം ചോദിക്കുമായിരുന്നു: എന്റെ റബ്ബിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നതിൽ എനിക്ക് അഭയം നൽകാനും എന്നെ സഹായിക്കാനും ആരുണ്ട്? അതിന് പകരമായി അയാൾക്ക് സ്വർഗമുണ്ടായിരിക്കും.

*(അസ്സീറത്തുന്നബവിയ്യ ഇബ്നു കസീർ, രണ്ടാം ഭാഗം, പേജ് 194, ദാറുൽ മഅ്രിഫ ബെയ്റൂട്ട് 1976. ഇംതാഉൽ അസ്മാഅ്, എട്ടാം ഭാഗം, പേജ് 309, മക്തബ ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട്. ഫർഹംഗെ സീറത്ത്, പേജ് 205, 259)*

നബി(സ)യുടെ വാക്കുകൾ ആരെങ്കിലും സ്വീകരിക്കുന്നുണ്ടോ എന്ന് ഖുറൈശികൾ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഇത്രയേറെ എതിർപ്പുകളുണ്ടായിട്ടും നബി(സ) നിശ്ശബ്ദനാംകുകയോ പ്രബോധനം നിർത്തുകയോ ചെയ്തില്ല. അവിടുന്ന് ജനങ്ങളോട് നിരന്തരം ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: ജനങ്ങളേ, അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്ന് നിങ്ങൾ പറയുക, എന്നാൽ നിങ്ങൾ വിജയിക്കും.

*(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, ഭാഗം 5, പേജ് 499, മുസ്നദ് റബീഅ ബിൻ അബാദ്, ഹദീസ് 16119, ആലമുൽ കുതുബ് ബെയ്റൂട്ട് 1998).*

തൗഹീദിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനിടയിൽ സ്വന്തക്കാരിൽ നിന്നും അന്യരിൽ നിന്നും നബി(സ)ക്ക് ഒരുപോലെ കഷ്ടപ്പാടുകൾ നേരിടേണ്ടി വന്നു. പരസ്യമായി ആരാധനകൾ നിർവ്വഹിക്കാൻ പോലും നബി(സ)ക്ക് സാധിച്ചിരുന്നില്ല. എങ്കിലും നബി(സ) തന്റെ സന്ദേശം എത്തിച്ചുകൊണ്ടിരുന്നു. മുസ്‌ലിമായവരുടെ മേലും കഠിനമായ അക്രമങ്ങൾ നടന്നിരുന്നു.

നമസ്കാരവും ആരാധനകളും നിർവ്വഹിച്ചിരുന്നതിനെക്കുറിച്ച് ഒരു നിവേദനത്തിൽ ഇപ്രകാരം കാണാം:

നബി(സ)യും ഹദ്റത്ത് അലി(റ)യും മക്കയിലെ മലയിടുക്കുകളിൽ പോയി ജനങ്ങളിൽ നിന്ന് ഒളിച്ച് നമസ്കരിക്കുമായിരുന്നു; ദീർഘകാലം ഇത് തുടർന്നു. പിന്നീട് ഹദ്റത്ത് അബൂത്വാലിബ് ഇതറിയുകയും അവർ രണ്ടുപേരും നമസ്കരിക്കുന്നത് നേരിട്ട് കാണുകയും ചെയ്തു. അദ്ദേഹം നബി(സ)യോട് ചോദിച്ചു: എന്റെ സഹോദരപുത്രാ, നീ സ്വീകരിച്ചിരിക്കുന്ന ഈ മതം ഏതാണ്?. നബി(സ) മറുപടി നൽകി: പ്രിയപ്പെട്ട പിതൃവ്യാ! ഇത് അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടെയും അവന്റെ ദൂതന്മാരുടെയും നമ്മുടെ പിതാവായ ഇബ്രാഹീം നബി(അ) യുടെയും മതമാണ്. നബി(സ) തുടർന്നു: ഈ മതവുമായി അല്ലാഹു എന്നെ തന്റെ ദാസന്മാരിലേക്ക് പ്രവാചകനായി നിയോഗിച്ചിരിക്കുന്നു. എന്റെ ഉപദേശം കേൾക്കാനും ഹിദായത്തിലേക്ക് വരാനും ഏറ്റവും അർഹൻ താങ്കളാണ്. ഇത് സ്വീകരിക്കുന്നതിലും എന്നെ സഹായിക്കുന്നതിലും താങ്കളാണ് മുൻപന്തിയിൽ നിൽക്കേണ്ടത്.

അപ്പോൾ ഹദ്റത്ത് അബൂത്വാലിബ്


• ഹദീഥുന്നബ്‌വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഇപ്രകാരം പറഞ്ഞു: സഹോദരപുത്രാ, എന്റെ പിതാമഹന്മാരുടെ മതം എനിക്ക് ഉപേക്ഷിക്കാൻ കഴിയില്ല, എങ്കിലും ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം ശത്രുക്കളിൽ നിന്ന് നിനക്ക് യാതൊരു ദ്രോഹവും ഏൽക്കുകയില്ല. ഞാൻ നിന്നെ സഹായിക്കുക തന്നെ ചെയ്യും. തുടർന്ന് ഹദ്റത്ത് അബൂത്വാലിബ് തന്റെ മകനായ ഹദ്റത്ത് അലി(റ)യോട് ചോദിച്ചു: നീ ഏത് മതമാണ് സ്വീകരിച്ചിരിക്കുന്നത്?. **ഹദ്റത്ത് അലി(റ) മറുപടി നൽകി: ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും നബി(സ) കൊണ്ടുവന്ന കാര്യങ്ങൾ സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഞാൻ നബി(സ)യോടൊപ്പം അല്ലാഹുവിനെ നമസ്കരിക്കുകയും ചെയ്യുന്നു.** ഇത് കേട്ട ഹദ്റത്ത് അബൂത്വാലിബ് പറഞ്ഞു: **തീർച്ചയായും നബി(സ) നിന്നെ നന്മയിലേക്കാണ് ക്ഷണിക്കുന്നത്, അതിനാൽ നീ നബി(സ) യോടൊപ്പം തന്നെ നിലകൊള്ളുക.**

*(താരീഖുത്വബരി, ഒന്നാം ഭാഗം, പേജ് 539, ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട് 1987).*

തൗഹീദ് സ്വീകരിച്ചതിന്റെ പേരിൽ സ്വഹാബികൾക്കും വലിയ തോതിലുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു.

മക്കയിലെ ഖുറൈശികൾ തങ്ങളുടെ അധികാരവും നേതൃത്വവും ഉപയോഗിച്ച് നയതന്ത്രപരമായും ഭീഷണിയിലൂടെയും നബി(സ)യെ ഇസ്‌ലാം പ്രബോധനത്തിൽ നിന്ന് തടയാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതിനുപുറമെ, ഇസ്‌ലാം സ്വീകരിച്ചവരുടെ മേൽ അവർ അഴിച്ചുവിട്ട ക്രൂരതകളും അതിക്രമങ്ങളും വിവരിക്കാൻ വാക്കുകൾക്ക് സാധ്യമല്ല. എങ്കിലും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആ സംഭവങ്ങൾ ഏതൊരു മനുഷ്യനെയും വിറപ്പിക്കുന്നതാണ്.

**ഹദ്റത്ത് ബിലാൽ(റ)** നബി(സ)യിൽ വിശ്വസിച്ചപ്പോൾ അദ്ദേഹത്തിന് പലവിധത്തിലുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു. അദ്ദേഹത്തെ ക്രൂരമായി മർദ്ദിക്കുമ്പോഴെല്ലാം അദ്ദേഹം **അഹദ്, അഹദ് (ഏകൻ, ഏകൻ)** എന്ന് ഉരുവിട്ടുകൊണ്ടിരുന്നു. അവർ പറയുന്നതുപോലെ പറയാൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്പോൾ, നിങ്ങൾ പറയുന്ന കാര്യങ്ങൾ ശരിയായി ഉച്ചരിക്കാൻ എന്റെ നാവിന് സാധ്യമല്ല എന്നായിരുന്നു ഹദ്റത്ത് ബിലാൽ(റ) മറുപടി നൽകിയത്. മറ്റൊരു നിവേദനത്തിൽ പറയുന്നു: മുശ്രിക്കുകൾ അദ്ദേഹത്തെ ഉപദ്രവിക്കുകയും തങ്ങളുടെ പക്ഷത്തേക്ക് മാറ്റാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം **അല്ലാഹു, അല്ലാഹു** എന്ന് വിളിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് ബിലാൽ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ യജമാനന്മാർ അദ്ദേഹത്തെ പിടികൂടി നിലത്ത് കിടത്തുകയും അദ്ദേഹത്തിന്റെ മേൽ ചുട്ടുപഴുത്ത മണൽത്തരികളും പശുവിന്റെ തോലും ഇടുകയും ചെയ്യുമായിരുന്നു. നിന്റെ റബ്ബ് ലാത്തും ഉസ്സയുമാണ് എന്ന് അവർ പറയുമ്പോൾ അദ്ദേഹം **അഹദ്, അഹദ്** (ഏകൻ, ഏകൻ) എന്ന് മാത്രമാണ് ഉരുവിട്ടിരുന്നത്. ഈ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) അവിടെ വരികയും എത്ര കാലം നിങ്ങൾ ഈ മനുഷ്യനെ ദ്രവിക്കും? എന്ന് ചോദിക്കുകയും ചെയ്തു. തുടർന്ന് ഹദ്റത്ത് അബൂബക്കർ(റ) ഏഴ് ഔഖിയ (Oqyah) നൽകി ഹദ്റത്ത് ബിലാൽ(റ)നെ വാങ്ങി സ്വതന്ത്രനാക്കി. ഒരു ഔഖിയ എന്നാൽ 40 ദിർഹം ആണ്; അതായത് 280 ദിർഹം നൽകിയാണ് അദ്ദേഹത്തെ മോചിപ്പിച്ചത്.

*(അത്ത്വബഖാത്തുൽ കുബ്റാ ലിബ്നു സഅ്ദ്, മൂന്നാം ഭാഗം, പേജ് 175176, 'ബിലാൽ ബിൻ റബാഹ്', ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട് 1990. അസദുൽ ഗാബ, ഒന്നാം ഭാഗം, പേജ് 416. ശറഹുസ്സർഖാനി, 11ാം ഭാഗം, പേജ് 197).*

ഇവരെ കൂടാതെ ഹദ്റത്ത് സുമയ്യ(റ), ഹദ്റത്ത് അമ്മാർ ബിൻ യാസിർ(റ), ഹദ്റത്ത് ഖബ്ബാബ്(റ) തുടങ്ങി **നിരവധി അടിമകളും സ്വതന്ത്രരായ സ്ത്രീപുരുഷന്മാരും തൗഹീദിൽ വിശ്വസിച്ചതിന്റെ പേരിൽ മക്കയിലെ കാഫിറുകളുടെ ക്രൂരവും വേദനാജനകവുമായ മർദ്ദനങ്ങൾക്കിരയായി.** ദുർബലരായ മുസ്‌ലിംകളെ ഉപദ്രവിച്ചിരുന്നതുപോലെ തന്നെ നബി(സ)യുടെ പവിത്രമായ വ്യക്തിത്വവും അവരുടെ അക്രമങ്ങളിൽ നിന്ന് സുരക്ഷിതമായിരുന്നില്ല. യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ ദ്രോഹങ്ങളും വേദനകളും സഹിക്കേണ്ടി വന്നത് നബി(സ)ക്ക് തന്നെയാണ്.

ഏറ്റവും കൂടുതൽ സ്തുതിക്കപ്പെട്ടവൻ എന്നർത്ഥമുള്ള 'മുഹമ്മദ്' എന്ന നബി(സ)യുടെ പേരിനെ പരിഹസിച്ച് നഊദുബില്ലാഹ്, മുസമ്മം (Muzammam) (ഏറ്റവും കൂടുതൽ നിന്ദിക്കപ്പെട്ടവൻ) എന്ന് അവർ വിളിച്ചിരുന്നു. ആ നാട്ടിലെ ഏറ്റവും സത്യസന്ധനായ മനുഷ്യനെ അവർ കള്ളനെന്നും വ്യാജനെന്നും വിളിച്ചു. ആ ജനതയുടെ ഏറ്റവും വലിയ ഗുണകാംക്ഷിയെ അവർ വഞ്ചകനെന്നും അത്യാഗ്രഹിയെന്നും മുദ്രകുത്തി. സ്വന്തം യൗവനവും ആരോഗ്യവും രാപ്പകലുകളും ആ ജനതയുടെ ഹിദായത്തിനും പരിഷ്കരണത്തിനുമായി നീക്കിവെച്ച നബി(സ)യെ അവർ ഭ്രാന്തനെന്നും രോഗിയെന്നും വിളിച്ചു. ചിലപ്പോൾ നബി(സ)യുടെ കഴുത്തിൽ തുണിയിട്ട് ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമായിരുന്നു; മറ്റ് ചിലപ്പോൾ കല്ലെറിയുകയും അഴുക്കുകൾ വാരിയെറിയുകയും ചെയ്യുമായിരുനു.

ഉർവ്വ ബിൻ സുബൈർ(റ) നിവേദനം ചെയ്യുന്നു: ഞാൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ്(റ)നോട് മുശ്‌രിക്കീംകൾ നബി(സ)യോട് ചെയ്ത ഏറ്റവും മോശമായ പ്രവർത്തി ഏതാണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു:

ഒരിക്കൽ നബി(സ) മസ്ജിദുൽ ഹറാമിലെ ഹത്വീമിൽ (കഅ്ബയോട് ചേർന്നുള്ള ചെറിയ മതിൽ കെട്ടിയ സ്ഥലം) നമസ്കരിക്കുകയായിരുന്നു. അപ്പോൾ ഉഖ്ബ ബിൻ അബീ മുഈത്ത് വന്ന് തന്റെ തുണി നബി(സ)യുടെ കഴുത്തിൽ ഇട്ട് ശക്തിയായി ശ്വാസം മുട്ടിച്ചു. അപ്പോഴേക്കും ഹദ്റത്ത് അബൂബക്കർ(റ) ഓടിവരുകയും ഉഖ്ബയെ തള്ളിമാറ്റിക്കൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു:

اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ

'എന്റെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ നിങ്ങൾ ഒരാളെ കൊലപ്പെടുത്തുകയാണോ?'

*(സ്വഹീഹ് ബുഖാരി പരിഭാഷ, ഭാഗം 7, പേജ് 332, കിതാബു മനാഖിബിൽ അൻസാർ, ഹദീസ് 3856).*

യുദ്ധവേളകളിലും തൗഹീദിന് വേണ്ടി നബി(സ) എപ്പോഴും വലിയ അഭിമാനം പ്രകടിപ്പിച്ചിരുന്നതായി നമുക്ക് കാണാൻ സാധിക്കും.

ഉഹ്ദ് യുദ്ധത്തിലെ പ്രസിദ്ധമായ ഒരു സംഭവമാണിത്. അബൂ സുഫിയാൻ നബി(സ)യുടെയും ഹദ്റത്ത് അബൂബക്കർ(റ)ന്റെയും ഹദ്റത്ത് ഉമർ(റ)ന്റെയും പേരെടുത്തു വിളിച്ചുകൊണ്ട് ഇവരൊക്കെ എവിടെ? എന്ന് ചോദിച്ചപ്പോൾ, മറുപടി നൽകരുതെന്ന് നബി(സ) എല്ലാവരോടും കൽപ്പിച്ചു. കാരണം, അപ്പോഴത്തെ മുസ്‌ലിംകളുടെ ബലഹീനമായ അവസ്ഥയിൽ മറുപടി നൽകുന്നത് അവരെ അപകടത്തിലാക്കിയേക്കാം എന്നതിനാലാണ് നബി(സ) മൗനം പാലിക്കാൻ നിർദ്ദേശിച്ചത്. എന്നാൽ ഇതിനുശേഷം അബൂ സുഫിയാൻ أُعْلُ هُبَلُ (ഹുബൽ വിജയിക്കട്ടെ) എന്ന് വിളിച്ചുപറഞ്ഞപ്പോൾ നബി(സ) അത്യന്തം അസ്വസ്ഥനാവുകയും നിങ്ങൾ അവന് മറുപടി നൽകൂ എന്ന് കൽപ്പിക്കുകയും ചെയ്തു. അപ്പോൾ സ്വഹാബികൾ ചോദിച്ചു: 'ഞങ്ങൾ എന്ത് മറുപടിയാണ് നൽകേണ്ടത്?'. നബി(സ) പറയുന്നു: اَللّٰهُ اَعْلٰى وَ اَجَلُّ (അല്ലാഹു ഏറ്റവും ഉന്നതനും മഹാനുമാണ്) എന്ന് നിങ്ങൾ പറയുക'.

തുടർന്ന് അബൂ സുഫിയാൻ പറഞ്ഞു: لَنَا الْعُزّٰى وَلَا عُزّٰى لَكُمْ (ഞങ്ങൾക്ക് ഉസ്സയുണ്ട്, നിങ്ങൾക്ക് ഉസ്സയില്ല). അപ്പോഴും നബി(സ) പറയുന്നു: അയാൾക്ക് മറുപടി നൽകൂ. അവർ ചോദിച്ചു: ഞങ്ങൾ എന്താണ് പറയേണ്ടത്? നബി(സ) പറയുന്നു: اَللّٰهُ مَوْلَانَا وَلَا مَوْلٰى لَكُمْ (അല്ലാഹുവാണ് ഞങ്ങളുടെ സഹായി, നിങ്ങൾക്ക് ഒരു സഹായിയുമില്ല) എന്ന് പറയുക. അല്ലാഹുവിന്റെ അസ്തിത്വ ത്തെക്കുറിച്ചും തൗഹീദിനെക്കുറിച്ചും ചോദ്യം വന്നപ്പോൾ യാതൊരു അപകടത്തെയും നബി(സ) വകവെച്ചില്ല. ഇതാണ് തൗഹീദിനോടുള്ള നബി(സ)യുടെ അഭിമാനം. നബി(സ) സ്വഹാബികളോട് പറയുന്നു:

اَللّٰهُ اَعْلٰى وَ اَجَلُّ

അല്ലാഹു ഏറ്റവും ഉന്നതനും മഹാനുമാണ്. എന്ന് പറയുക, നിങ്ങൾ കള്ളം പറയുകയാണ്. ഹുബലിന്റെ പദവി ഉന്നതമല്ല. അല്ലാഹു ഏകനും പങ്കുകാരില്ലാത്തവനുമാണ്, അവനാണ് ആദരണീയനും അത്യുന്നതനും. *(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്വത്തു ഉഹ്ദ്, ഹദീസ് 4043).*

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കാം. ഇത് ആവർത്തിച്ച് വായിക്കേണ്ടതും കേൾക്കേണ്ടതുമാണ്. ഇതിൽ നിന്ന് തൗഹീദ് സ്ഥാപിക്കുന്ന കാര്യത്തിൽ നബി(സ)ന് ഉണ്ടായിരുന്ന സ്ഥാനമാഹാത്മ്യ ത്തെക്കുറിച്ചും അതെങ്ങനെയാണ് നമുക്ക് മാർഗ്ഗനിർദ്ദേശമാകുന്നതെ എന്നതിനെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകനെ (അവിടുത്തെ മേൽ ആയിരമായിരം സ്വലാത്തുകളും സലാമും ഉണ്ടാകട്ടെ) ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്; അദ്ദേഹം എത്ര ഉന്നത പദവിയുള്ള പ്രവാചകനാണ്! നബി(സ)യുടെ ഉന്നതമായ സ്ഥാനത്തിന്റെ പാരമ്യത കണ്ടെത്താൻ സാധ്യമല്ല, അവിടുത്തെ പരിശുദ്ധമായ സ്വാധീനത്തിന്റെ (താസീറെ ഖുദ്സി) അളവ് നിശ്ചയിക്കുക എന്നത് മനുഷ്യസാധ്യവുമല്ല. ഖേദകരമെന്നു പറയട്ടെ, അവിടുത്തെ പദവി തിരിച്ചറിയേണ്ടതുപോലെ തിരിച്ചറിയപ്പെട്ടില്ല. ലോകത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരുന്ന തൗഹീദിനെ വീണ്ടും ലോകത്തേക്ക് മടക്കിക്കൊണ്ടുവന്ന ഏക പോരാളിയാണ് നബി(സ). നബി(സ) അല്ലാഹുവിനെ അങ്ങേയറ്റം സ്നേഹിച്ചു, മനുഷ്യവർഗത്തോടുള്ള അനുകമ്പയിൽ നബി(സ)യുടെ ആത്മാവ് ഉരുകിത്തീർന്നു. അതിനാൽ നബി(സ)യുടെ ഹൃദയരഹസ്യങ്ങൾ അറിയുന്ന അല്ലാഹു, എല്ലാ പ്രവാചകന്മാരേക്കാളും മുൻഗാമികളേക്കാളും പിൻഗാമികളേക്കാളും നബി(സ)ക്ക് ശ്രേഷ്ഠത നൽകുകയും നബി(സ)യുടെ ആഗ്രഹങ്ങൾ അവിടുത്തെ ജീവിതകാലത്ത് തന്നെ നിറവേറ്റിക്കൊടുക്കുകയും ചെയ്തു.*

അല്ലാഹുവിനോടുള്ള സ്നേഹവും സൃഷ്ടികളോടുള്ള അനുകമ്പയും അതിന്റെ പാരമ്യത്തിലായിരുന്നു എന്നതാണ് ഇതിലെ സൗന്ദര്യം. ജനങ്ങൾ അല്ലാഹുവിലേക്ക് അടുക്കാനും തൗഹീദിൽ ഉറച്ചുനിൽക്കാനും അങ്ങനെ അവരുടെ ഇഹലോകവും പരലോകവും നന്നാക്കാനുമാണ് നബി(സ) ആഗ്രഹിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*സകലവിധ അനുഗ്രഹങ്ങളുടെയും ഉറവിടം നബി(സ)യാണ്. നബി(സ)യിൽ നിന്നുള്ള ആ അനുഗ്രഹം സ്വീകരിക്കാതെ ഏതെങ്കിലും ശ്രേഷ്ഠത തനിക്കുണ്ടെന്ന് ആരെങ്കിലും അവകാശപ്പെടുന്നുണ്ടെങ്കിൽ അവൻ മനുഷ്യനല്ല, മറിച്ച് ശൈത്താന്റെ സന്തതിയാണ്.*

*കാരണം ഓരോ ശ്രേഷ്ഠതയുടെയും താക്കോൽ നബി(സ)ക്ക് നൽകപ്പെട്ടിരിക്കുന്നു, ഓരോ ജ്ഞാനത്തിന്റെയും ഖജനാവ് നബി(സ)ക്ക് നൽകപ്പെട്ടിരിക്കുന്നു. നബി(സ)യിലൂടെ അത് ലഭിക്കാത്തവൻ നിത്യഭാഗ്യഹീനനാണ്. നമ്മളാര്, നമ്മുടെ യാഥാർത്ഥ്യമെന്ത്?*

***യഥാർത്ഥ തൗഹീദ് നാം ഈ നബി(സ)യിലൂടെയാണ് പ്രാപിച്ചതെന്നും ജീവിക്കുന്ന ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഈ പൂർണ്ണ പ്രവാചകനിലൂടെയും അവിടുത്തെ പ്രകാശത്തിലൂടെയാണ് നമുക്ക് ലഭിച്ചതെന്നും നാം സമ്മതിച്ചില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിക്കുന്ന വിധത്തിലുള്ള സംസാരത്തിന്റെയും സംബോധനയുടെയും (മുക്കാലമാത്ത് വ മുഖാത്വബാത്ത്) ബഹുമതി ഈ മഹാനായ നബി(സ) യിലൂടെയാണ് നമുക്ക് കൈവന്നത്. ആ ഹിദായത്തിന്റെ സൂര്യനിൽ നിന്നുള്ള രശ്മികൾ വെയിൽ പോലെ നമ്മുടെ മേൽ പതിക്കുന്നു; നബി(സ)ക്ക് അഭിമുഖമായി നിൽക്കുന്നിടത്തോളം കാലം മാത്രമേ നമുക്ക് പ്രകാശിതരായിരിക്കാൻ സാധിക്കൂ.***

ചുരുക്കത്തിൽ, **അല്ലാഹുവിലേക്ക് എത്തുന്നതിനും യഥാർത്ഥ തൗഹീദ് തിരിച്ചറിയുന്നതിനും ഇപ്പോൾ നബി (സ) മാത്രമാണ് ഏക മധ്യവർത്തി.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു:

*നബി(സ)യിൽ വിശ്വസിക്കാതിരിക്കുകയോ അല്ലെങ്കിൽ മതം ഉപേക്ഷിക്കുകയോ ചെയ്താലും തൗഹീദിൽ ഉറച്ചുനിൽക്കുകയും ദൈവത്തെ ഏകനായി കരുതുകയും ചെയ്താൽ മോക്ഷം പ്രാപിക്കാം എന്ന തെറ്റായ ചിന്തയിൽ കഴിയുന്നവർ യഥാർഥത്തിൽ തൗഹീദിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അജ്ഞരാണ്...*

*വെറുതെ ദൈവത്തെ ഏകനെന്ന് കരുതിയതുകൊണ്ട് മാത്രം മോക്ഷം ലഭിക്കില്ല. **മോക്ഷം രണ്ട് കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു: (1) ഒന്ന്, പൂർണ്ണമായ നിശ്ചയദാർഢ്യത്തോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വസിക്കുക. (2) രണ്ട്, അല്ലാഹുവിനോടുള്ള പൂർണ്ണമായ സ്നേഹം ഹൃദയത്തിൽ സ്ഥാപിതമാവുക.** അതിന്റെ ആധിപത്യവും എങ്ങനെയുള്ളതായിരിക്കണമെന്നാൽ, അല്ലാഹുവിനെ അനുസരിക്കുക എന്നത് തന്റെ ആത്മാവിന്റെ സൗഖ്യമായി മാറണം, അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന അവസ്ഥ വരണം. ആ സ്നേഹം മറ്റെല്ലാ സ്നേഹങ്ങളെയും തകർത്തു കളയണം. ഇതാണ് യഥാർത്ഥ തൗഹീദ്. നമ്മുടെ നേതാവും യജമാനനുമായ മുഹമ്മദ് നബി(സ)യെ പിന്തുടരുന്നതിലൂടെയല്ലാതെ ഇത് കൈവരിക്കാൻ കഴിയില്ല.*

എന്തുകൊണ്ടാണ് ഇത് നബി(സ) യെ പിന്തുടരാതെ ലഭിക്കാത്തത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് ഇപ്രകാരം മറുപടി നൽകുന്നു:

*ദൈവത്തിന്റെ അസ്തിത്വം അതീവ നിഗൂഢമാണ് (غَيْبُ الْغَيْبِ، وَرَاءُ الْوَرَاء). മനുഷ്യബുദ്ധിക്ക് സ്വന്തം ശക്തി കൊണ്ട് അത് കണ്ടെത്താനാവില്ല. കേവലമായ യുക്തികൾക്ക് ദൈവത്തിന്റെ അസ്തിത്വത്തിന്മേൽ അന്തിമമായ തെളിവ് നൽകാൻ കഴിയില്ല. പ്രപഞ്ചത്തിലെ നിർമിതികൾ കണ്ട് ഇതിനൊരു നിർമ്മാതാവ് ആവശ്യമാണെന്ന് തോന്നാൻ മാത്രമേ ബുദ്ധിക്ക് സാധിക്കൂ. എന്നാൽ ഒരു നിർമ്മാതാവിന്റെ ആവശ്യം തോന്നുന്നതും, ആ ദൈവം യഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട് എന്ന ഗോചരജ്ഞാനത്തിൽ (عين اليقين) എത്തുന്നതും വെവ്വേറ കാര്യങ്ങളാണ്.*

ഒരു നിർമ്മാതാവ് ഉണ്ടാകണം എന്ന് പറയുന്നത് മാത്രം മതിയാവില്ല. അവൻ ആരാണ്, അവൻ ജീവിക്കുന്ന ദൈവമാണോ എന്ന് തിരിച്ചറിയണമെങ്കിൽ നബിതിരുമേനി(സ)യുമായി ബന്ധം സ്ഥാപിക്കുക തന്നെ വേണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*ബുദ്ധിയുടെ വഴി അപൂർണ്ണവും സംശയാസ്പദവുമാണ്. അതിനാൽ കേവലമായ യുക്തിയിലൂടെ മാത്രം ദൈവത്തെ തിരിച്ചറിയാൻ ഒരു തത്ത്വശാസ്ത്രജ്ഞനും കഴിയില്ല. യുക്തിയിലൂടെ മാത്രം ദൈവത്തെ കണ്ടെത്താൻ ശ്രമിക്കുന്നവരിൽ ഭൂരിഭാഗവും ഒടുവിൽ നിരീശ്വരവാദികളായി മാറുകയാണ് ചെയ്യുന്നത്. ആകാശഭൂമികളിലെ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കുന്നത് അവർക്ക് യാതൊരു പ്രയോജനവും നൽകില്ല.*

ഇന്നത്തെ കാലത്ത് നാം കണ്ടുകൊണ്ടിരിക്കുന്നതും അതാണ്. മുസ്‌ലിംകളിൽ തന്നെയുള്ള വിദ്യാസമ്പന്നരായ പലരും നിരീശ്വരവാദികളായി മാറുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ അവർ നിഷേധിക്കുന്നു. **കാരണം നബി(സ)യുമായി ചേർന്നവരാണെങ്കിലും നബി(സ) നൽകിയ അധ്യാപനങ്ങളെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*അവർ ദൈവത്തിന്റെ പൂർണ്ണരായ ദാസന്മാരെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുന്നു. ലോകത്ത് ഗുണമൊന്നുമില്ലാത്തതും തങ്ങളുടെ ബുദ്ധിപരമായ ഗവേഷണത്തിലൂടെ ഒരു നിർമ്മാതാവിനെ സാക്ഷ്യപ്പെടുത്താത്തതുമായ ആയിരക്കണക്കിന് കാര്യങ്ങൾ ഉണ്ടെന്നും അതിനാൽ അവയൊക്കെ വ്യർത്ഥമാണെന്നുമാണ് അവരുടെ വാദം.*

ഒരു സ്രഷ്ടാവില്ല എന്നാണ് അവർ നൽകുന്ന തെളിവ്, എല്ലാ വസ്തുക്കളും ഉപകാരപ്രദമല്ല എന്നതാണ്. എന്നാൽ ഒരു സംഗതിക്ക് ഗുണമുണ്ടോ ഇല്ലയോ എന്ന് അവർക്ക് അറിവില്ല എന്നതാണ് യാഥാർത്ഥ്യം. അറിവില്ലായ്മ കാരണമാണ് അവർ ഇത്തരത്തിലുള്ള കാര്യങ്ങൾ പറയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*കഷ്ടം! ഒരു കാര്യത്തെക്കുറിച്ച് അറിവില്ല എന്നത് ആ കാര്യം നിലവിലില്ല എന്നതിന് തെളിവല്ലെന്ന് ഈ വിവരദോഷികൾ മനസ്സിലാക്കുന്നില്ല. ഇക്കാലത്ത് തങ്ങളെ വലിയ ബുദ്ധിജീവികളും തത്ത്വചിന്തകരുമായി കരുതുകയും ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുകയും ചെയ്യുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. അവർക്ക് ദൈവത്തിന്റെ അസ്തിത്വത്തിന്മേൽ ശക്തമായ ബുദ്ധിപരമായ തെളിവ് ലഭിച്ചിരുന്നുവെങ്കിൽ അവർ ദൈവത്തെ നിഷേധിക്കില്ലായിരുന്നു. തത്ത്വചിന്തകന്മാരുടെ വഞ്ചിയിൽ കയറി ഒരാൾക്കും സംശയത്തിന്റെ കൊടുങ്കാറ്റിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല, അവൻ മുങ്ങിപ്പോകുക തന്നെ ചെയ്യും; ഒരിക്കലും അവന് സ്വച്ഛമായ തൗഹീദ് ലഭിക്കുകയുമില്ല.*

നബി(സ) എന്ന മധ്യവർത്തിയില്ലാതെ തൗഹീദ് ലഭിക്കുമെന്നും അതിലൂടെ രക്ഷപ്പെടാമെന്നും കരുതുന്നത് എത്രമാത്രം തെറ്റാണെന്ന് ഇതിൽ നിന്ന് ചിന്തിക്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*അല്ലയോ വിവരദോഷികളേ! ദൈവത്തിന്റെ അസ്തിത്വത്തിൽ തന്നെ പൂർണ്ണമായ ഉറപ്പില്ലാത്തപ്പോൾ അല്ലാഹുവിന്റെ ഏകത്വത്തിൽ (തൗഹീദ്) എങ്ങനെ ഉറപ്പുണ്ടാകും? അതിനാൽ തൗഹീദിലുള്ള ഉറപ്പ് പ്രവാചകനിലൂടെ മാത്രമേ ലഭിക്കൂ എന്ന് നിങ്ങൾ തീർച്ചയായും മനസ്സിലാക്കുക. നമ്മുടെ നബി(സ) അറബികളിലെ നിരീശ്വരവാദികൾക്കും തെറ്റായ വിശ്വാസക്കാർക്കും ആയിരക്കണക്കിന് ആകാശീയ അടയാളങ്ങൾ കാണിച്ചുകൊടുത്ത് അവരെ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിപ്പിച്ചു. **ഇന്നും നബി(സ)യെ സത്യസന്ധമായും പൂർണ്ണമായും പിൻപറ്റുന്നവർ ആ അടയാളങ്ങൾ നിരീശ്വരവാദികളുടെ മുന്നിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു.***

ഇന്നും നമ്മൾ അടയാളങ്ങൾ സമർപ്പിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

***ജീവൽ ദൈവത്തിന്റെ സജീവമായ ശക്തികൾ മനുഷ്യൻ ദർശിക്കുന്നതുവരെ അവന്റെ ഹൃദയത്തിൽ നിന്ന് പിശാച് പുറത്തുപോവുകയില്ല; യഥാർത്ഥ തൗഹീദ് അവന്റെ ഹൃദയത്തിൽ പ്രവേശിക്കുകയുമില്ല. ദൈവത്തിന്റെ അസ്തിത്വത്തിൽ അവന് ദൃഢമായ വിശ്വാസം ഉണ്ടാവുകയുമില്ല. ഈ പരിശുദ്ധവും പൂർണ്ണവുമായ തൗഹീദ് നബി(സ)യിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ.***

*(ഹഖീഖത്തുൽ വഹി, റൂഹാനി ഖസാഇൻ വാല്യം 22, പേജ് 118,121).*

**അതുകൊണ്ട് ഈ യഥാർത്ഥ തൗഹീദിന് വേണ്ടിയാണ് നമ്മൾ പരിശ്രമിക്കുകയും അന്വേഷിക്കുകയും ചെയ്യേണ്ടത്. ഏതൊരു ത്യാഗത്തിനും നാം സജ്ജരാകുന്ന ആ നിലവാരത്തിലേക്ക് നമ്മുടെ ഈമാനിനെ ഉയർത്താൻ നാം ശ്രമിക്കണം. നബി(സ) യോടുള്ള യഥാർത്ഥ അനുരാഗം നമുക്കുള്ളിൽ ഉണ്ടാക്കണം.**

ഈ കാലഘട്ടത്തിൽ അല്ലാഹു തൗഹീദിന്റെ സ്ഥാപനത്തിനായി നബി(സ)യുടെ സത്യസന്ധനായ ദാസനെ നിയോഗിച്ചിരിക്കുകയാണ്. അതിനുവേണ്ടിയാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബൈഅത്ത് ചെയ്തിട്ടുള്ളത്. ഇതിന്റെ കടമ നിറവേറ്റുന്നവരായി മാറാൻ നാം കഠിനമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും വേണം.

**റമദാനിലെ ബാക്കിയുള്ള ഈ ദിനങ്ങളിൽ, പ്രത്യേകിച്ച് തൗഹീദിന്റെ സ്ഥാപനത്തിനും അതിന്റെ അഭിമാനത്തിനുമായി നാം മുൻപന്തിയിൽ ഉണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കണം.** അല്ലാഹു അതിന് നമുക്ക് തൗഫീഖ് നൽകുകയും നമ്മുടെ ബലഹീനതകൾ ദൂരീകരിക്കുകയും ചെയ്യട്ടെ.

കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ പറഞ്ഞതുപോലെ **മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും പ്രാർത്ഥിക്കുക. അവരും യഥാർത്ഥ തൗഹീദ് മനസ്സിലാക്കുന്നവരും അത് പ്രാവർത്തികമാക്കുന്നവരും ആയി മാറട്ടെ. എങ്കിൽ മാത്രമേ അവർക്ക് നിലനിൽപ്പുള്ളൂ. എങ്കിൽ മാത്രമേ അവർക്ക് ശത്രുക്കളുടെ ദജ്ജാലിയായ തന്ത്രങ്ങളിൽ നിന്ന് രക്ഷപ്പെടാനും സാധിക്കുകയുള്ളൂ. അല്ലാഹു അവർക്കും അതിന് തൗഫീഖ് നൽകട്ടെ.**

നമസ്കാരത്തിന് ശേഷം ഞാൻ ഇന്ന് ജമാഅത്തിന്റെ **മുബല്ലിഗ് ജനാബ് ദിക്റുല്ലാഹ് തായൂ അയൂബ് സാഹിബിന്റെ** ജനാസ ഗായിബ് നമസ്കാരം നിർവ്വഹിക്കുന്നതാണ്.

അദ്ദേഹം കഴിഞ്ഞ ദിവസം 80-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു.

നൈജീരിയ സ്വദേശിയായ ഇദ്ദേഹം 1965ൽ ഒരു സ്വപ്നദർശനത്തിന്റെ അടിസ്ഥാനത്തിലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. 1966ൽ ഘാനയിലെ മിഷനറി ട്രെയിനിംഗ് കോളേജിയിൽ ചേർന്നു. അവിടെ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1969 ൽ നൈജീരിയയിൽ തിരിച്ചെത്തി. ഒരു വർഷത്തെ സേവനത്തിന് ശേഷം 1970ൽ ശാഹിദ് ബിരുദത്തിനായി റബ്‌വയിലെ ജാമിഅ അഹ്മദിയ്യയിൽ ചേർന്നു. 1977ൽ അദ്ദേഹം മൗലവി ഫാസിൽ പരീക്ഷയും പാസായി. 1979ൽ ശാഹിദ് ബിരുദം നേടി. അതിനുശേഷം നൈജീരിയയിൽ വരികയും സേവനം ആരംഭിക്കുകയും വഫാത്ത് വരെ അവിടെ ത്തന്നെ തുടരുകയും ചെയ്തു. ഏകദേശം 47 വർഷത്തോളം സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. നൈജീരിയയിലെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന്

സേവനത്തിന് തൗഫീഖ് ലഭിച്ചു. നൈജീരിയയിൽ നായിബ് അമീറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ജേണലിസത്തിൽ ബിരുദാനന്തര ബിരുദവും അദ്ദേഹം നേടിയിരുന്നു. അതിനാൽ ആ മേഖലയിലും അദ്ദേഹം പ്രവർത്തിച്ചു. നൈജീരിയയിലെ ജാമിഅത്തുൽ മുബശ്ശിരീന്റെ പ്രിൻസിപ്പലായും അദ്ദേഹം നിയമിതനായി. ആദ്യം ആക്ടിങ് പ്രിൻസിപ്പലായും പിന്നീട് മൂന്ന് നാല് വർഷം സ്ഥിരം പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. മികച്ച കായികതാരവുമായിരുന്നു. കായിക വിനോദങ്ങളോട് വലിയ താല്പര്യമുണ്ടായിരുന്നു. എന്നാൽ കായിക വിനോദങ്ങളെ തന്റെ ആരാധനകൾക്ക് അദ്ദേഹം ഒരിക്കലും തടസ്സമാക്കിയില്ല. നല്ലൊരു എഴുത്തുകാരനും ഭാഷാപണ്ഡിതനും കവിയും കൂടിയായിരുന്നു.

വഫാത്ത് വേളയിൽ അദ്ദേഹത്തിന് ഭാര്യയും മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും ഉണ്ട്. അദ്ദേഹത്തിന്റെ ഏറ്റവും ഇളയ മകൻ അബ്ദുൽ മുജീബ് സാഹിബ് നിലവിൽ നൈജീരിയയിൽ മുബല്ലിഗായും റിവ്യൂ ഓഫ് റിലീജിയൻസ് നൈജീരിയയുടെ കോർഡിനേറ്ററായും സേവനമനുഷ്ഠിക്കുന്നു. അദ്ദേഹവും ഒരു വാഖിഫെ സിന്ദഗിയാണ്.

മിഷനറി ഇൻചാർജ് താഹിർ അദ്നാൻ സാഹിബ് പറയുന്നു: പരേതൻ അങ്ങേയറ്റം ഭയഭക്തിയും അനുസരണയും ജമാഅത്ത് സേവനത്തിന് എപ്പോഴും സന്നദ്ധനുമായ ഒരു വ്യക്തിത്വമായിരുന്നു. ഏകദേശം 20 വർഷത്തിലധികം അദ്ദേഹത്തെ അടുത്തറിയാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ടെന്നും ഈ കാലയളവിൽ അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവം, വിനയം, ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥയോടുമുള്ള അസാധാരണമായ വിശ്വസ്തതയും അൻസരണവും കണ്ടിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. ഞാൻ മിഷനറി ഇൻചാർജ് ആയപ്പോൾ പ്രായം കൊണ്ട് അദ്ദേഹം എന്നേക്കാൾ മുതിർന്ന ആളായിരുന്നുവെങ്കിലും പൂർണ്ണമായ വിശ്വസ്തതയോടും ഉത്തരവാദിത്തോടും അനുസരണയോടും കൂടി എന്റെ വാക്കുകൾ അദ്ദേഹം കേൾക്കുകയും അത് പ്രവർത്തിക്കുകയും ചെയ്തിരുന്നു.

മുറബ്ബി സിൽസില യൂസുഫ് ഖാലിദ് സാഹിബ് പറയുന്നു: പ്രിൻസിപ്പൽ എന്ന നിലയിൽ വിദ്യാർത്ഥികളുടെ ശിക്ഷണത്തിൽ അദ്ദേഹം അസാധാരണമായ ശ്രദ്ധ നൽകിയിരുന്നു. വിദ്യാർത്ഥികളിൽ ഉത്തരവാദിത്തബോധം വളർത്തുകയും ഏതൊരു കാര്യത്തിനും ഒഴികഴിവുകൾ പറയരുതെന്നും അദ്ദേഹം എപ്പോഴും ഉപദേശിക്കുകയും ചെയ്തിരുന്നു. കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കാൻ അദ്ദേഹം പ്രത്യേകം ഊന്നൽ നൽകിയിരുന്നു. പ്രായോഗിക പരിശീലനം നൽകാൻ അദ്ദേഹം വിദ്യാർത്ഥികളെ തബ്ലീഗിനു വേണ്ടി അയക്കാറുണ്ടായിരുന്നു. ഓരോ കാര്യത്തിലും അദ്ദേഹം എപ്പോഴും സ്വന്തം മാതൃക കാട്ടിക്കൊടുത്തു, അത് വിദ്യാർത്ഥികളുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു.

ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അദ്ദേഹം അങ്ങേയറ്റം ആത്മാർത്ഥതയും വിശ്വസ്തനും വിനീതനുമായ വ്യക്തിയായിരുന്നു.

അല്ലാഹു അദ്ദേഹത്തോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുകയും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

(അവ: അൽഫദ്ൽ ഇന്റർനാഷണൽ, 2026 ഏപ്രിൽ 4,)

വിവ: അബൂ അത്ത്വിയ

പേജ് 2ൽ നിന്ന്

മുബല്ലിഗുമാർ രാപ്പകൽ ഭേദമില്ലാതെ ഇസ്‌ലാമിന്റെ സന്ദേശം ലോകമെങ്ങും എത്തിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥശേഖരമായ റൂഹാനി ഖസാഇൻ, ഖലീഫമാരുടെ ജ്ഞാനശേഖരങ്ങൾ, മറ്റ് ജമാഅത്ത് സാഹിത്യങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം ഖിലാഫത്തിന്റെ കാലത്ത് ധ്രുതഗതിയിൽ മുന്നേറുന്നു. ഇവ ലോകത്തിലെ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നു. ഖാദിയാനിൽ നിന്ന് ആരംഭിച്ച പത്രങ്ങളുടെ മാതൃകയിൽ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ ഭാഷകളിൽ ജമാഅത്തിന്റെ പത്രങ്ങളും മാസികകളും നിരന്തരമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് **വസ്സിഅ് മകാനക** (നിന്റെ ഭവനത്തെ വിശാലമാക്കുക) എന്ന ഇൽഹാം ഉണ്ടായിരുന്നു. അതിനുശേഷം അല്ലാഹുവിന്റെ ഭവനങ്ങളും (മസ്ജിദ്) അവന്റെ പാവപ്പെട്ട ദാസന്മാർക്കുള്ള വീടുകളും നിർമ്മിക്കുന്ന പ്രക്രിയ ആരംഭിച്ചു. ലോകമെമ്പാടുമായി ഇന്ന് ആയിരക്കണക്കിന് മസ്ജിദുകളും നിർദ്ധനർക്കായി നൂറുകണക്കിന് വീടുകളും നിർമ്മിക്കപ്പെട്ടു കഴിഞ്ഞു.

ഇതുകൂടാതെ, ദുരിതമനുഭവിക്കുന്ന മനുഷ്യർക്കായി ആശുപത്രികൾ നിർമ്മിക്കുന്നതും പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്കൂളുകൾ സ്ഥാപിക്കുന്നതും ഖിലാഫത്തിന്റെ മധുരഫലങ്ങളിൽ ചിലതാണ്. ഇന്ന് ഹ്യൂമാനിറ്റി ഫസ്റ്റ് (Humanity First) എന്ന സന്നദ്ധ സംഘടനയിലൂടെ ലോകമെമ്പാടുമുള്ള ആവശ്യക്കാർക്കും പാവപ്പെട്ടവർക്കും സേവനങ്ങൾ നൽകുന്നതും പ്രകൃതിദുരന്ത വേളകളിൽ സഹായമെത്തിക്കുന്നതും തുടരുന്നു.

ഇത്തരം സേവനങ്ങളോടൊപ്പം തന്നെ ജമാഅത്തിന്റെ ആത്മീയ പുരോഗതിക്കായും ഖിലാഫത്ത് രാപ്പകൽ പരിശ്രമിക്കുന്നു. അഞ്ചുനേരത്തെ നമസ്കാരം, ദൈവസ്മരണ (ദിക്ർ ഇലാഹി), അർത്ഥമറിഞ്ഞുള്ള നമസ്കാരം, ദീനാ പഠന ക്ലാസുകളുടെ ക്രമീകരണം, പ്രാർത്ഥനകൾക്കായുള്ള ആഹ്വാനങ്ങൾ എന്നിവയെല്ലാം ഖിലാഫത്തിന്റെ തണലിൽ നടക്കുന്നു. എല്ലാറ്റിലുമുപരി ഓരോ അഹ്മദിയുമായും ഖലീഫയ്ക്കുള്ള വ്യക്തിപരമായ ബന്ധം എടുത്തുപറയേണ്ടതാണ്.

അവസാനമായി, ഖിലാഫത്തിന്റെ തണലിൽ ഇന്ന് അഹ്മദിയ്യ ജമാഅത്തിന് മാത്രം അവകാശപ്പെടാനാവുന്ന ആ ആഗോള ഐക്യത്തെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. അതായത്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) അവർകളുടെ വെള്ളിയാഴ്ച ഖുതുബകൾ സന്മാർഗത്തിന്റെ പ്രകാശ ഗോപുരങ്ങളാണ്. അതിലൂടെ ലോകമെമ്പാടുമുള്ള ജമാഅത്ത് ഒരേസമയം ഐക്യത്തിന്റെ ചരടിൽ കോർക്കപ്പെടുക മാത്രമല്ല, വലിയ തോതിലുള്ള ആത്മീയവും ഭൗതികവുമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു.

ഇന്ന് അഹ്മദിയ്യാ ഖിലാഫത്ത് ലോകത്തെ മുഴുവൻ ഈ ആഗോള ഐക്യത്തിലേക്ക് ക്ഷണിക്കുകയും ഭിന്നതകൾ മറന്ന് ഏകനായ ദൈവത്തിലേക്ക് മടങ്ങാൻ ലോകജനതകളെ ഉപദേശിക്കുകയും ചെയ്യുന്നു. ഏകനായ ദൈവത്തിലേക്ക് മടങ്ങുന്നതും മനുഷ്യർക്കിടയിൽ നീതി സ്ഥാപിക്കുന്നതും മാത്രമാണ് ലോകസമാധാനത്തിനുള്ള ഏക മാർഗ്ഗമെന്ന് ഖിലാഫത്ത് കൂടെക്കൂടെ ഓർമിപ്പിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) ലോകരാജ്യങ്ങൾക്കും അവരുടെ ഭരണാധികാരികൾക്കും ഈ യഥാർത്ഥ സമാധാനത്തിന്റെ സന്ദേശം രാപ്പകൽ എത്തിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ഖിലാത്തിന്റെ ഈ ജീവൽദായകമായ ശബ്ദം ലോകത്തിന്റെ ഹൃദയങ്ങളിൽ വേഗത്തിൽ സ്വാധീനം ചെലുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കാരണം, സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഏക കോട്ട ഈ ഖിലാഫത്ത് മാത്രമാകുന്നു. വബില്ലാഹി തൗഫീഖ്.

## ALISLAM .ORG

### ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

### • ഹദീഥുന്നബ്‌വി ﷺ •

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**

**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**

JAMA'ATH KARULAI, MALAPPURAM,KERALA.

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്**

## ദേശീയ ഇജ്തിമാഅ്

2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തി മായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.

അല്ലാഹു പരമാവധി ഖുദ്ദാം, അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്)

# ഖുത്വ്ബ ജുമുഅ

2026 മാർച്ച് 20, 1405 അമാൻ 20
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

## ഇഹലോകം നിങ്ങളുടെ എല്ലാമെല്ലാം ആകരുത്, മറിച്ച് ഇഹലോക നേട്ടങ്ങളിലെ യഥാർത്ഥ ഉദ്ദേശ്യം ദീനായിരിക്കണം. (ഹദ്റത്ത് മസീഹ് മൗഊദ്(അ))

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഈദ് ഖുതുബ ഞാൻ നിർവ്വഹിച്ചതാണ്, അതിനാൽ ഇപ്പോൾ ഒരു ഹ്രസ്വ ഖുതുബയാണ് ഞാൻ നൽകുന്നത്. അതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി ഞാൻ തെരഞ്ഞെടുത്തിട്ടുണ്ട്, അതിലേക്ക് നാം എപ്പോഴും ശ്രദ്ധ തിരിക്കേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**ഒരു മുഅ്മിന് ദുനിയാവുമായുള്ള ബന്ധങ്ങൾ എത്രത്തോളം വിപുലമാണോ, അത് അവന്റെ ഉന്നതമായ പദവികൾക്ക് കാരണമായിത്തീരുന്നു, കാരണം അവന്റെ ലക്ഷ്യം ദീനായിരിക്കും.**

ദുനിയാവിലെ വിപുലമായ ബന്ധങ്ങൾ ഗുണപ്രദമാകുന്നത് അവയുടെ ലക്ഷ്യം ദീനാകുമ്പോഴാണ്; അതായത് ദുനിയാവിന്റെ ബന്ധങ്ങളുടെ ഉദ്ദേശ്യം ദീനായിരിക്കണം, ഇതാണ് ഒരു മുഅ്മിനിന്റെ അടയാളം.

ദുനിയാവും അതിന്റെ സമ്പത്തും പദവിയും ദീനിന്റെ സേവകരാണ്. അതിനാൽ **ഇഹലോകം നിങ്ങളുടെ എല്ലാമെല്ലാം ആകരുത്, മറിച്ച് ഇഹലോക നേട്ടങ്ങളിലെ യഥാർത്ഥ ഉദ്ദേശ്യം ദീനായിരിക്കണം.**

**ദുനിയാവ് സമ്പാദിക്കുമ്പോഴും തങ്ങളുടെ ദീൻ മെച്ചപ്പെടണം എന്നതായിരിക്കണം ലക്ഷ്യം; ദീനിനെ സേവിക്കണം എന്ന ഉദ്ദേശ്യമായിരിക്കണം.**

ദുനിയാവ് സമ്പാദിക്കേണ്ടത് തെറ്റായ കാര്യങ്ങൾ ചെയ്ത് അവനവന്റെ ഇഹലോകവും പരലോകവും നശിപ്പിക്കാനല്ല, മറിച്ച് തന്റെ പരലോകം നന്നാക്കാനും ദീൻ നന്നാക്കാനുമായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **ദുനിയാവിനെ ദീനിന്റെ സേവകനാക്കി മാറ്റുന്ന വിധത്തിൽ വേണം അത് നേടാൻ. ഒരാൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പോകുന്നതിനായി യാത്രയ്ക്ക് വാഹനവും ഭക്ഷണവും (പാഥേയം) കൂടെക്കരുതുന്നത് പോലെയാണത്. അവിടെ അയാളുടെ യഥാർത്ഥ ലക്ഷ്യം ലക്ഷ്യസ്ഥാനത്ത് എത്തുക എന്നതായിരിക്കും, അല്ലാതെ വാഹനമോ യാത്രാവശ്യങ്ങളോ ആയിരിക്കില്ല.**

യാത്ര സുഗമമാക്കാൻ നാം കൂടെക്കരുതുന്ന ഈ കാര്യങ്ങളുടെയെല്ലാം ഉദ്ദേശ്യം യാത്ര സുഖകരമായി പൂർത്തിയാക്കി ലക്ഷ്യസ്ഥാനത്ത് എത്തുക എന്നതാണ്, അല്ലാതെ യാത്രയ്ക്കിടയിൽ അവ ആസ്വദിക്കുക എന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതേപോലെ മനുഷ്യൻ ദുനിയാവ് സമ്പാദിക്കട്ടെ, പക്ഷേ അതിനെ ദീനിന്റെ സേവകനായി കരുതിക്കൊണ്ട് വേണം.

അല്ലാഹു നമുക്ക് ഇപ്രകാരം പ്രാർത്ഥിക്കാൻ പഠിപ്പിച്ചു തന്നിട്ടുണ്ട്:

رَبَّنَا اٰتِنَا فِي الدُّنْيَا حَسَنَةً وَّفِي الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ

'ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹലോകത്ത് നന്മ (ഹസനത്ത്) നൽകേണമേ, പരലോകത്തും നന്മ നൽകേണമേ, ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാത്തുരക്ഷിക്കേണമേ.' (അൽബഖറ: 202)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***അല്ലാഹു ഈ പ്രാർത്ഥന പഠിപ്പിച്ചപ്പോൾ ദുനിയാവിനെ ആദ്യം പറഞ്ഞു. പക്ഷേ ഏത് ദുനിയാവിനെ? ആദ്യം ദുനിയാവ് വെച്ചത് എന്തുകൊണ്ടാണ്? ഏത് ദുനിയാവിനെയാണ് വെച്ചിട്ടുള്ളത്? പരലോകത്ത് നന്മകൾക്ക് (ഹസനാത്ത്) കാരണമായിത്തീരുന്ന ഐഹിക നന്മയെയാണ് ഹസനത്തുദ്ദുനിയാ.*** (മൽഫൂസാത്ത് ഭാഗം:2, പേജ്: 91,92 എഡിഷൻ 1984)

പരലോകത്ത് ഉപകാരപ്പെടുന്നതും പരലോകത്തെ നന്മകൾക്ക് കാരണമാകുന്നതുമായ അത്തരം ഐഹിക നേട്ടങ്ങൾ നമുക്ക് ലഭിക്കണം; **അല്ലാതെ അത് പരലോകത്ത് അപമാനം നേരിടേണ്ടി വരുന്ന കാര്യങ്ങളാവരുത്.** നമ്മൾ പൂർണ്ണമായും ദുനിയാവിലേക്ക് മാത്രം ആഴ്ന്നിറങ്ങുമ്പോൾ നമുക്ക് അപമാനം നേരിടേണ്ടി വരും.

ഇന്ന് ലോകം പൊതുവെ സ്വന്തം ലക്ഷ്യങ്ങൾക്കും താല്പര്യങ്ങൾക്കും പിന്നാലെ പോവുകയാണ്, വ്യക്തിപരമായ താല്പര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്. രാഷ്ട്രങ്ങളെ നോക്കിയാൽ അവർക്ക് സ്വന്തം രാജ്യത്തെക്കുറിച്ച് മാത്രമേ ചിന്തയുള്ളൂ, മനുഷ്യത്വത്തെക്കുറിച്ചല്ല. ഇതിലൂടെ അവർ സ്വന്തം നാശത്തിനുള്ള വഴികളാണ് ഒരുക്കുന്നത്.

ഇത്തരം സാഹചര്യങ്ങളിൽ ഇഹലോകത്തെയും പരലോകത്തെയും നന്മകൾക്കായി അല്ലാഹുവിലേക്ക് തിരിയാൻ നാം ശ്രദ്ധിക്കണം. നമ്മുടെ ഇഹലോകവും പരലോകവും നന്നാക്കാനും എല്ലാവിധ ആപത്തുകളിൽ നിന്നും സംരക്ഷിക്കപ്പെടാനും നാം ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്.

ലോകം നാശത്തിന്റെ ഗർത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു നമ്മെ അതിൽ നിന്ന് കാത്തുരക്ഷിക്കട്ടെ. നമ്മുടെ പ്രവൃത്തികൾ നന്നാക്കാനും ഖുതുബയിൽ പറഞ്ഞതുപോലെ പ്രാർത്ഥനകൾ ചെയ്യാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

യഥാർത്ഥത്തിൽ ഈ നന്മകൾ കൈവരിക്കാനും ഉത്തമമായ പ്രാർത്ഥനകൾ നിർവ്വഹിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുകയും അവ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

(അവ: അൽഫദ്‌ല് ഇന്റർനാഷണൽ, 2026 ഏപ്രിൽ 10, പേജ് 2)

വിവ: അബൂഅത്തിയ

### ലജ്ന ഇമാഇല്ലാഹ് ഭാരത് ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗ്രഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

### • ഹദീഥുന്നബ്‌വി ﷺ •

മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)




ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091


• ഹദീഥുന്നബ്‌വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

## ഖുത്വ്ബ ജുമുഅ

2026 മാർച്ച് 27, 1405 അമാൻ 27
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തിരുനബി ചരിത്രത്തിലെ അല്ലാഹുവിന്റെ ഏകത്വത്തിലുള്ള അഗാധമായ അനുരാഗത്തിന്റെ ഈമാൻ വർദ്ധിപ്പിക്കുന്ന സ്മരണകളും, മിഡിൽ ഈസ്റ്റിലെ യുദ്ധസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രാർത്ഥനാ ആഹ്വാനവും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**തിരുനബി(സ)യുടെ സീറത്തുമായി ബന്ധപ്പെട്ട് തൗഹീദിനെക്കുറിച്ചുള്ള പരാമർശമായിരുന്നു നടന്നുകൊണ്ടിരുന്നത്.**

മക്കാ വിജയസമയത്ത് വിഗ്രഹങ്ങൾ തകർത്തതിന്റെ വിശദാംശങ്ങൾ കഴിഞ്ഞ ഖുതുബകളിൽ വിവരിക്കുകയുണ്ടായി. നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളുടെ അവസ്ഥ ഇതാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുന്നതിനായാണ് തിരുനബി(സ) ഇതെല്ലാം ചെയ്തത്.

അങ്ങനെ മക്കയുടെ ചുറ്റുമുള്ള മുശ്രിക്കുകളുടെ പ്രധാന വിഗ്രഹങ്ങളായ മനാത്ത്, ഉസ്സ, സുവാഅ് തുടങ്ങിയവയെല്ലാം തകർക്കപ്പെട്ടതായി നാം കണ്ടു. ഇതുമായി ബന്ധപ്പെട്ട്

**ത്വാഇഫുകാരുടെ വിഗ്രഹമായ ലാത്തയെക്കുറിച്ചുള്ള ഒരു നിവേദനം** ഇപ്രകാരമാണ്:

ത്വാഇഫുകാർ തങ്ങളുടെ വിഗ്രഹമായ ലാത്തയെ (അവർ അതിനെ **റബ്ബ അഥവാ ദേവി** എന്നാണ് വിളിച്ചിരുന്നത്) കുറിച്ച് തിരുനബി(സ)യുടെ സന്നിധിയിൽ, മൂന്ന് വർഷത്തേക്ക് അതിനെ തകർക്കരുത് എന്ന് അപേക്ഷിച്ചു. എന്നാൽ തിരുനബി(സ)യുടെ തൗഹീദിനോടുള്ള അഭിനിവേശം ഇത്തരം വിട്ടുവീഴ്ചകൾ സ്വീകരിക്കാൻ അനുവദിച്ചില്ല. തുടർന്ന് ഒരു വർഷമെങ്കിലും അതിനെ തകർക്കാതിരിക്കണമെന്ന് അവർ വീണ്ടും അപേക്ഷിച്ചെങ്കിലും തിരുനബി(സ) അത് നിരസിച്ചു. ഒടുവിൽ, ആളുകൾ ഇസ്‌ലാമിലേക്ക് കടന്നുവരുന്നതിനും വിവരമില്ലാത്തവരും സ്ത്രീകളും ഇതിന്റെ പേരിൽ ഇസ്‌ലാമിൽ നിന്ന് അകന്നുപോകാതിരിക്കാനുമായി ഒരു മാസമെങ്കിലും സമയം നൽകണമെന്ന് അവർ ചോദിച്ചു. പക്ഷേ തിരുനബി(സ) അതിനും അനുവാദം നൽകിയില്ല. പകരം ഹദ്റത്ത് അബൂസുഫിയാൻ(റ)നെയും ഹദ്റത്ത് മുഗീറത്തുബ്നു ശുഅ്ബ(റ)യെയും അയച്ച് ആ വിഗ്രഹം തകർപ്പിച്ചു.

**ഒരു ഇസ്‌ലാമിക ഭരണം നിലവിൽ വന്ന സാഹചര്യത്തിൽ, യാതൊരു കാരണവശാലും ഈ വിഗ്രഹങ്ങൾ നിലനിർത്തുന്നത് തിരുനബി(സ)യുടെ തൗഹീദിനോടുള്ള പ്രതിബദ്ധത അനുവദിച്ചിരുന്നില്ല.** *(അസ്സീറത്തുൽ ഹലബിയ്യ, വാല്യം 3, പേജ് 304,305)*

അബുൽ ഹയ്യാജ് അസദിയിൽ നിന്നുള്ള നിവേദനം ഇപ്രകാരമാണ്: ഹദ്റത്ത് അലി ബിൻ അബി ത്വാലിബ്(റ) എന്നോട് ചോദിച്ചു:

റസൂലുല്ലാഹി(സ) എന്നെ ഏൽപ്പിച്ച അതേ ദൗത്യത്തിനായി ഞാൻ നിന്നെ നിയോഗിക്കട്ടെ? അതായത്, ഒരു വിഗ്രഹത്തെയും നീ മായ്ച്ചു കളയാതെ വിടരുത്, ഉയർന്നു നിൽക്കുന്ന ഒരു ഖബറിനെയും നീ നിരപ്പാക്കാതെ വിടരുത്. *(സ്വഹീഹ് മുസ്‌ലിം, വാല്യം 4, പേജ് 133, കിതാബുൽ ജനാഇസ്)*

എന്തുകൊണ്ടാണിത്? കാരണം ഇവ തൗഹീദിന് വിരുദ്ധമായ കാര്യങ്ങളാണ്, ഒരു ഇസ്‌ലാമിക ഭരണത്തിൽ ഇത് ഒരുതരത്തിലും വെച്ചുപൊറുപ്പിക്കാനാവില്ല. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഇന്ന് മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ഖബറുകളെ പൂജിക്കുകയും പ്രണമിക്കുകയും ചെയ്യുന്നു. അല്ലാഹുവിനോട് ചോദിക്കുന്നതിന് പകരം ഖബറുകളിൽ അടക്കം ചെയ്യപ്പെട്ട മഹാന്മാരോട് ചോദിക്കുകയും ഇക്കാര്യത്തിൽ അങ്ങേയറ്റത്തെ അതിരുകടന്ന നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നു.

**തൗഹീദ് സ്ഥാപിക്കുന്നതിനായി തിരുനബി(സ) മക്കയിലെ മുശ്രിക്കുകളെപ്പോലെയുള്ള ശക്തമായ ഒരു ജനതയോട് പോരാടുകയും ഒടുവിൽ കഅബയെ മുന്നൂറ്റി അറുപത് വിഗ്രഹങ്ങളിൽ നിന്ന് ശുദ്ധീകരിക്കുകയും ചെയ്തു എന്നതിൽ സംശയമില്ല. അതോടൊപ്പം തന്നെ, ഇസ്‌ലാം സ്വീകരിച്ചവരുടെ ഹൃദയങ്ങളിൽ തൗഹീദ് ഉറപ്പിക്കുന്നതിനായി തിരുനബി(സ) അനുഗൃഹീതമായ ഒരു മഹത്തായ ജിഹാദ് നിർവ്വഹിക്കുകയും തന്റെ ആത്മീയ ശക്തിയാൽ തൗഹീദിനെ സ്നേഹിക്കുന്ന ഒരു ജമാഅത്തിനെ വാർത്തെടുക്കുകയും ചെയ്തു.**

തിരുനബി(സ) തന്റെ സ്വഹാബികൾക്ക്(റ) അത്രമാത്രം സൂക്ഷ്മവും ഉത്തമവുമായ രീതിയിൽ ശിക്ഷണം നൽകി. അതിന്റെ ഫലമായി ആരുടെയും ചിന്തയിൽ പോലും ശിർക്കിന്റെ നിഴൽപോലും കടന്നുകൂടിയില്ല. അതിനായി സ്വഹാബികൾ(റ) തിരുനബി(സ)യെ പ്രകീർത്തിക്കുന്നതിൽ അതിരുകടക്കുന്നതിനെ അവിടുന്ന് വിലക്കിയിരുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: ഹദ്റത്ത് ഉമർ(റ) മിമ്പറിൽ വെച്ച് ഇപ്രകാരം പറയുന്നത് അദ്ദേഹം കേട്ടു: നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; നസാറാക്കൾ (ക്രൈസ്തവർ) മർയമിന്റെ മകനെ പ്രകീർത്തിക്കുന്നതിൽ അതിരുകടന്നതുപോലെ എന്നെ പ്രകീർത്തിക്കുന്നതിൽ നിങ്ങൾ അതിരുകടക്കരുത്. ഞാൻ അല്ലാഹുവിന്റെ ഒരു ദാസൻ മാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ റസൂലെന്നും നിങ്ങൾ പറയുക. (സ്വഹീഹ് ബുഖാരി, കിതാബു അഹാദീസുൽ അൻബിയാ, ഹദീസ് നമ്പർ: 3445)

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: തിരുനബി(സ) ഹദ്റത്ത് ഉമർ ബിൻ ഖത്താബി(റ)നെ കണ്ടുമുട്ടി. അദ്ദേഹം ഒരു സംഘത്തോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. അന്ന് അദ്ദേഹം തന്റെ പിതാവിന്റെ നാമത്തിൽ സത്യം ചെയ്യുകയായിരുന്നു. അപ്പോൾ തിരുനബി(സ) ഇപ്രകാരം പറഞ്ഞു:

**ശ്രദ്ധിക്കുക! നിങ്ങളുടെ പിതാക്കളുടെയോ പൂർവ്വികരുടെയോ നാമത്തിൽ സത്യം ചെയ്യുന്നത് അല്ലാഹു നിങ്ങളെ വിലക്കിയിരിക്കുന്നു. ആരെങ്കിലും സത്യം ചെയ്യുന്നുണ്ടെങ്കിൽ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്യട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.** *(സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ വൽ നുദൂർ, ഹദീസ് നമ്പർ: 6646)*

അല്ലാഹുവിന്റെ തൗഹീദിന് വിരുദ്ധമായി ചെറിയൊരു കാര്യത്തെപ്പോലും പ്രതിഷ്ഠിക്കുന്നത് തിരുനബി(സ)ക്ക് അസഹനീയമായിരുന്നു.

തൗഹീദിന്റെ കലിമ ചൊല്ലുന്നവന്റെ പദവിയെക്കുറിച്ച് ഒരു നിവേദനം ഇപ്രകാരമാണ്: ഉബൈദുല്ലാഹിബ്നു അദിയ്യ് ഇബ്നു ഖിയാർ(റ) പറയുന്നു: ബദ്റിൽ പങ്കെടുത്ത പ്രമുഖനായ സ്വഹാബി ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ് കിന്ദി(റ) തിരുനബി(സ)യോട് ഇപ്രകാരം ചോദിച്ചു: യാ റസൂലല്ലാഹ്(സ), ഞാൻ യുദ്ധക്കളത്തിൽ വെച്ച് ഒരു കാഫിറുമായി ഏറ്റുമുട്ടുകയും അയാൾ എന്റെ കൈകളിൽ ഒന്ന് വാളുകൊണ്ട് വെട്ടിമാറ്റുകയും ചെയ്തു എന്ന് കരുതുക. തുടർന്ന് അയാൾ ഒരു മരത്തിന്റെ മറവിൽ ഒളിച്ചുകൊണ്ട് ഞാൻ അല്ലാഹുവിന് വേണ്ടി മുസ്‌ലിമായിരിക്കുന്നു (അഥവാ കലിമ ചൊല്ലി) എന്ന് പറഞ്ഞാൽ, ആ വാക്ക് പറഞ്ഞതിന് ശേഷം എനിക്ക് അയാളെ വധിക്കാമോ?

തിരുനബി(സ) പറഞ്ഞു: നീ അയാളെ വധിക്കരുത്. ഹദ്റത്ത് മിഖ്ദാദ്(റ) വീണ്ടും ചോദിച്ചു: യാ റസൂലല്ലാഹ്(സ), അയാൾ എന്റെ കൈ വെട്ടിമാറ്റിയതിന് ശേഷമാണല്ലോ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നത്.

തിരുനബി(സ) പറഞ്ഞു:

**‘നീ അയാളെ വധിക്കരുത്. നീ അയാളെ വധിക്കുകയാണെങ്കിൽ, ആ കലിമ ചൊല്ലുന്നതിന് മുമ്പ് അയാൾ ഏത് തലത്തിലായിരുന്നോ ആ തലത്തിലായിരിക്കും നീ. അയാളെ കൊല്ലുന്നതിന് മുമ്പ് നിനക്ക് എന്ത് പദവിയുണ്ടായിരുന്നോ അത് അയാൾക്കും ലഭിക്കും.’**

*(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ഹദീസ് നമ്പർ: 4019)*

ആദ്യകാല സ്വഹാബികൾ പോലും ഇത്തരത്തിലുള്ള എന്തെങ്കിലും പ്രവർത്തി ചെയ്താൽ തിരുനബി(സ) അതിനെ കഠിനമായി വെറുത്തിരുന്നു. എന്നാൽ ഇന്നത്തെ പണ്ഡിതന്മാരുടെ അവസ്ഥ നോക്കൂ.

പാകിസ്ഥാനിൽ അഹ്മദികൾ കലിമ ചൊല്ലുന്നവരായിട്ടും അവർ അനുഭവിക്കേണ്ടി വരുന്ന അതിക്രമങ്ങൾക്ക് ഒരതിരുമില്ല. അക്രമം പ്രവർത്തിക്കുന്ന ഈ ആളുകളെക്കുറിച്ചുള്ള വിധി തിരുനബി(സ) ഈ നിവേദനത്തിലൂടെ പ്രസ്താവിച്ചിട്ടുണ്ട്. എന്തായാലും, ഈ തീവ്രവാദി മൗലവിമാരുടെ പിന്നാലെ പോകുന്നവർ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതുണ്ട്.

തുടർന്ന് ഇതുമായി ബന്ധപ്പെട്ട മറ്റൊരു നിവേദനം ഇപ്രകാരമാണ്: ഹദ്റത്ത് ഉസാമ ബിൻ സൈദ്(റ) നിവേദനം ചെയ്യുന്നു; റസൂലുല്ലാഹ്(സ) ഞങ്ങളെ ഒരു ദൗത്യത്തിനായി അയച്ചു. പുലർച്ചെ ഞങ്ങൾ ജുഹൈന ഗോത്രത്തിലെ ഹുറുഖാത്തിൽ എത്തിച്ചേർന്നു. അവിടെവെച്ച് ഞാൻ ഒരാളെ പിടികൂടി. അയാൾ **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് വിളിച്ചുപറഞ്ഞു. എന്നിട്ടും ഞാൻ അയാളെ കുന്തം കൊണ്ട് കുത്തിവീഴ്ത്തി. പിന്നീട് **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് പറഞ്ഞിട്ടും അയാളെ കൊന്നല്ലോ എന്നോർത്ത് എന്റെ ഹൃദയത്തിൽ പ്രയാസം തോന്നി. ഞാൻ ഈ കാര്യം തിരുനബി(സ)യോട് പറഞ്ഞു. അപ്പോൾ തിരുനബി(സ) ചോദിച്ചു: **അയാൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞിട്ടും നീ അയാളെ വധിച്ചുവോ?** ഞാൻ പറഞ്ഞു: **യാ റസൂലല്ലാഹ്(സ)! അയാൾ ആയുധത്തെ പേടിച്ചാണ് അങ്ങനെ പറഞ്ഞത്.** നബി(സ) ചോദിച്ചു: **അയാൾ ഹൃദയത്തിൽ നിന്നാണോ അത് പറഞ്ഞതെന്ന് അറിയാൻ നീ അയാളുടെ ഹൃദയം പിളർന്നു നോക്കിയോ?** തിരുനബി(സ) ആവർത്തിച്ച് ഇത് എന്നോട് ചോദിച്ചുകൊണ്ടിരുന്നു. അന്നേ ദിവസം മാത്രമായിരുന്നു ഞാൻ ഇസ്‌ലാം സ്വീകരിച്ചിരുന്നതെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി (അത്രത്തോളം ഗൗരവമേറിയതായിരുന്നു ആ പ്രവൃത്തി). *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീസ് നമ്പർ: 132)*

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ജാബിർ(റ) ഇപ്രകാരം പറയുന്നു: തിരുനബി(സ)യുടെ അടുക്കൽ ഒരാൾ വന്ന് ചോദിച്ചു: യാ റസൂലല്ലാഹ്(സ), സ്വർഗത്തെയും നരകത്തെയും നിർബന്ധമാക്കുന്ന രണ്ട് കാര്യങ്ങൾ ഏവയാണ്? അവിടുന്ന് അരുൾ ചെയ്തു: അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കാതെ മരണപ്പെടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കും. അല്ലാഹുവിൽ പങ്കുചേർത്തുകൊണ്ട് മരണപ്പെടുന്നവൻ നരകത്തിൽ പ്രവേശിക്കും. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീസ് നമ്പർ: 127)

മഹ്മൂദ് ബിൻ ലബീദ്(റ) നിവേദനം ചെയ്യുന്നു; തിരുനബി(സ) പറഞ്ഞു: നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ശിർക്കേ അസ്ഗറിനെ (ചെറിയ ശിർക്ക്) കുറിച്ചാണ്. സ്വഹാബികൾ(റ) ചോദിച്ചു: യാ റസൂലല്ലാഹ്(സ), എന്താണ് ശിർക്കേ അസ്ഗർ? തിരുനബി(സ) പറഞ്ഞു: അത് രിയാഅ് (പ്രദർശനപരത) ആണ്. ഖിയാമത്ത് നാളിൽ ആളുകൾക്ക് അവരുടെ കർമ്മഫലങ്ങൾ നൽകുമ്പോൾ അല്ലാഹു ഇപ്രകാരം പറയും: ദുനിയാവിൽ വെച്ച് നിങ്ങൾ ആരെ കാണിക്കാനാണോ കർമ്മങ്ങൾ ചെയ്തത് അവരുടെ അടുത്തേക്ക് തന്നെ പോവുക. നിങ്ങൾക്ക് വല്ല പ്രതിഫലവും അവിടെ നിന്ന് ലഭിക്കുമോ എന്ന് നോക്കൂ. ഇപ്പോൾ മാപ്പ് ചോദിക്കണമെങ്കിൽ അവരോട് തന്നെ ചോദിക്കൂ, നിങ്ങൾക്ക് എന്ത് ലഭിക്കുമെന്ന് നോക്കാം. *(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, വാല്യം 7, ഹദീസ് നമ്പർ: 24030)*

അതുകൊണ്ട്, ജനങ്ങളിൽ നിന്ന് എന്തെങ്കിലും നേട്ടങ്ങൾ ലഭിക്കാനായി പ്രദർശനപരമായി പെരുമാറുന്നതും മുഖസ്തുതി പറയുന്നതും അല്ലാഹുവിന് തുല്യമായി മറ്റൊന്നിനെ പ്രതിഷ്ഠിക്കുന്നതിന് തുല്യമാണ്. അല്ലാഹുവിന് അങ്ങേയറ്റം അനിഷ്ടകരമായ ശിർക്കാണത്.

ഹദ്റത്ത് അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു;

اَلَّذِيْنَ اٰمَنُوْا وَلَمْ يَلْبِسُوْٓا اِيْمَانَهُمْ بِظُلْمٍ

വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അക്രമവുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവർ എന്ന സൂക്തം (6:82) അവതരിച്ചപ്പോൾ തിരുനബി(സ)യുടെ സ്വഹാബികൾ(റ) ചോദിച്ചു: നമ്മളിൽ ആരാണ് അക്രമം (ഉൽമ്) ചെയ്യാത്തവരായിട്ടുള്ളത്? അറിയാതെ തന്നെ നമ്മളിൽ നിന്ന് പലപ്പോഴും അക്രമങ്ങൾ സംഭവിക്കാറുണ്ടല്ലോ.

അപ്പോൾ അല്ലാഹു ഈ വചനം അവതരിപ്പിച്ചു:

اِنَّ الشِّرْكَ لَظُلْمٌ عَظِيْمٌ

തീർച്ചയായും ശിർക്ക് എന്നത് വലിയൊരു അക്രമം തന്നെയാണ്.'

*(സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ, ഹദീസ് നമ്പർ: 32)*

ശിർക്ക് എന്നത് വലിയൊരു അക്രമമാണെന്ന മറുപടി അല്ലാഹുവിൽ നിന്ന് ലഭിച്ചു.

**അതുകൊണ്ട്, അല്ലാഹുവിനല്ലാതെ മറ്റെന്തിനെയെങ്കിലും ആശ്രയിക്കുന്നത് ശിർക്കാണ്. നമ്മുടെ ജീവിതത്തിൽ സൂക്ഷ്മമായി പരിശോധിച്ച് അത്തരം ശിർക്കിന്റെ വശങ്ങൾ ഉണ്ടോ എന്ന് നാം നോക്കേണ്ടതുണ്ട്. കാരണം അത് വലിയൊരു അക്രമമാണ്.**

നമ്മുടെ (ജമാഅത്ത്) പ്രസിദ്ധീകരിച്ചിട്ടുള്ള ബുഖാരിയുടെ വ്യാഖ്യാനത്തിൽ ഹദ്റത്ത് വലിയുല്ലാഹ് ഷാ സാഹിബ് ഇപ്രകാരം എഴുതുന്നു:

نَّ الشِّرْكَ لَظُلْمٌ عَظِيْمٌ

(തീർച്ചയായും ശിർക്ക് വലിയൊരു ഉൽമ് (അക്രമം) തന്നെയാകുന്നു).

ഉൽമ് എന്നാൽ وَضْعُ الشَّيْئِ فِيْ غَيْرِ مَوْضِعِهٖ (ഒരു വസ്തുവിനെ അതിന്റെ സ്ഥാനത്തല്ലാതെ വെക്കുക) എന്നാണ്.

എല്ലാത്തരം ദുസ്വഭാവങ്ങളും അനുവദനീയമല്ലാത്ത കാര്യങ്ങളും ഉൽമ് എന്ന പദത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

فُرُوْدُوْنَ كُفْرٍ (കുഫറുൻ ദൂന കുഫ്റിൻ) എന്ന ശീർഷകത്തിന് കീഴിൽ ശിർക്കിനെ ഏറ്റവും വലിയ കുഫ്റായും, സാധാരണ ദുസ്വഭാവങ്ങളെപ്പോലും കുഫ്റായും കണക്കാക്കിയിട്ടുണ്ട്. ഇതാണ് ഇതിന്റെ സൂക്ഷ്മത.

തുടർന്ന് ظُلْمٌ دُوْنَ ظُلْمٍ (ഉൽമുൻ ദൂന ഉൽമിൻ) എന്ന ശീർഷകത്തിന് കീഴിൽ ശിർക്കിനെ ഏറ്റവും വലിയ അക്രമമായി പ്രഖ്യാപിച്ചുകൊണ്ട് അത് എന്തുകൊണ്ട് **മഹാപാപം** ആയിത്തീരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, ഇതിൽ അല്ലാഹുവിന്റെ മാത്രം സവിശേഷതകളായ ദൈവത്വത്തിന്റെ ഗുണവിശേഷങ്ങൾ മറ്റുള്ളവരിലേക്ക് ചാർത്തപ്പെടുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ അവകാശമായ ഇബാദത്തിൽ (അതായത് സ്നേഹവും അനുസരണവും) അതിൽ അന്യരെ പങ്കുചേർക്കുന്നു. അല്ലാഹുവിന്റെ ദാസനായിരിക്കുകയും അവന്റെ ഇഷ്ടം പൂർത്തീകരിക്കാനായി വരികയും ചെയ്ത മനുഷ്യൻ, തന്റെ സ്വേച്ഛയുടെയോ തന്നെപ്പോലെയുള്ള മനുഷ്യന്റെയോ അല്ലെങ്കിൽ തുച്ഛമായ മറ്റു സൃഷ്ടികളുടേയോ ദാസനായി മാറുന്നതിലൂടെ, താൻ ഏതൊരു തലത്തിൽ നിൽക്കാനാണോ സൃഷ്ടിക്കപ്പെട്ടത് ആ സ്ഥാനത്തു നിന്ന് അവനവനെത്തന്നെ താഴേക്ക് വീഴ്ത്തുന്നു.

**ഹുഖൂഖുൽ ഇബാദിൽ (സൃഷ്ടികളുടെ അവകാശങ്ങൾ) അന്യായമായി ഇടപെടുന്നത് എത്രത്തോളം അക്രമമാണോ (അതും ഒരു അക്രമമാണ്). ഹുഖൂഖുല്ലാഹിൽ (അല്ലാഹുവിനോടുള്ള കടമകൾ) അന്യായമായി ഇടപെടുന്നത് അതിനേക്കാൾ എത്രയോ മടങ്ങ് വലിയ അക്രമമാണ്.** സൃഷ്ടികളുടെ അവകാശങ്ങളിൽ ചെയ്യുന്ന അക്രമം അക്രമം തന്നെ, എന്നാൽ അല്ലാഹുവിനോടുള്ള കടമകൾ ശരിയായ രീതിയിൽ നിർവ്വഹിക്കാതിരിക്കുന്നതും അക്രമമാണ്. ശിർക്കിൽ പൂർണ്ണമായും അടങ്ങിയിരിക്കുന്ന അക്രമത്തിന്റെ പൊരുൾ ഇതാണ്. ശിർക്ക് യഥാർത്ഥത്തിൽ മനുഷ്യന്റെ ഉന്നതമായ ലക്ഷ്യത്തെ നശിപ്പിക്കുന്ന ഒന്നാണ്... ആയത്തുകളിൽ നിന്നും ഹദീസുകളിൽ നിന്നും തെളിവുകൾ നിരത്തിക്കൊണ്ട് ഇമാം ബുഖാരി(റഹ്) വ്യക്തമാക്കുന്നത്, ശിർക്കിന്റെ കലർപ്പിൽ നിന്ന് പൂർണ്ണമായും മുക്തമായ ഈമാനാണ് പരിപൂർണ്ണമായ ഈമാൻ എന്നാണ്.

اُولٰٓئِكَ لَهُمُ الْاَمْنُ وَهُمْ مُّهْتَدُوْنَ۔

(അവർക്കാണ് നിർഭയത്വമുള്ളത്, അവർ തന്നെയാണ് സന്മാർഗ്ഗികൾ അൻആം: 83).

**തങ്ങളുടെ ഈമാനിൽ ശിർക്കിന്റെയോ അക്രമത്തിന്റെയോ യാതൊരു കലർപ്പുമില്ലാത്തവർക്ക് മാത്രമാണ് പരിപൂർണ്ണമായ സമാധാനവും സന്മാർഗ്ഗവും ലഭിക്കുന്നത്.** ഒരു വശത്ത് സൽക്കർമ്മങ്ങൾ കൂടെയില്ലാതിരിക്കുകയും മറുവശത്ത് അത് എല്ലാത്തരം അക്രമങ്ങളിൽ നിന്നും മുക്തമാവാതിരിക്കുകയും ചെയ്യുന്നിടത്തോളം ഈമാൻ പൂർണ്ണമാകില്ല. കാരണം ശിർക്കും പാപങ്ങളും എല്ലാത്തരം കുഫ്റുകളും അതിനെ ന്യൂനതയുള്ളതാക്കിക്കൊണ്ടിരിക്കും.

*(സ്വഹീഹ് ബുഖാരി, വാല്യം 1, പേജ് 79, നസാറത്ത് ഇശാഅത്ത്)*

**ഇതാണ് തൗഹീദിൽ ഉറച്ചുനിൽക്കുന്നതിനും ശിർക്കിൽ നിന്ന് മുക്തമാകുന്നതിനുമായി തിരുനബി(സ) നമുക്ക് കാട്ടിത്തന്ന മാനദണ്ഡം.**

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു; തിരുനബി(സ) പറഞ്ഞു: അല്ലാഹു ഇപ്രകാരം പറയുന്നു: **ആദം സന്തതി എന്നെ നിഷേധിച്ചു,** അത് അവന് ഉചിതമായിരുന്നില്ല. **അവൻ എന്നെ അധിക്ഷേപിച്ചു,** അതും അവന് ഉചിതമായിരുന്നില്ല.

**അവൻ എന്നെ നിഷേധിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു എന്നെ ഒരിക്കലും വീണ്ടും (പുനരു)ജീവിപ്പിക്കില്ല എന്ന അവന്റെ വാദമാണ്.** അതായത്, പരലോകത്തെ നിഷേധിക്കുക വഴി അവൻ അല്ലാഹുവിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്; ആദ്യതവണ ഞാൻ അവനെ സൃഷ്ടിച്ചതുപോലെ തന്നെ (വീണ്ടും സൃഷ്ടിക്കാൻ എനിക്ക് കഴിയുമെന്നിരിക്കെ).

**അവൻ എന്നെ അധിക്ഷേപിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന അവന്റെ വാദമാണ്.** എന്നാൽ ഞാൻ നിരാശ്രയനാകുന്നു. ഞാൻ ആർക്കും ജന്മം നൽകിയിട്ടില്ല, ആരിൽ നിന്നും ജനിച്ചിട്ടുമില്ല. എനിക്ക് തുല്യനായി ആരുമില്ല. (اَللّٰهُ الصَّمَدُ *എന്ന സൂക്തത്തിന്റെ വ്യാഖ്യാനം, സ്വഹീഹ് ബുഖാരി, ഹദീസ് നമ്പർ: 4975)*

ഈ സൂറത്തിനെ അഥവാ സൂറ: ഇഖ്‌ലാസിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു;

**അല്ലാഹു اَللّٰهُ الصَّمَدُ എന്ന് പറയുന്നു. അതായത് എല്ലാവരും ആശ്രയിക്കുന്നതും എന്നാൽ സ്വയം ആരെയും ആശ്രയിക്കാത്തതുമായ അസ്തിത്വമാണ് അല്ലാഹു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഒരിക്കലും ഒരു വരി പോലും തികയാത്ത ഈ ചെറിയ വാചകത്തിൽ എത്രത്തോളം ലളിതവും ഉത്തമവുമായ രീതിയിലാണ് അല്ലാഹുവിന്റെ അസ്തിത്വം എല്ലാവിധ പങ്കുചേർക്കലുകളിൽ നിന്നും മുക്തമാണെന്ന് വിവരിച്ചിരിക്കുന്നത് എന്ന് നോക്കുക. അല്ലാഹുവിനെ എല്ലാത്തരം ശിർക്കുകളിൽ നിന്നും ഇത് പരിശുദ്ധനാക്കിയിരിക്കുന്നു.

അതിന്റെ വിശദീകരണം ഇപ്രകാരമാണ്; യുക്തിപരമായി നോക്കുകയാണെങ്കിൽ പങ്കുചേർക്കൽ (ശിർക്ക്) നാല് വിധത്തിലാണ് സംഭവിക്കാറുള്ളത്. അതായത് ബുദ്ധിപരമായി ചിന്തിച്ചാൽ നാല് കാര്യങ്ങളിൽ പങ്കുചേർക്കൽ ഉണ്ടാകാം. ചിലപ്പോൾ എണ്ണത്തിൽ പങ്കുചേർക്കൽ ഉണ്ടാകാം (ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ). ചിലപ്പോൾ പദവിയിലാകാം (ഒരാളുടെ പദവി മറ്റൊരാളേക്കാൾ ഉയർന്നു നിൽക്കുക). ചിലപ്പോൾ വംശപരമായി (കുടുംബപരമായി) ഉണ്ടാകാം. ചിലപ്പോൾ കർമ്മത്തിലും സ്വാധീനത്തിലുമാകാം (പ്രവൃത്തിയുടെയും അതിന്റെ ഫലത്തിന്റെയും അടിസ്ഥാനത്തിൽ).

അങ്ങനെ ഈ സൂറത്തിൽ ഈ നാല് വിധത്തിലുള്ള പങ്കുചേർക്കലുകളിൽ നിന്നും അല്ലാഹു പരിശുദ്ധനാണെന്ന്

വിവരിക്കുകയും, അവൻ തന്റെ എണ്ണത്തിൽ ഏകനാണെന്നും രണ്ടോ മൂന്നോ അല്ലെന്നും വ്യക്തമാക്കിയിരിക്കുന്നു.

അവൻ **സ്വമദ്** ആണ്; അതായത് തന്റെ പദവിയിലും അനിവാര്യതയിലും മറ്റുള്ളവർ തന്നെ ആശ്രയിക്കുന്ന കാര്യത്തിലും അവൻ ഏകനാണ്. തന്റെ സ്ഥാനത്തിലും ആവശ്യകതയിലും ആരെയും ആശ്രയിക്കാതിരിക്കുന്നതിലും അവൻ തികച്ചും പരിശുദ്ധനാണ്.

അവൻ ഏകനാണ്. അവനൊഴികെ മറ്റെല്ലാ വസ്തുക്കളും ഉണ്ടാകാനും ഇല്ലാതാകാനും സാധ്യതയുള്ളവയും സ്വയം നശിക്കുന്നവയുമാണ്. അവ സ്വന്തം നിലയിൽ അവസാനിക്കുന്നവയാണ്. എന്നാൽ അവൻ എന്നും നിലനിൽക്കുന്നവനാണ്. അവൻ പണ്ടേ ഉള്ളവനാണ്, എന്നും ഉണ്ടായിരിക്കുകയും ചെയ്യും. മറ്റെല്ലാ വസ്തുക്കളും ഓരോ നിമിഷവും അവനെയാണ് ആശ്രയിക്കുന്നത്. നശ്വരമായ ഈ ലോകത്തെ സകല വസ്തുക്കളും അവനെയാണ് ആശ്രയിക്കുന്നത്.

അവൻ لَمْ يَلِدْ ആണ്; അതായത് അവന് പുത്രനില്ല. പുത്രനുള്ളതിനാൽ അവൻ പങ്കാളിയായിത്തീരുന്ന അവസ്ഥ അവിടെയില്ല.

അവൻ لَمْ يَلِدْ ആണ്; അതായത് അവന് പിതാവില്ല. പിതാവുള്ളതിനാൽ പങ്കാളിയുണ്ടാകുന്ന സാഹചര്യവും അവിടെയില്ല.

അവൻ لَمْ يَكُنْ لَّهٗ كُفُوًا ആണ്; അതായത് അവന്റെ പ്രവൃത്തികളിൽ തുല്യനായി ആരുമില്ല. അങ്ങനെ കർമ്മത്തിന്റെ അടിസ്ഥാനത്തിൽ പങ്കാളിയുണ്ടാകാനും സാധ്യതയില്ല. ഇപ്രകാരം നാലുവിധത്തിലുള്ള പങ്കുചേർക്കലുകളിൽ നിന്നും അല്ലാഹു പരിശുദ്ധനാണെന്നും അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്നും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

*(ബറാഹീനെ അഹ്‌മദിയ്യ ഭാഗം 4, റൂഹാനി ഖസാഇൻ വാല്യം 1, പേജ് 518)*

ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു; നബി(സ) ഒരാളെ ഒരു സൈനിക നീക്കത്തിന് അമീറായി നിയോഗിച്ചയച്ചു. അദ്ദേഹം തന്റെ കൂട്ടുകാർക്ക് നമസ്കാരത്തിൽ ഇമാമത്ത് വഹിക്കുമ്പോൾ ഖിറാഅത്ത് പൂർത്തിയാക്കിയിരുന്നത് قُلْ هُوَ اللّٰهُ اَحَدٌ (സൂറ: ഇഖ്‌ലാസ്) ഓതിക്കൊണ്ടായിരുന്നു. അവർ തിരിച്ചുവന്നപ്പോൾ തിരുനബി(സ)യോട് ഇക്കാര്യം പറഞ്ഞു. അപ്പോൾ തിരുനബി(സ) പറഞ്ഞു: എന്തുകൊണ്ടാണ് അദ്ദേഹം അപ്രകാരം ചെയ്തതെന്ന് ചോദിക്കൂ. അവർ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: കാരണം അതിൽ റഹ്‌മാനായ അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ അടങ്ങിയിരിക്കുന്നു, അതിനാൽ അത് പാരായണം ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: അല്ലാഹു അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടെന്ന് അദ്ദേഹത്തെ അറിയിക്കുക. അല്ലാഹുവിന്റെ തൗഹീദിന്റെ പ്രഖ്യാപനമാണെങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നു എന്ന് അറിഞ്ഞുകൊള്ളുക. *(സ്വഹീഹ് ബുഖാരി, കിതാബു തൗഹീദ്, ഹദീസ് നമ്പർ: 7375)*

അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും തൗഹീദിനോടുള്ള അനുരാഗത്തിന്റെയും ദിവ്യജ്ഞാന നിർഭരമായ ഉദാഹരണങ്ങൾ സ്വഹാബികളിലും കാണാൻ സാധിക്കും.

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) ഇപ്രകാരം നിവേദനം ചെയ്യുന്നു; അൻസാരികളിൽപ്പെട്ട ഒരാൾ മസ്ജിദു ഖുബാഇൽ ഇമാമത്ത് വഹിച്ചിരുന്നു. നമസ്കാരത്തിൽ ഏതെങ്കിലും ഒരു സൂറത്ത് ഓതാൻ തുടങ്ങുമ്പോഴെല്ലാം അദ്ദേഹം قُلْ هُوَ اللّٰهُ اَحَدٌ കൊണ്ട് ആരംഭിക്കുകയും അത് പൂർത്തിയാക്കിയ ശേഷം മാത്രം മറ്റൊരു സൂറത്ത് ഓതുകയും ചെയ്തിരുന്നു. ഓരോ റക്അത്തിലും അദ്ദേഹം ഇത് ആവർത്തിക്കുമായിരുന്നു. (മുൻപ് പറഞ്ഞ സംഭവം ഒരു സൈനിക നീക്കത്തിനിടയിലുള്ളതാണെങ്കിൽ, ഇത് ഒരു നിശ്ചിത പ്രദേശത്തെ സ്ഥിരം ഇമാമിനെക്കുറിച്ചുള്ളതാണ്). അദ്ദേഹത്തിന്റെ കൂട്ടുകാർ ഇതിനെക്കുറിച്ച് സംസാരിച്ചു. അവർ പറഞ്ഞു: 'താങ്കൾ ഈ സൂറത്ത് ഓതുന്നു, പിന്നീട് അത് തികയില്ലെന്ന് കരുതി മറ്റൊരു സൂറത്ത് കൂടി ഓതുന്നു. ഒന്നുകിൽ താങ്കൾ ഈ സൂറത്ത് (സൂറ:ഇഖ്‌ലാസ്) മാത്രം ഓതുക, അല്ലെങ്കിൽ അത് ഒഴിവാക്കി മറ്റ് സൂറത്തുകൾ ഓതുക. അദ്ദേഹം പറഞ്ഞു: ഞാനിത് ഒഴിവാക്കില്ല. ഇതോടൊപ്പം ഇമാമത്ത് വഹിക്കുന്നത് നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ ഞാൻ തുടരാം, അല്ലെങ്കിൽ ഞാൻ ഇമാമത്ത് ഉപേക്ഷിക്കാം.അതായത്, ഇമാമത്ത് തനിക്ക് അത്ര നിർബന്ധമുള്ള കാര്യമല്ല എന്നർത്ഥം. എന്നാൽ ആ ജനത അദ്ദേഹത്തെ തങ്ങളിൽ വെച്ച് ഏറ്റവും ഉത്തമനായാണ് കരുതിയിരുന്നത്. അതിനാൽ മറ്റൊരാൾ ഇമാമത്ത് വഹിക്കുന്നത് അവർ ഇഷ്ടപ്പെട്ടതുമില്ല. എന്തായാലും തിരുനബി(സ) അവരുടെ അടുക്കൽ വന്നപ്പോൾ അവർ ഈ വിവരം പറഞ്ഞു; ഈ വ്യക്തി ഓരോ റക്അത്തിലും എല്ലാ സൂറത്തുകൾക്ക് മുൻപും സൂറ: ഇഖ്‌ലാസ് ഓതുന്നു. അപ്പോൾ തിരുനബി(സ) ചോദിച്ചു: നിന്റെ കൂട്ടുകാർ പറയുന്നതുപോലെ പ്രവർത്തിക്കുന്നതിൽ നിന്ന് നിന്നെ തടയുന്നതെന്താണ്? ഓരോ റക്അത്തിലും ഈ സൂറത്ത് തന്നെ ഓതാൻ നിന്നെ പ്രേരിപ്പിക്കുന്നത് എന്താണ്? അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്(സ), ഞാൻ ഈ സൂറത്തിനെ സ്നേഹിക്കുന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു:

**തീർച്ചയായും ഇതിനോടുള്ള നിന്റെ സ്നേഹം നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു.**

**അതായത്, സൂറ:ഇഖ്‌ലാസിനോടുള്ള സ്നേഹം നിന്നെ സ്വർഗാവകാശിയാക്കി.** *(ജാമിഅ് തിർമിദി, കിതാബു ഫദാഇലുൽ ഖുർആൻ, ഹദീസ് നമ്പർ: 2901)*

**തിരുനബി(സ)യുടെ ആത്മീയ ശക്തിയും ശിക്ഷണവും സ്വഹാബികളെ(റ) തൗഹീദിന്റെ പാതകാണിച്ചുകൊടുക്കുന്ന വിളക്കുമാടങ്ങളാക്കി മാറ്റിയിരുന്നു.**

ബുഖാരിയിലെ ഒരു നിവേദനത്തിൽ ഇപ്രകാരവുമുണ്ട്;

**തിരുനബി(സ) ഈ സൂറത്തിനെ ഖുർആന്റെ മൂന്നിലൊന്ന് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.** *(സ്വഹീഹ് ബുഖാരി, കിതാബു ഫദാഇലുൽ ഖുർആൻ, ഹദീസ് നമ്പർ: 5013)*

ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:

ഈ സൂറത്ത് വിശുദ്ധ ഖുർആന്റെ മൂന്നിലൊന്നാണെന്ന് പറയുന്നതിനർത്ഥം അത് വിശുദ്ധ ഖുർആന്റെ വലിപ്പത്തിന്റെ (അളവിന്റെ) മൂന്നിലൊന്നാണ് എന്നല്ല, മറിച്ച് ഇതിലെ പ്രമേയം അത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നാണ്. വിശുദ്ധ ഖുർആനും ഹദീസുകളും പഠിക്കുമ്പോൾ **അവസാന കാലത്ത് രണ്ട് വലിയ ഫിത്നകൾ (കുഴപ്പങ്ങൾ) ഉണ്ടാകുമെന്ന് മനസ്സിലാക്കാം; ഒന്ന് ദജ്ജാലിയായ ഫിത്നയും രണ്ടാമത്തേത് യഅ്ജൂജ് മഅ്ജൂജിന്റെ ഫിത്നയും.**

ഈ രണ്ട് ഫിത്നകളും ഒന്നിനുപുറകെ ഒന്നായി ഇസ്‌ലാമുമായി ഏറ്റുമുട്ടേണ്ടവയാണ്.

ഇതിൽ ഒരു ഫിത്ന ഏകദൈവത്തിന് പകരം മൂന്ന് ദൈവങ്ങൾ എന്ന വിശ്വാസമാണ് വെച്ചുപുലർത്തുന്നത് അതായത് പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം.

രണ്ടാമത്തെ ഫിത്ന നിരീശ്വരവാദത്തിന്റേതാണ്. അതായത് അവർ ദൈവത്തെ പാടേ നിഷേധിക്കുന്നു.

വിശുദ്ധ ഖുർആൻ ഈ രണ്ട് ഫിത്നകളുടെയും വിശ്വാസങ്ങളെ ഖണ്ഡിക്കുകയും ശരിയായ വിശ്വാസങ്ങളെ വിവരിക്കുകയും ചെയ്തിട്ടുണ്ട്.

വിശുദ്ധ ഖുർആൻ മുഴുവൻ, പിതാവായ ദൈവത്തിന്റെ (അല്ലാഹുവിന്റെ) സ്തുതികൾ കൊണ്ട് നിറഞ്ഞതാണ്. അതുപോലെ പിതാവായ ദൈവം റബ്ബാണെന്നും ഏകനാണെന്നും അത് സാക്ഷ്യപ്പെടുത്തുന്നു.

അതായത് ഏകനായ അല്ലാഹുവിനെക്കുറിച്ചുള്ള സ്തുതികളും അവൻ ഏകനാണെന്നുള്ള കാര്യവുമാണ് ഇതിലുള്ളത്. വിശുദ്ധ ഖുർആൻ അതിനെയാണ് സാക്ഷ്യപ്പെടുത്തുന്നത്.

*കൂടാതെ പരിശുദ്ധാത്മാവായ ദൈവത്തെയും പുത്രനായ ദൈവത്തെയും അത് പൂർണ്ണശക്തിയോടെ നിഷേധിക്കുന്നു.*

മറ്റ് രണ്ട് ദൈവങ്ങൾ കൂടിയുണ്ട് എന്ന വാദത്തെ അല്ലാഹു നിരാകരിക്കുന്നു.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആൻ, പിതാവായ ദൈവത്തിന്റെ ദൈവത്വത്തെ സ്ഥാപിക്കുകയും പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരെ നിഷേധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ പിതാവായ ദൈവത്തിന്റെ പദവിയെ ശരിവെക്കുന്നത് വിശുദ്ധ ഖുർആന്റെ മൂന്നിലൊന്ന് ഭാഗമായതുകൊണ്ട് സൂറ:ഇഖ്‌ലാസും വിശുദ്ധ ഖുർആന്റെ മൂന്നിലൊന്നാണ് എന്നത് വ്യക്തമായ കാര്യമാണ്.

യഥാർത്ഥത്തിൽ തൗഹീദ് സ്ഥാപിക്കുക എന്നതും തെറ്റായ വിശ്വാസങ്ങളെ തുടച്ചുനീക്കുക എന്നതുമാണ് വിശുദ്ധ ഖുർആന്റെ ദൗത്യം. അതുകൊണ്ട്, തെറ്റായ വിശ്വാസങ്ങളെ തകർക്കുന്നതും തൗഹീദിന്റെ യാഥാർത്ഥ്യം വിവരിക്കുന്നതുമായ പ്രമേയം അങ്ങേയറ്റം സമഗ്രവും കൃത്യവുമായ വാക്കുകളിൽ ഈ സൂറത്ത് സംഗ്രഹിച്ചപ്പോൾ ഇത് വിശുദ്ധ ഖുർആന്റെ മൂന്നിലൊന്ന് മാത്രമല്ല, മറിച്ച് മുഴുവൻ ഖുർആന് തുല്യമായി മാറി. അതിനാൽ തിരുനബി(സ) ഈ സൂറത്തിനെ ഖുർആന്റെ മൂന്നിലൊന്നായി പ്രഖ്യാപിച്ചത് ഒരു അതിശയോക്തിയല്ല, മറിച്ച് അതിന്റെ പ്രമേയത്തിന്റെ പ്രാധാന്യം മുൻനിർത്തിയാണ്. *(തഫ്സീറെ കബീർ, വാല്യം 15, പേജ് 372, 373)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഉറപ്പായും മനസ്സിലാക്കുക, യഥാർത്ഥ തൗഹീദ് ഒരു പ്രവാചകനിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. **നമ്മുടെ തിരുനബി(സ) അറേബ്യയിലെ നിരീശ്വരവാദികൾക്കും ദുർമാർഗ്ഗികൾക്കും ആയിരക്കണക്കിന് ആകാശീയ അടയാളങ്ങൾ കാണിച്ചുകൊടുത്ത് അവരെ അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വസിപ്പിച്ചതുപോലെ, ഇപ്പോഴും തിരുനബി(സ)യെ സത്യസന്ധമായും പൂർണ്ണമായും പിന്തുടരുന്നവർ അത്തരം അടയാളങ്ങൾ നിരീശ്വരവാദികൾക്ക് മുൻപിൽ സമർപ്പിക്കുന്നു.** ജീവിക്കുന്ന ദൈവത്തിന്റെ ജീവസ്സുറ്റ ശക്തികൾ മനുഷ്യൻ ദർശിക്കുന്നതുവരെ അവന്റെ ഹൃദയത്തിൽ നിന്ന് പിശാച് പുറത്തുപോവുകയില്ല എന്നതത്രേ സത്യം. അല്ലാതെ അവന്റെ ഹൃദയത്തിൽ സച്ഛമായ തൗഹീദ് പ്രവേശിക്കുകയോ അല്ലാഹുവിന്റെ അസ്തിത്വത്തിൽ അവന് ഉറച്ച വിശ്വാസം വരികയോ ഇല്ല. ഈ പരിശുദ്ധവും പരിപൂർണ്ണവുമായ തൗഹീദ് തിരുനബി(സ)യിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ.'

*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസാഇൻ വാല്യം 22, പേജ് 121)*

ഇന്നത്തെ കാലത്ത്, **അല്ലാഹു ഏകനാണെന്ന് ബാഹ്യമായി പറയുന്നവർ പോലും പ്രായോഗികമായി തൗഹീദിൽ നിന്ന് കണ്ണടച്ചിരിക്കുകയാണ്.** ഞങ്ങൾ അല്ലാഹുവിനെ ഏകനായി അംഗീകരിക്കുന്നു എന്ന് അവർ പറയുന്നുണ്ടെങ്കിലും യഥാർത്ഥ സ്ഥിതി അതല്ല.

**യഅ്ജൂജ് മഅ്ജൂജ്, ദജ്ജാൽ എന്നിവയുടെ ഫിത്നകൾ പുറത്തുനിന്നുള്ളവയാണ്. എന്നാൽ മുസ്‌ലിംകൾക്കിടയിലും യഥാർത്ഥ തൗഹീദിനെക്കുറിച്ചുള്ള ബോധം ഇല്ലാതായിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് തിരുനബി(സ)യുടെ ദാസൻ മസീഹ്**

**മൗഊദായും മഹ്ദി മൗഊദായും വരേണ്ടിയിരുന്നത്. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം അദ്ദേഹം വരികയും തൗഹീദിനെതിരെയുള്ള എല്ലാ ആക്രമണങ്ങളെയും പ്രതിരോധിക്കുകയും ചെയ്തു.**

അതുകൊണ്ട്, നാം യഥാർത്ഥ തൗഹീദിൽ വിശ്വസിക്കുന്നവരാകുമ്പോൾ മാത്രമേ യഥാർത്ഥ ബൈഅത്തിന്റെ അവകാശം നിറവേറ്റാൻ സാധിക്കുകയുള്ളൂ.

**മാർച്ച് 23നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന് അടിത്തറയിട്ടത്. നാം ഇപ്പോൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത് ഈ മാർച്ച് മാസത്തിലൂടെയാണ്. മാർച്ച് 23നോടനുബന്ധിച്ച് നാം മസീഹ് മൗഊദ് ദിനമായി യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. അല്ലാഹു തന്റെ വാഗ്ദാനപ്രകാരം തിരുനബി(സ)യുടെ ദാസനെ അയച്ചിരിക്കുന്നത് തൗഹീദ് സ്ഥാപിക്കുന്നതിനാണ് എന്നതിനാലാണ് നമ്മൾ ഇത് ആചരിക്കുന്നത്.**

അദ്ദേഹം ജമാഅത്ത് സ്ഥാപിച്ചപ്പോൾ, ആ ബൈഅത്തിൽ പ്രവേശിച്ചുകൊണ്ട് നാം എന്നും തൗഹീദിൽ ഉറച്ചുനിൽക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ട്. നമ്മളോരോരുത്തരും സ്വന്തം ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും തൗഹീദ് സ്ഥാപിക്കാൻ പരിശ്രമിക്കുമ്പോൾ മാത്രമേ യഥാർത്ഥ തൗഹീദിന്റെ അവകാശം നിറവേറ്റപ്പെടുകയുള്ളൂ. അല്ലാഹു അയച്ച ഈ ദാസനെ സ്വീകരിച്ചുകൊണ്ട് തൗഹീദ് സ്ഥാപിക്കാനും, ഇന്ന് ശക്തമായി ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന യഅ്ജൂജ് മഅ്ജൂജ്, ദജ്ജാൽ എന്നീ ഫിത്നകളെ തകർക്കാനും അല്ലാഹു എല്ലാ മുസ്‌ലിംകൾക്കും തൗഫീഖ് നൽകട്ടെ.

തിരുനബി(സ)യുടെ ഇസ്റാഇനെക്കുറിച്ച് (രാപ്രയാണം) ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്ന ഒരു ഹദീസ് ഇപ്രകാരമാണ്; തിരുനബി(സ) പറഞ്ഞു: ഇസ്റാഅ് നടന്ന രാത്രിയിൽ ഞാൻ ഇബ്രാഹീം നബി(അ)യെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: അല്ലയോ മുഹമ്മദ്(സ)! താങ്കളുടെ ഉമ്മത്തിനോട് എന്റെ സലാം പറയുക. സ്വർഗം പരിശുദ്ധമായ മണ്ണുള്ളതും മധുരമായ വെള്ളമുള്ളതുമായ വിശാലമായ മൈതാനമാണെന്ന് അവരോട് പറയുക. **സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ** എന്നിവയാണ് അതിലെ ചെടികൾ. *(ജാമിഅ് തിർമിദി, കിതാബുദ്ദഅ്വാത്ത്, ഹദീസ് നമ്പർ: 3462)*

**അതുകൊണ്ട്, ഒരു മുഅ്മിൻ അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ച് പൂർണ്ണ ബോധ്യം ഉൾക്കൊള്ളുകയും ഇത്തരം ദിക്റുകൾ അതിന്റെ ആഴത്തിൽ മനസ്സിലാക്കി ചൊല്ലുകയും വേണം; എങ്കിൽ മാത്രമേ വിജയം കൈവരിക്കാനാവൂ.**

നമ്മൾ അല്ലാഹുവിനെ ഏകനും അദ്വിതീയനുമായി വിശ്വസിക്കുന്നു. ഒരു നിവേദനത്തിൽ (ഹദീസ് ഖുദ്സിയാണ്) ഇപ്രകാരം വിവരിച്ചിരിക്കുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു; തിരുനബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: പരുശുദ്ധനായ അല്ലാഹു പറയുന്നു: അല്ലയോ ആദം സന്തതി! നീ എന്നോട് പ്രാർത്ഥിക്കുകയും എന്നിൽ പ്രത്യാശ അർപ്പിക്കുകയും ചെയ്തതിനാൽ, നിനക്കുള്ള കുറവുകളെ ഗൗനിക്കാതെ ഞാൻ നിനക്ക് പൊറുത്തുതന്നിരിക്കുന്നു. അതായത്, നിന്റെ ഉള്ളിൽ ഇപ്പോഴും ദൗർബല്യങ്ങളും കുറവുകളും ഉണ്ടായേക്കാം, എങ്കിലും നീ എന്നോട് പ്രാർത്ഥിക്കുന്നതിനാൽ ഞാൻ നിനക്ക് മാപ്പുനൽകുന്നു. അല്ലയോ ആദം സന്തതി! നിന്റെ പാപങ്ങൾ ആകാശത്തിന്റെ ഉയരം വരെ എത്തിയാലും, പിന്നീട് നീ എന്നോട് മാപ്പപേക്ഷിച്ചാൽ ഞാൻ നിനക്ക് പൊറുത്തുതരുന്നതാണ്; ആ പാപങ്ങൾ എത്രയുണ്ടെന്ന് ഞാൻ നോക്കുകയില്ല. ഞാൻ പൊറുത്തു നൽകും, അതിൽ എനിക്ക് യാതൊരു പ്രയാസവുമില്ല; അല്ലാഹു എല്ലാത്തിന്റെയും ഉടമയാണ്, അവന് പൊറുത്തുനൽകാൻ കഴിയും.

തുടരുന്നു: ഹേ ആദം സന്തതി! നീ ഭൂമി നിറയെ തെറ്റുകളുമായിട്ടാണ് എന്റെ അടുക്കൽ വരുന്നതെങ്കിലും, എന്നിൽ ഒന്നിനെയും പങ്കുചേർക്കാത്ത (ശിർക്ക് ചെയ്യാത്ത) അവസ്ഥയിലാണ് നീ എന്നെ കണ്ടുമുട്ടുന്നതെങ്കിൽ, അതിന് സമാനമായ പാപമോചനം ഞാൻ നിനക്ക് നൽകുന്നതാണ്. ഭൂമിയോളം തെറ്റുകളും പാപങ്ങളും ഉണ്ടെങ്കിലും ശിർക്ക് ചെയ്യാതിരിക്കുകയും, എന്നെ ഭയപ്പെടുകയും എന്റെ തൗഹീദ് പ്രഖ്യാപിക്കുകയും അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഞാൻ നിനക്ക് പൊറുത്തുതരും, മാപ്പുനൽകും. *(ജാമിഅ് തിർമിദി, കിതാബുദ്ദഅ്വാത്ത്, ഹദീസ് നമ്പർ: 3540)*

അതുകൊണ്ട്, **മനുഷ്യൻ അങ്ങേയറ്റം വിനയാന്വിതനായി അല്ലാഹുവിങ്കലേക്ക് ചെല്ലുമ്പോൾ അവൻ എല്ലാ തെറ്റുകളും പാപങ്ങളും പൊറുത്തുനൽകുന്നു. എന്നാൽ ശിർക്ക് ചെയ്തിരിക്കരുത് എന്നതാണ് നിബന്ധന.**

അല്ലാഹുവിന്റെ തൗഹീദിന്റെ കടമകൾ നിറവേറ്റുക എന്നതും അനിവാര്യമാണ്. മുൻപ് ഉദാഹരണത്തിൽ പറഞ്ഞതുപോലെ, വെറുതെ വിശ്വസിച്ചതുകൊണ്ട് മാത്രം കാര്യമായില്ല. **പ്രായോഗികമായി നമ്മുടെ ഓരോ പ്രവൃത്തിയിലൂടെയും ദൈവം ഏകനാണെന്ന് തെളിയിക്കേണ്ടതുണ്ട്.**

അതുപോലെ, തൗഹീദിന്റെ ഉന്നതമായ പദവിയെക്കുറിച്ച് ഹദ്റത്ത് അബൂസഈദ് അൽ ഖുദ്‌രി(റ) തിരുനബി(സ)യിൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസ് ഇപ്രകാരമാണ്:

ഹദ്റത്ത് മൂസാ(അ) അപേക്ഷിച്ചു: എന്റെ രക്ഷിതാവേ! നിന്നെ സ്മരിക്കാനും നിന്നോട് പ്രാർത്ഥിക്കാനും എനിക്ക് വല്ലതും പഠിപ്പിച്ചുതന്നാലും. അപ്പോൾ അല്ലാഹു പറഞ്ഞു: അല്ലയോ മൂസാ! لَا اِلٰهَ اِلَّا اللّٰهُ എന്ന് പറയുക.

ഹദ്റത്ത് മൂസാ(അ) പറഞ്ഞു: എന്റെ നാഥാ! നിന്റെ ദാസന്മാരെല്ലാം ഇതു തന്നെയാണല്ലോ പറയുന്നത്. لَا اِلٰهَ اِلَّا اللّٰهُ എന്നത് എല്ലാവരും പറയുന്നതാണല്ലോ.

അല്ലാഹു വീണ്ടും പറഞ്ഞു: لَا اِلٰهَ اِلَّا اللّٰهُ എന്ന് തന്നെ പറയുക. ഹദ്റത്ത് മൂസാ(അ) പറഞ്ഞു: എന്റെ രക്ഷിതാവേ! നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. എങ്കിലും എനിക്ക് മാത്രമായിട്ടുള്ള സവിശേഷമായ വല്ലതും ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: അല്ലയോ മൂസാ! ഞാനൊഴികെയുള്ള ഏഴ് ആകാശങ്ങളും അതിലെ നിവാസികളും ഏഴ് ഭൂമികളും ഒരു തട്ടിലും, لَا اِلٰهَ اِلَّا اللّٰهُ എന്നത് മറ്റേ തട്ടിലും വെക്കുകയാണെങ്കിൽ, لَا اِلٰهَ اِلَّا اللّٰهُ എന്ന തട്ടായിരിക്കും മറ്റെല്ലാറ്റിനേക്കാളും ഭാരമുള്ളത്. അതായത്, ഭൂമിയിലും ആകാശത്തിലുമുള്ള സകല വസ്തുക്കളെയും അവിടെയുള്ള ജനവാസങ്ങളെയും പുണ്യകർമ്മങ്ങളെയും ഒരു വശത്തും, لَا اِلٰهَ اِلَّا اللّٰهُ എന്നത് മറുവശത്തും വെച്ചാൽ لَا اِلٰهَ اِلَّا اللّٰهُ എന്ന തട്ടുതന്നെ താഴ്ന്നു നിൽക്കും.

*(അൽ മുസ്തദ്റക് അലസ്സഹീഹൈൻ, വാല്യം 1, പേജ് 710, ഹദീസ് നമ്പർ: 1936)*

ഒരു ആക്ഷേപത്തിന് മറുപടിയായി **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന കലിമയുടെ യാഥാർത്ഥ്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

തിരുനബി(സ)യുടെ അദ്ധ്യാപനം ഇപ്രകാരമാണ്:

*لا اله الا الله محمد رسول الله എന്ന് ചൊല്ലുന്നതിലൂടെ പാപങ്ങൾ അകന്നുപോകുന്നു. ഇത് തികച്ചും സത്യമാണ്, വാസ്തവവുമാണ്. അല്ലാഹുവിനെ ഏകനും പങ്കുകാരില്ലാത്തവനുമായി കരുതുകയും മുഹമ്മദ് മുസ്തഫാ(സ)യെ ആ സർവ്വശക്തനായ ഏകദൈവം അയച്ചതാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ഒരാൾ, ആ കലിമയിൽ ഉറച്ചുനിന്നുകൊണ്ട് മരണപ്പെടുകയാണെങ്കിൽ തീർച്ചയായും അവൻ മോക്ഷം പ്രാപിക്കും. ആകാശത്തിന് കീഴിൽ ആരുടെയെങ്കിലും ആത്മബലിയിലൂടെ മോക്ഷം ലഭിക്കില്ല, ഒരിക്കലുമില്ല. അപ്രകാരം ചിന്തിക്കുന്നവനേക്കാൾ വലിയ ഭ്രാന്തൻ മറ്റാരുമില്ല. എന്നാൽ ദൈവത്തെ ഏകനും പങ്കുകാരില്ലാത്തവനുമായി കാണുകയും, ലോകത്തെ വഴികേടിൽ നിന്ന് മോചിപ്പിക്കാൻ മുഹമ്മദ് മുസ്തഫാ(സ) എന്ന തന്റെ ദൂതനെ അയച്ച അങ്ങേയറ്റം ദയാലുവായ ദൈവമായി അവനെ മനസ്സിലാക്കുകയും ചെയ്യുക എന്ന വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിലൂടെ ആത്മാവിന്റെ അന്ധകാരം നീങ്ങുകയും സ്വേച്ഛക്കു പകരം തൗഹീദ് ആ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നു. ഒടുവിൽ തൗഹീദിന്റെ ശക്തമായ ആവേശം ഹൃദയത്തെ കീഴടക്കുകയും ഈ ലോകത്ത് തന്നെ സ്വർഗ്ഗീയ ജീവിതം ആരംഭിക്കുകയും ചെയ്യുന്നു. പ്രകാശം വരുമ്പോൾ ഇരുട്ടിന് നിലനിൽപ്പില്ലാത്തതുപോലെ, ലാ ഇലാഹ ഇല്ലല്ലാഹ് എന്ന പ്രകാശത്തിന്റെ പ്രതിഫലനം ഹൃദയത്തിൽ പതിക്കുമ്പോൾ സ്വേച്ഛയുടെ അന്ധകാര വികാരങ്ങൾ ഇല്ലാതാകുന്നു. പാപം എന്നാൽ ധിക്കാരത്തോടുകൂടിയ സ്വേച്ഛവികാരങ്ങളുടെ കോലാഹലങ്ങളല്ലാതെ മറ്റൊന്നുമല്ല.*

**സ്വേച്ഛവികാരങ്ങൾ ആളിപ്പടരുകയും അവയെ ഒരാൾ പിന്തുടരുകയും ചെയ്യുമ്പോഴാണ് അയാൾ പാപി എന്ന് വിളിക്കപ്പെടുന്നത്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു:

*'അറബി ഭാഷാ പ്രയോഗങ്ങളനുസരിച്ച് ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർത്ഥം لَا مَطْلُوْبِیْ وَلَا مَحْبُوْبِیْ وَلَا مَعْبُوْدِیْ وَلَا مُطَاعِیْ اِلَّا اللّٰهُ (അല്ലാഹുവല്ലാതെ എനിക്ക് മറ്റൊരു ലക്ഷ്യമില്ല, മറ്റൊരു പ്രിയതമനില്ല, മറ്റൊരു ആരാധ്യനില്ല, അനുസരിക്കപ്പെടേണ്ടവനായി മറ്റാരുമില്ല) എന്നാകുന്നു. അല്ലാഹുവല്ലാതെ മറ്റാരുടെ പിന്നാലെയും താൻ നടക്കില്ല എന്നർത്ഥം. ഈ അർത്ഥങ്ങൾ പാപത്തിന്റെ യാഥാർത്ഥ്യത്തിനും പാപത്തിന്റെ ഉറവിടത്തിനും തികച്ചും വിരുദ്ധമാണെന്ന് വ്യക്തമാണ്. അതിനാൽ ആരെങ്കിലും ഈ അർത്ഥങ്ങളെ പൂർണ്ണമായ ആത്മാർത്ഥതയോടെ സ്വന്തം ആത്മാവിൽ പ്രതിഷ്ഠിച്ചാൽ, സ്വാഭാവികമായും അതിന് വിപരീതമായ ചിന്തകൾ അവന്റെ ഹൃദയത്തിൽ നിന്ന് പുറത്തുപോകും.*

ഇക്കാര്യം ശ്രദ്ധേയമാണ്, ഈ കാര്യങ്ങൾ ആത്മാർത്ഥതയോടെ ഹൃദയത്തിൽ സ്വീകരിച്ചാൽ വിരുദ്ധമായതൊന്നും ഉള്ളിലുണ്ടാവില്ല. കാരണം അവൻ അല്ലാഹുവിന്റെ കല്പനകൾ പാലിക്കുകയും അവന്റെ തൗഹീദിൽ വിശ്വസിക്കുകയും ചെയ്യും.

കാരണം വിരുദ്ധമായ രണ്ട് കാര്യങ്ങൾ ഒരേസമയം ഒരിടത്ത് നിലനിൽക്കുകയില്ല. സ്വേച്ഛവികാരങ്ങൾ പുറത്തുപോയാൽ ആ അവസ്ഥയെയാണ് യഥാർത്ഥ പരിശുദ്ധിയെന്നും സത്യസന്ധതയെന്നും പറയുന്നത്.

*കലിമയുടെ രണ്ടാം ഭാഗത്തിന്റെ അർത്ഥമായ ദൈവനിയോഗിതനിൽ **വിശ്വസിക്കുക എന്നതിന്റെ ആവശ്യം അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വാസം കൈവരിക്കുക എന്നതാണ്.** കാരണം അല്ലാഹുവിനെ അനുസരിക്കുന്നവനാകാൻ ആഗ്രഹിക്കുന്നു എന്ന് പ്രഖ്യാപിക്കുന്ന ഒരാൾ അവന്റെ കല്പനകളിൽ വിശ്വസിക്കേണ്ടത് അത്യാവശ്യമാണ്. ആരുടെ മധ്യവർത്തിത്വത്തിലൂടെയാണോ ലോകത്തേക്ക് ആ കല്പനകൾ വന്നത് അവനിൽ വിശ്വസിക്കാതെ ദൈവകല്പനകളിൽ വിശ്വസിക്കുക എന്നത് അസാധ്യമാണ്. ഇതാണ് കലിമയുടെ യാഥാർത്ഥ്യം.*

*(നൂറുൽ ഖുർആൻ നമ്പർ 2, റൂഹാനി ഖസാഇൻ വാല്യം 9, പേജ് 418...420)*

ഹദ്റത്ത് അബൂ മൂസ അശ്അരി(റ)

നിവേദനം ചെയ്യുന്നു: നബി(സ) ഒരു ദിവസം ഞങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: നിങ്ങൾ ശിർക്കിൽ നിന്ന് വിട്ടുനിൽക്കുക. അത് ഉറുമ്പിന്റെ കാൽപാടുകളേക്കാൾ സൂക്ഷ്മമാണ്. അപ്പോൾ ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഉറുമ്പിന്റെ കാൽപാടുകളേക്കാൾ സൂക്ഷ്മമാണെങ്കിൽ ഞങ്ങൾ അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടും?. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ ഈ ദു:ആ ചൊല്ലുക:

اَللّٰهُمَّ اِنَّا نَعُوْذُبِکَ مِنْ اَنْ نُشْرِکَ بِکَ شَيْئًا
نَعْلَمُهُ وَنَسْتَغْفِرُکَ لِمَا لَا نَعْلَمُ

അല്ലാഹുവേ! ഞങ്ങൾ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽ നിന്ന് നിന്നോട് അഭയം തേടുന്നു. അറിയാതെ ഞങ്ങളിൽ നിന്ന് സംഭവിച്ചുപോകുന്ന കാര്യങ്ങളിൽ ഞങ്ങൾ നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു.

എപ്പോഴും അല്ലാഹുവിനോട് സഹായം ചോദിച്ചുകൊണ്ടിരിക്കുക.

*(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, വാല്യം 6, പേജ് 614615, മുസ്നദ് അബൂ മൂസൽ അശ്അരി, ഹദീസ് 19835. ആലമുൽ കുതുബ് ബെയ്റൂട്ട് 1998)*

ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ അബ്സാ(റ) പറയുന്നു: നബി(സ) രാവിലെ എഴുന്നേൽക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

اَصْبَحْنَا عَلٰى فِطْرَةِ الْاِسْلَامِ وَعَلٰى كَلِمَةِ
الْاِخْلَاصِ وَعَلٰى دِيْنِ نَبِيِّنَا مُحَمَّدٍ صلى الله
عليه وسلم وعَلٰى مِلَّةِ اَبِيْنَا اِبْرَاهِيْمَ حَنِيْفًا
مُسْلِمًا وَمَا كَانَ مِنَ الْمُشْرِكِيْنَ

‘ഞങ്ങൾ ഇസ്‌ലാമിന്റെ പ്രകൃതത്തിലും തൗഹീദാകുന്ന നിഷ്കളങ്ക വചനത്തിലും ഞങ്ങളുടെ നബി മുഹമ്മദ്(സ)യുടെ ദീനിലും, മുസ്‌ലിമും ഏകദൈവ വിശ്വാസിയുമായിരുന്ന ഞങ്ങളുടെ പിതാവ് ഇബ്രാഹീം(അ)ന്റെ മാർഗ്ഗത്തിലും പുലരിയിലേക്കു പ്രവേശിച്ചിരിക്കുന്നു. അദ്ദേഹം മുശ്രിക്കുകളിൽപ്പെട്ടവനായിരുന്നില്ല.‘

രാവിലെ എഴുന്നേൽക്കുമ്പോൾ ഇത് ഓർക്കുക. എപ്പോഴും ആദ്യം അല്ലാഹുവിനെ സ്മരിക്കുക. *(മുസ്നദ് ഇമാം അഹ്മദ് ബിൻ ഹൻബൽ, വാല്യം 5, പേജ് 294295, മുസ്നദ് അബ്ദുറഹ്മാൻ ബിൻ അബ്സാ, ഹദീസ് 15434. ആലമുൽ കുതുബ് ബെയ്റൂട്ട് 1998).*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു: വൈകുന്നേരമാകുമ്പോൾ നബി(സ) ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

اَمْسَيْنَا وَاَمْسَى الْمُلْكُ لِلّٰهِ وَالْحَمْدُ لِلّٰهِ لَا اِلٰهَ اِلَّا
اللّٰهُ وَحْدَهُ لَا شَرِيْكَ لَه

ഞങ്ങളും സർവ്വലോകവും അല്ലാഹുവിനായി വൈകുന്നേരത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകനാണ്, അവന് പങ്കുകാരില്ല. *(സഹീഹ് മുസ്‌ലിം, കിതാബുദ്ദിക്ർ വദ്ദുആ, ഹദീസ് 2723).*

അബ്ദുല്ലാഹ് ബിൻ ബുറൈദ അൽഅസ്‌ലമി തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: നബി(സ) ഒരാൾ ഇപ്രകാരം പ്രാർത്ഥിക്കുന്നത് കേട്ടു: ***അല്ലാഹുവേ! നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും നീ ഏകനും പരാശ്രയമുക്തനുമാണെന്നും നീ ആർക്കും ജന്മം നൽകിയിട്ടില്ലെന്നും ആരിൽ നിന്നും ജനിച്ചിട്ടില്ലെന്നും നിനക്ക് തുല്യനായി ആരുമില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഇതിന്റെ മധ്യവർത്തിത്വത്താൽ ഞാൻ നിന്നോട് അപേക്ഷിക്കുന്നു.***

ഇത് കേട്ടപ്പോൾ നബി(സ) പറയുന്നു: ***എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ സത്യം! അല്ലാഹുവിന്റെ ഇസ്മുൽ അഅ്സം (അത്യുന്നതമായ നാമം) മുഖേനയാണ് അവൻ ചോദിച്ചത്. ആ നാമം മുഖേന പ്രാർത്ഥിച്ചാൽ അല്ലാഹു ഉത്തരം നൽകുകയും ചോദിച്ചാൽ നൽകുകയും ചെയ്യും.*** *(ജാമിഉത്തിർമിദി, കിതാബുദ്ദഅ്‌വാത്ത്, ഹദീസ് 3475).*

ഹദ്റത്ത് അസ്മാഅ് ബിൻത് ഉമൈസ്(റ) നിവേദനം ചെയ്യുന്നു: നബി(സ) എന്നോട് ചോദിച്ചു: പ്രയാസങ്ങളും മുസീബത്തുകളും (വിപത്തുകൾ) ഉണ്ടാകുമ്പോൾ ചൊല്ലേണ്ട ചില വചനങ്ങൾ ഞാൻ നിനക്ക് പഠിപ്പിച്ചു തരട്ടെയോ?. ആ വചനങ്ങൾ ഇവയാണ്:

اَللّٰهُ اَللّٰهُ رَبِّيْ لَا اُشْرِكُ بِهِ شَيْئًا

അല്ലാഹുവാണ് എന്റെ റബ്ബ്, അല്ലാഹുവാണ് എന്റെ റബ്ബ്. അവനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. *(സുനൻ അബീദാവൂദ്, കിതാബുൽ വിത്ർ, ഹദീസ് 1525).*

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്ത് ഓതണം എന്ന് ആളുകൾ ചോദിക്കാറുണ്ട്, അത്തരം സാഹചര്യങ്ങളിൽ ചൊല്ലാൻ പറ്റിയ ഒരു പ്രാർത്ഥനയാണിത്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്ന മറ്റൊരു ചരിത്രത്തിൽ നബി(സ) പരിഭ്രാന്തിയും മന:പ്രയാസവും ഉള്ളപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

لَا اِلٰهَ اِلَّا اللّٰهُ الْعَظِيْمُ الْحَلِيْمُ، لَا اِلٰهَ اِلَّا اللّٰهُ رَبُّ
السَّمٰوَاتِ وَالْاَرْضِ، وَرَبُّ الْعَرْشِ الْعَظِيْمِ

**മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആകാശഭൂമികളുടെ നാഥനും അത്യുന്നതമായ അർശിന്റെ നാഥനുമായ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല.** *(സഹീഹ് ബുഖാരി, കിതാബുദ്ദഅ്‌വാത്ത്, ഹദീസ് 6345).*

ഹദ്റത്ത് അബൂ റിംസ(റ) നിവേദനം ചെയ്യുന്നു: എന്റെ പിതാവ് ഒരിക്കൽ നബി(സ)യോട് അപേക്ഷിച്ചു, അങ്ങയുടെ മുതുകിലുള്ള ആ അടയാളം (മുദ്ര) എനിക്കൊന്ന് കാണിച്ചുതരൂ, കാരണം ഞാനൊരു വൈദ്യനാണ്. അപ്പോൾ നബി(സ) പറഞ്ഞു:

**യഥാർത്ഥ വൈദ്യൻ അല്ലാഹുവാണ്, നീ ഒരു സുഹൃത്ത് മാത്രമാണ്. നീ രോഗിക്ക് സമാധാനവും ആശ്വാസവും നൽകുന്നു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചവനാണ് യഥാർത്ഥ വൈദ്യൻ, അവനാണ് രോഗശമനം നൽകുന്നവനും.**

*(സുനൻ അബീദാവൂദ്, കിതാബുത്തറജ്ജുൽ, ഹദീസ് 4207. ഔനുൽ മഅ്ബൂദ്, വാല്യം 11, പേജ് 175, ഹദീസ് 4201. ദാറുൽ കുതുബിൽ ഇൽമിയ്യ ബെയ്റൂട്ട് 1990).*

ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ) നിവേദനം ചെയ്യുന്നു: നബി(സ) പറയുന്നു:

അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും മുഹമ്മദ്(സ) അവന്റെ ദാസനും ദൂതനുമാണെന്നും, ഈസാ(അ) അല്ലാഹുവിന്റെ ദാസനും അവന്റെ ദാസിയുടെ മകനുമാണെന്നും അല്ലാഹു മറിയമിലേക്ക് ഇട്ടുകൊടുത്ത അവന്റെ വചനമാണെന്നും അവനിൽ നിന്നുള്ള ഒരു ആത്മാവാണെന്നും, സ്വർഗവും നരകവും സത്യമാണെന്നും ആര് സാക്ഷ്യം വഹിക്കുന്നുവോ, അല്ലാഹു അവനെ സ്വർഗത്തിന്റെ എട്ട് വാതിലുകളിൽ അയാൾ ഉദ്ദേശിക്കുന്നതിലൂടെ പ്രവേശിപ്പിക്കുന്നതാണ്.

ഉമൈർ ബിൻ ഹാനിഅ് ഇതേ പരമ്പരയിലൂടെ നിവേദനം ചെയ്യുന്ന മറ്റൊരു ചരിത്രത്തിൽ, അയാളുടെ കർമ്മങ്ങൾ എങ്ങനെയുള്ളതായാലും അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമെന്ന് സ്ഥിരീകരിക്കുന്നു. എന്നാൽ രണ്ടാമത്തെ ഈ നിവേദനത്തിൽ എട്ട് വാതിലുകൾ എന്ന പരാമർശമില്ല. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീസ് 28).*

ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറയുന്നു:

**ഇസ്‌ലാമിന്റെ അടിസ്ഥാനം അഞ്ച് കാര്യങ്ങളിന്മേലാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനല്ലാത്ത മറ്റെല്ലാ ആരാധ്യന്മാരെയും നിഷേധിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, ബൈത്തുല്ലാഹിൽ ഹജ്ജ് നിർവ്വഹിക്കുക, റമദാനിൽ വ്രതമനുഷ്ഠിക്കുക.** *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ഹദീസ് 16).*

മുഹാജിറായ ഒരു വനിതയായിരുന്ന ഹദ്റത്ത് യസീറ(റ) നിവേദനം ചെയ്യുന്നു: നബി(സ) സ്ത്രീകളോട് ഇപ്രകാരം പറയുന്നു:

**നിങ്ങൾ സ്ത്രീകൾ തസ്ബീഹും തഹ്‌ലീലും തഖ്ദീസും (അല്ലാഹുവിന്റെ പരിശുദ്ധിയും ഏകത്വവും മഹത്വവും ചൊല്ലുന്നത്) പതിവാക്കുക. അശ്രദ്ധ കാണിക്കരുത്, അങ്ങനെ ചെയ്താൽ നിങ്ങൾ തൗഹീദ് മറന്നുപോകും. നിങ്ങളുടെ വിരലുകളിൽ എണ്ണി സ്തുതികൾ ചൊല്ലുക,** കാരണം ഖിയാമത്ത് നാളിൽ ആ വിരലുകളോട് ചോദിക്കപ്പെടുകയും അവ സംസാരിക്കുകയും ചെയ്യും. അതായത്, എണ്ണിക്കൊണ്ടും അല്ലാഹുവിനെ സ്മരിക്കുക, അവന്റെ പരിശുദ്ധിയും ഏകത്വവും കീർത്തിക്കുക. *(അൽ മുസ്തദ്റക് അലസ്സ്വഹീഹൈൻ, കിതാബുദ്ദുആ, വാല്യം 1, പേജ് 732, ഹദീസ് 2007).*

**ചുരുക്കത്തിൽ ഒരു സന്ദർഭത്തിലും ഒരു സദസ്സിലും ഒരു വിഭാഗത്തിനിടയിലും അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ചും അവന്റെ മഹത്വ ത്തെക്കുറിച്ചും ഉപദേശിക്കാനുള്ള ഒരവസരവും തിരുനബി(സ) പാഴാക്കിയിട്ടില്ല.**

ഈ വിഷയത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു ഖുതുബയിൽ ഇപ്രകാരം പറയുന്നു:

തിരുനബി(സ)ക്ക് ഇക്കാര്യത്തിൽ ഏറെ ആവേശമുണ്ടായിരുന്നു, നബി(സ)ന്റെ ശത്രുക്കൾ പോലും അത് സമ്മതിക്കുന്നു. ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും എല്ലാ സമയത്തും നബി(സ) ***അല്ലാഹു, അല്ലാഹു*** എന്ന് സ്മരിച്ചുകൊണ്ടിരുന്നു.

ഫ്രഞ്ച് ചരിത്രകാരനായ ലാമാർട്ടിൻ (Alphonse de Lamartine) ഇപ്രകാരം എഴുതുന്നു:

മുഹമ്മദിന് (സ) മേൽ നിങ്ങൾ എന്ത് ആരോപണമോ ആക്ഷേപമോ ഉന്നയിച്ചോളു, പക്ഷേ ലോകം ഉണ്ടായ കാലം മുതൽ മറ്റൊരാളിലും കാണാത്ത ഒരു പ്രത്യേകത എനിക്ക് അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞു. അതെന്തെന്നാൽ, അദ്ദേഹം **പ്രവാചകത്വം പ്രഖ്യാപിച്ച നാൾ മുതൽ മരണം വരെ ഒരേയൊരു വാക്ക് മാത്രമാണ് അദ്ദേഹത്തിന്റെ നാവിൽ ഉണ്ടായിരുന്നത്, അത് അല്ലാഹു എന്നതായിരുന്നു. അല്ലാഹുവിന്റെ അസ്തിത്വം ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കണമെന്നും അവനെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കണമെന്നും ഉള്ള ഒരു തീവ്രമായ ദാഹം അദ്ദേഹത്തിനുണ്ടായിരുന്നു.**

നബി(സ) എപ്പോഴും അല്ലാഹു എന്ന് സ്മരിച്ചുകൊണ്ടിരുന്ന ആ പ്രവൃത്തിയെ ഉന്മാദം (ജുനൂൻ) എന്ന് വിളിക്കുന്നവർ പോലും സമ്മതിക്കുന്ന ഒരു കാര്യമെന്തെന്നാൽ ദൈവത്തെയും ദൈവത്തിന്റെ ഏകത്വ ത്തെയും ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നതായിരുന്നു നബി(സ)യുടെ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമായ ആദ്യത്തെ ദൗത്യം.

ആ ചരിത്രകാരൻ പറയുന്നു: **ഇതൊരു ഭ്രാന്താണെങ്കിൽ തന്നെയും, ഇത്തരമൊരു ഭ്രാന്ത് വെച്ചുപുലർത്തിയ വ്യക്തിയെ പിൽക്കാലത്തുള്ളവർ പൂർണ്ണമനുഷ്യനായിട്ടാണ് കണ്ടത്.** ഇനി പൂർണ്ണമനുഷ്യനായി കണ്ടില്ലെങ്കിൽ പോലും രാപ്പകൽ **അല്ലാഹു, അല്ലാഹു** എന്ന് സ്മരിക്കുകയും അവന്റെ ഏകത്വവും ഗുണഗണങ്ങളും ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ എപ്പോഴും പരിശ്രമിക്കുകയും ചെയ്യുന്ന ഒരാൾ ഒരിക്കലും ഒരു മോശം മനുഷ്യനാകില്ലെന്ന് അവർ ഉറച്ചു വിശ്വസിച്ചു; ചുരുക്കത്തിൽ, നബി(സ)യുടെ ഈ അവസ്ഥ കാണുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഇതാണ്:

നബി(സ)യുടെയും മറ്റ് എല്ലാ പ്രവാചകന്മാരുടെയും ഈലോകത്തേക്കുള്ള നിയോഗലക്ഷ്യം ശിർക്ക് തുടച്ചുനീക്കുക എന്നതും അല്ലാഹുവിന്റെ അസ്തിത്വം ലോകത്തെക്കൊണ്ട്

അംഗീകരിപ്പിക്കുക എന്നതുമാണ്. അവന്റെ ഏകത്വം ലോകത്തെങ്ങും പ്രചരിപ്പിക്കുക എന്നതാണ് പ്രവാചകന്മാരുടെ ദൗത്യം. *(ഖുതുബാതെ മഹ്മൂദ്, വാല്യം 9, പേജ് 260,261)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു ഖുതുബയിൽ ഇപ്രകാരം കൂടി പറയുന്നു:

നബി(സ)യുടെ പദവി എത്ര ഉന്നതമാണെങ്കിലും, അവിടുത്തോട് നമുക്ക് എത്രമാത്രം സ്നേഹമുണ്ടാമ്യാലും അല്ലാഹുവിന്റെ മഹത്വം അവിടുത്തെ പദവിയേക്കാൾ എത്രയോ മുകളിലാണെന്ന കാര്യം നാം എപ്പോഴും ഓർക്കണം. **അല്ലാഹു ആദിമധ്യാന്തമില്ലാത്തവനും നിത്യനുമാണ്. മുഹമ്മദ് മുസ്തഫാ(സ) അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലെ ഏറ്റവും വലിയ ഒരനുഗ്രഹമാണ്.** ദൈവത്തിന് മാത്രം അർഹമായ പദവി നബി(സ)ക്ക് നൽകുന്നത് അവിടുത്തെ വ്യക്തിത്വത്തോടുള്ള ശത്രുതയായിരിക്കും. കാരണം ദൈവത്തിനുള്ള സ്ഥാനം നൽകുന്നത് നബി(സ) ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല (മുൻപ് വിവരിച്ച ഹദീസുകളിൽ നിന്ന് ഇത് വ്യക്തമാണല്ലോ). അവിടുത്തെ ഓരോ പ്രവൃത്തിയും ഇതിന് മതിയായ തെളിവാണ്. ഏതൊരു കരുത്തനായ മനുഷ്യനും ചെയ്യാൻ സാധിക്കാത്ത വലിയ കാര്യങ്ങൾ നബി(സ)ക്ക് ചെയ്യാൻ സാധിച്ചത് അല്ലാഹുവിന്റെ ശക്തി കൊണ്ടാണ്.

നബി(സ)യുടെ വഫാത്തിന് തൊട്ടു മുമ്പുള്ള ആ നിമിഷങ്ങളിൽ അവിടുന്ന് കഠിനമായ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: മരണസമയത്ത് വലിയ വേദന അനുഭവിക്കുന്നവർ നല്ല ആളുകളായിരിക്കില്ല എന്ന് ഞാൻ മുൻപ് കരുതിയിരുന്നു. എന്നാൽ നബി(സ)യുടെ അവസ്ഥ കണ്ടപ്പോൾ എന്റെ ആ അഭിപ്രായം എനിക്ക് മാറ്റേണ്ടി വന്നു. അങ്ങേയറ്റത്തെ വേദനയുള്ള ആ സമയത്തും അല്ലാഹുവിന്റെ സ്ഥാനത്തെക്കുറിച്ച് നബി(സ)ക്ക് വലിയ ചിന്തയുണ്ടായിരുന്നു. തന്റെ അനുയായികൾക്ക് തന്നോട് വലിയ സ്നേഹമാണെന്നും അതിനാൽ അവർ തന്റെ പദവിയുടെ കാര്യത്തിൽ അതിരുകടന്നേക്കാമെന്നും അവിടുത്തേക്ക് അറിയാമായിരുന്നു. അതിനാൽ ആ കഠിന വേദനയ്ക്കിടയിലും നബി(സ)യുടെ നാവിൽ നിന്ന് ഇപ്രകാരം വാക്കുകൾ ആവർത്തിച്ചു വന്നുകൊണ്ടിരുന്നു:

തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ ആരാധനാലയങ്ങളാക്കി മാറ്റിയ യഹൂദികളെയും നസാറാക്കളെയും (ക്രൈസ്തവർ) അല്ലാഹു ശപിക്കട്ടെ. നബി(സ) ഇത് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

ചുരുക്കത്തിൽ, **തന്റെ ജനതയ്ക്ക് അവിടുന്ന് നൽകിയ അവസാനത്തെ ഉപദേശവും പാഠവും ഇതായിരുന്നു:**

**എനിക്ക് നിങ്ങൾ ശിർക്കിന്റെ പദവി നൽകരുത്. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ ഞാൻ അതിൽ സന്തോഷിക്കുമെന്ന് കരുതരുത്, മറിച്ച് എന്റെ ആത്മാവ് അപ്രകാരം ചെയ്യുന്നവരെ ശപിക്കുകയാണ് ചെയ്യുക.**

അതുകൊണ്ട് നബി(സ)യുടെ പദവി എത്ര വലുതാണെങ്കിലും, അല്ലാഹുവിന്റെ പദവിക്ക് കുറവ് വരുത്തുന്ന രീതിയിലുള്ള ഒരു സ്ഥാനവും നബി(സ)യിലേക്ക് ചേർക്കരുത്. അത് നബി(സ)ക്ക് സന്തോഷം നൽകുന്ന ഒന്നല്ല, മറിച്ച് അപ്രകാരം ചെയ്യുന്നവർക്ക് നബി(സ)യുടെ ശാപമാണ് ലഭിക്കുക. മരണസമയത്തെ ശാപം എന്നത് അങ്ങേയറ്റം ഭയാനകമാണ്. സത്യമതം പിന്തുടരാത്തവർ പോലും, ഉദാഹരണത്തിന് ഹിന്ദുക്കൾ, മരണസമയത്തുള്ള ശാപ പ്രാർഥനക്ളെ വളരെയധികം ഭയപ്പെടുന്നു. മാതാപിതാക്കൾ മരിക്കുമ്പോൾ അവരുടെ ശാപം ഏൽക്കുമോ എന്ന് ആളുകൾ പേടിക്കാറുണ്ട്. എന്നാൽ **സർവ്വ പ്രവാചകന്മാരുടെയും നേതാവായ അല്ലാഹുവിന്റെ റസൂൽ(സ) അത്തരം ഒരു അവസ്ഥയിൽ നിങ്ങൾക്കുമേൽ ശാപമുണ്ടാകട്ടെ എന്ന് പറയുമ്പോൾ അതിന്റെ ഗൗരവം എത്ര വലുതായിരിക്കണം!** അതൊരു വലിയ ശാപമാണ്, അതിൽ നിന്ന് നാം രക്ഷപ്പെടേണ്ടതുണ്ട്.

ഞാൻ മുൻപും ഒരിക്കൽ പറഞ്ഞതുപോലെ, നബി(സ)യുടെ ഖബറിൽ ഇപ്രകാരമൊന്നും സംഭവിക്കുന്നില്ലെങ്കിലും പീർമാരുടെയും ഫക്കീർമാരുടെയും ഖബറുകളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഇതേ കാര്യങ്ങളാണ്. നബി(സ)യുടെ പ്രാർത്ഥന പ്രകാരം ഇതൊരു ശാപമാണ്. *(ഖുതുബാതെ മഹ്മൂദ്, വാല്യം 20, പേജ് 600,601).*

ചുരുക്കത്തിൽ നബി(സ)യുടെ സത്യസന്ധനായ ദാസനെ വിശ്വസിക്കുന്നവരായ നാം തൗഹീദിന്റെ യാഥാർത്ഥ്യം തിരിച്ചറിഞ്ഞും തൗഹീദ് സ്ഥാപിക്കുന്നതിനായി നബി(സ) അനുഭവിച്ച വേദന മനസ്സിലാക്കിയും യഥാർത്ഥ ഏകദൈവ വിശ്വാസികളാകാൻ പൂർണ്ണമായും പരിശ്രമിക്കണം. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ.

**യുദ്ധസാഹചര്യങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയും ഇസ്രായേലും തങ്ങളുടെ ആധിപത്യം ലോകം മുഴുവൻ, പ്രത്യേകിച്ച് മുസ്‌ലിം ലോകത്ത് സ്ഥാപിക്കാനുള്ള ശ്രമത്തിലാണ്. ഫലസ്തീൻ യുദ്ധം ആരംഭിച്ച സമയത്ത് ഇസ്രായേൽ പ്രസിഡന്റ് പറഞ്ഞത് ഈ പ്രദേശത്തിന്റെ, പ്രത്യേകിച്ച് അറബ് രാജ്യങ്ങളുടെ ഭൂപടം തന്നെ മാറ്റപ്പെടുമെന്നാണ്. ഈ ഭൂപടം മാറ്റാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഇവർ എങ്ങോട്ടാണ് നീങ്ങുന്നതെന്ന് മുസ്‌ലിം ലോകം ഇപ്പോഴെങ്കിലും മനസ്സിലാക്കി ഒന്നിക്കേണ്ടത് അനിവാര്യമാണ്.**

അമേരിക്കയും ഇറാനും മറ്റ് രാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങളിൽ പാകിസ്ഥാൻ മധ്യസ്ഥതയ്ക്ക് ശ്രമിക്കുന്നുണ്ടെന്ന് കേൾക്കുന്നു. അറബ് രാജ്യങ്ങൾക്കും നഷ്ടങ്ങൾ സംഭവിക്കുന്നതിനാലാണ് പാകിസ്ഥാൻ ഇത്തരമൊരു ശ്രമം നടത്തുന്നത്. എന്നാൽ ഇതിന്റെ പേരിൽ ഇറാന്റെ ചില കേന്ദ്രങ്ങളിൽ തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ട്. ഇറാന്റെ അതിർത്തിയോട് ചേർന്നുള്ള പാകിസ്ഥാൻ പ്രദേശങ്ങളിൽ അമേരിക്കൻ സൈനികർക്ക് പാകിസ്ഥാൻ പരിശീലനം നൽകുന്നുണ്ടെന്നും ഇറാന്റെ ശത്രുക്കളെ സഹായിക്കുന്നുണ്ടെന്നും അവിടുത്തെ ചില നിരീക്ഷകർ ആരോപിക്കുന്നു. എന്നാൽ ഇത് തികച്ചും തെറ്റായ കാര്യമാണ്. പാകിസ്ഥാൻ ഇത് നിഷേധിച്ചിട്ടുണ്ട്.

**ശത്രുക്കൾ ഈ സാഹചര്യം മുതലെടുത്ത് അശാന്തി പടർത്താൻ ആഗ്രഹിക്കുന്നു; മുസ്‌ലിം രാജ്യങ്ങൾ ഒരിക്കലും പരസ്പരം സഹായിക്കാതിരിക്കാൻ വേണ്ടിയാണിത്. അതിനാൽ വളരെയധികം പ്രാർത്ഥനകൾ ആവശ്യമാണ്. ഇത്തരം കാര്യങ്ങൾക്കായി പ്രാർത്ഥിക്കാനും ഇസ്‌ലാമിക രാജ്യങ്ങളെ ഐക്യത്തിന്റെ ചരടിൽ കോർക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.**

(അവ: അൽഫദ്ൽ ഇന്റർനാഷണൽ, 2026 ഏപ്രിൽ 27)

വിവ: അബൂഅത്തിയ

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കോഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൻറെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്വ്‌രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്‌ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്‌ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മന:പാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:
Email: qdnwaqfenau@gmail.com
WAQFENAU DEPARTMENT (NAZARAT TALEEM)
Darul Balagh, CIVIL LINE, QADIAN
DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872500975

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

# ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ, ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ഉന്നതമായ തവക്കുൽ (അല്ലാഹുവിൽ ഭരമേല്പിക്കൽ)

(മർഹൂം മലിക് സ്വലാഹുദ്ദീൻ സാഹിബ് രചിച്ചഹദ്റത്ത് മലിക് ഗുലാം ഫരീദ് സാഹിബിന്റെ ജീവചരിത്രത്തിൽ നിന്ന് എടുത്തത്.)

## 1. കടം വീട്ടലും അല്ലാഹുവിലുള്ള വിശ്വാസവും:

ജമ്മു കശ്മീർ സ്റ്റേറ്റിലെ ജോലി കഴിഞ്ഞ് മടങ്ങുന്ന സമയത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരാൾക്ക് 1,95,000 രൂപ കടം വീട്ടാനുണ്ടായിരുന്നു. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) പറഞ്ഞതായി മിയാൻ മുഹമ്മദ് അബ്ദുറഹ്മാൻ ഖാൻ സാഹിബ്(റ) വിവരിക്കുന്നു:

കടം വീട്ടുന്നതിനായി ആദ്യ ഗഡുവായി അദ്ദേഹം അയച്ചു കൊടുത്തത് വെറും അഞ്ച് രൂപ മാത്രമായിരുന്നു. ഇത്ര വലിയ തുകയ്ക്ക് പകരമായി ഇത്ര ചെറിയ തുക കണ്ടപ്പോൾ കടക്കാരൻ എഴുതി: നിങ്ങൾ എന്നെ പരിഹസിക്കുകയാണോ?

ഹദ്റത്ത് ഖലീഫ അവ്വൽ(റ) മറുപടി നൽകി: നിലവിൽ എന്റെ കൈവശം ഇത്രയുമേ ഉണ്ടായിരുന്നുള്ളു, അത് ഞാൻ അയച്ചു. കടം എന്റെ ഉത്തരവാദിത്തമാണ്, ഞാൻ തന്നെ അത് വീട്ടും. നിങ്ങൾ വിഷമിക്കേണ്ടതില്ല.

പുറമെ നോക്കിയാൽ ഈ ഭീമമായ തുക വീട്ടാൻ മാർഗ്ഗമൊന്നുമില്ലെങ്കിലും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം അദ്ദേഹത്തിന് പൂർണ്ണ ബോധ്യം നൽകിയിരുന്നു.

## 2. ലൗകിക പദവികളേക്കാൾ ദീനി സേവനത്തിന് മുൻഗണന:

കശ്മീർ മഹാരാജാവ് പെട്ടെന്ന് ജോലിയിൽ നിന്ന് പിരിച്ചുവിട്ട് സ്റ്റേറ്റ് വിട്ടുപോകാൻ ആവശ്യപ്പെട്ടതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറഞ്ഞതായി ഹദ്റത്ത് മലിക് ഗുലാം മുഹമ്മദ് സാഹിബ് വിവരിക്കുന്നു. കുറച്ചു കാലത്തിന് ശേഷം താൻ ചെയ്തത് ശരിയായില്ലെന്ന് മഹാരാജാവിന് തോന്നി. അദ്ദേഹം ആളയച്ചു പറഞ്ഞു: താങ്കൾ തിരികെ വരണം, പഴയതിനേക്കാൾ വലിയ രീതിയിൽ ഞങ്ങൾ താങ്കൾക്ക് ആദരവ് നൽകാം.

അദ്ദേഹം മറുപടിയായി പറഞ്ഞു: നിങ്ങൾ ഒരു സ്റ്റേറ്റിന്റെ ഭരണാധികാരി മാത്രമാണ്. എന്നാൽ ഇപ്പോൾ ഞാൻ ഏത് വീടിന്റെ (ദൈവത്തിന്റെ) സേവകനായി മാറിയോ, അതിന് മുൻപിൽ ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യത്തിന്റെ ഭരണാധിപത്യം പോലും വെറും നിസ്സാരമായാണ് ഞാൻ കണക്കാക്കുന്നത്.

മലിക് സാഹിബ് എഴുതുന്നു:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പലതവണ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ജമ്മു കശ്മീർ മഹാരാജാവിന്റെ ജോലിയിൽ നിന്ന് പെട്ടെന്ന് പിരിഞ്ഞപ്പോൾ എനിക്ക് 1,95,000 രൂപ കടമുണ്ടായിരുന്നു. ഇത് ഏകദേശം 1892, 1893 കാലഘട്ടത്തിലാണ്. ആ ദിവസങ്ങളിൽ എന്നോട് വളരെ സ്നേഹമുള്ള ഒരു ഹിന്ദു സുഹൃത്ത് എന്റെ അടുത്ത് വരുമായിരുന്നു. എന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഞാൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചിരുന്നു, സ്വന്തമായി ഒന്നും കരുതി വെച്ചിരുന്നില്ല. സ്നേഹം കാരണം അദ്ദേഹം എന്നോട് പറയുമായിരുന്നു: ഹക്കീം സാഹിബ്! കുറച്ച് തുക സ്വന്തമായി കരുതി വെക്കണം. ഈ രാജാക്കന്മാരെ വിശ്വസിക്കാൻ കൊള്ളില്ല, ചെറിയ കാര്യങ്ങൾക്ക് പോലും അവർ പെട്ടെന്ന് ജോലിയിൽ നിന്ന് പിരിച്ചുവിടും. ഏത് ദൈവത്തിന്റെ മാർഗ്ഗത്തിലാണോ ഞാൻ പണം ചിലവാക്കുന്നത്, അവൻ സമയം വരുമ്പോൾ എന്നെ സഹായിക്കും എന്ന് മാത്രമായിരുന്നു ഞാൻ അദ്ദേഹത്തിന് നൽകിയിരുന്ന മറുപടി.

എനിക്ക് പെട്ടെന്ന് ജോലിയിൽ നിന്നുള്ള പിരിച്ചുവിടൽ ഉത്തരവ് ലഭിക്കുമ്പോൾ ആ ഹിന്ദു സുഹൃത്ത് എന്റെ അടുത്തുണ്ടായിരുന്നു. എനിക്ക് ജോലി നഷ്ടപ്പെട്ട വിവരം അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ഈ രാജാക്കന്മാരെ വിശ്വസിക്കാൻ കൊള്ളില്ലെന്ന് ഞാൻ നിങ്ങളോട് പറയുമായിരുന്നില്ലേ? ഇനി 1,95,000 രൂപ കടം വീട്ടാനുള്ള ആ വ്യക്തിക്ക് നിങ്ങൾ എന്ത് മറുപടി നൽകും? നിങ്ങൾ എന്റെ ഉപദേശത്തെ ഒട്ടും വിലവെച്ചിരുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അതിന്റെ ഗൗരവം മനസ്സിലാകും. ഞാൻ പറഞ്ഞു: നേരത്തെ നിന്റെ ഉപദേശത്തെ ഞാൻ എത്രത്തോളം നിസ്സാരമായി കണ്ടിരുന്നോ, ഇപ്പോഴും അതിനെ അത്ര തന്നെ നിസ്സാരമായിട്ടാണ് ഞാൻ കാണുന്നത്.

ഹിന്ദു സുഹൃത്ത് ഇത് പറഞ്ഞു തീരുന്നതിന് മുൻപേ, ഒരു മഹാറാണി അയച്ചു കൊടുത്ത ഏതാനും ആയിരം രൂപയുമായി ഒരാൾ അവിടെയെത്തി. നിലവിൽ എന്റെ കൈവശം ഇത്രയുമേ ഉള്ളൂ എന്ന ക്ഷമാപണത്തോടെയാണ് അവർ ആ തുക നൽകിയത്. തൊട്ടുപിന്നാലെ, എനിക്ക് 1,95,000 രൂപ കടം നൽകാനുള്ള വ്യക്തിയുടെ സഹായി എന്റെ അടുത്തെത്തി. അദ്ദേഹം പറഞ്ഞു: മൗലവി സാഹിബ് സ്റ്റേറ്റ് വിട്ടു പോവുകയാണെന്നും അദ്ദേഹത്തിന് പണത്തിന് ആവശ്യമുണ്ടാകുമെന്നും എന്റെ യജമാനൻ പറഞ്ഞു. അദ്ദേഹം എവിടെ വരെയാണോ പോകാൻ ഉദ്ദേശിക്കുന്നത്, അവിടം വരെ അദ്ദേഹത്തെയും സാധനസാമഗ്രികളെയും എത്തിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു കൊടുക്കാൻ അദ്ദേഹം എന്നോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഇത് കണ്ടപ്പോൾ ആ ഹിന്ദു സുഹൃത്ത് അസ്വസ്ഥനായി പറഞ്ഞു: ഈ വിഡ്ഢിയെ നോക്കൂ! തന്റെ കടം ചോദിച്ചില്ലെന്ന് മാത്രമല്ല, മൗലവി സാഹിബിന് കൂടുതൽ പണം നൽകാൻ തന്റെ ആളെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: സത്യത്തിൽ ദൈവത്തിന് ചിലരോട് പ്രത്യേക പരിഗണനയുണ്ട്. ഞങ്ങൾ പകൽ മുഴുവൻ പണിയെടുത്താലാണ് കുറച്ച് രൂപ കാണാൻ കഴിയുന്നത്, എന്നാൽ മൗലവി സാഹിബിന് ആവശ്യമായ പണം ചോദിക്കാതെ തന്നെ വന്നു ചേരുന്നു.

ഖാദിയാനിൽ ഇരുന്നുകൊണ്ട് തന്നെ അല്ലാഹു എന്റെ കടമെല്ലാം വീട്ടിത്തന്നുവെന്ന് ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറയുമായിരുന്നു. മലിക് ഗുലാം മുഹമ്മദ് സാഹിബ് ഖസൂരി(റ) ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരം വിവരിക്കുന്നു:

കശ്മീർ സ്റ്റേറ്റിൽ എല്ലാ വർഷവും മരത്തിന്റെ ലേലം നടക്കാറുണ്ടായിരുന്നു. ആ വർഷം ഒരാളുടെ ടെൻഡർ അംഗീകരിച്ചപ്പോൾ മഹാരാജാവ് ഒരു നിബന്ധന വെച്ചു; മരം വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭത്തിന്റെ പകുതി ഹക്കീം നൂറുദ്ദീൻ സാഹിബിന് നൽകണം. അല്ലാഹുവിന്റെ അത്ഭുതം നോക്കൂ, ആ വ്യക്തിക്ക് ആ വർഷം 3,90,000 രൂപ ലാഭം ലഭിച്ചു. നിബന്ധന പ്രകാരം അതിന്റെ പകുതിയായ 1,95,000 രൂപ എനിക്ക് ലഭിക്കുകയും എന്റെ കടം പൂർണ്ണമായും വീട്ടപ്പെടുകയും ചെയ്തു.

മർഹൂം മലിക് (ഗുലാം മുഹമ്മദ്) സാഹിബ് എന്നോട് കൂടുതൽ വിവരിച്ചു കൊണ്ട് പറയുന്നു: തൊട്ടടുത്ത വർഷവും മഹാരാജാവ് ഒരാളുടെ ടെൻഡർ അംഗീകരിച്ചപ്പോൾ, ലാഭത്തിന്റെ പകുതി മൗലവി സാഹിബിന് നൽകണമെന്ന അതേ നിബന്ധന തന്നെ വെച്ചു. ആ രണ്ടാമത്തെ വർഷം ലാഭം എത്രയായിരുന്നുവെന്ന് ഹദ്റത്ത് ഖലീഫ അവ്വൽ(റ) തന്നോട് പറഞ്ഞിരുന്നില്ലെന്ന് മർഹൂം മലിക് സാഹിബ് പറഞ്ഞു. എന്നാൽ ലാഭത്തിന്റെ പകുതി തുക ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന്റെ അടുത്തേക്ക് അയച്ചുകൊടുത്തപ്പോൾ അദ്ദേഹം അത് സ്വീകരിക്കാൻ വിസമ്മതിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: കഴിഞ്ഞ വർഷം എന്റെ രക്ഷിതാവ് എന്റെ കടം വീട്ടാനുള്ള മാർഗ്ഗം ഒരുക്കിത്തന്നതുകൊണ്ടാണ് ഞാൻ ആ തുക സ്വീകരിച്ചത്. ഇപ്പോൾ ആ കടം വീട്ടിക്കഴിഞ്ഞ സ്ഥിതിക്ക്, കൂടുതൽ തുക വാങ്ങാൻ എനിക്ക് അവകാശമില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

എന്റെ ആത്മീയ സഹോദരനെക്കുറിച്ച് പരാമർശിക്കാൻ എന്റെ ഹൃദയത്തിൽ വലിയ ആവേശം തോന്നുന്നു; അദ്ദേഹത്തിന്റെ നിഷ്കളങ്കതയുടെ പ്രകാശം പോലെ തന്നെ നൂറുദ്ദീൻ (ദീനിന്റെ പ്രകാശം) എന്നാണ് അദ്ദേഹത്തിന്റെ പേരും. തന്റെ ഹലാലായ സമ്പത്ത് ഇസ്ലാമിന്റെ ഔന്നത്യത്തിനായി ചിലവഴിച്ചുകൊണ്ട് അദ്ദേഹം നടത്തുന്ന ദീനി സേവനങ്ങളെ ഞാൻ എപ്പോഴും ആശ്ചര്യത്തോടെയാണ് നോക്കിക്കാണുന്നത്; ആ സേവനങ്ങൾ എനിക്കും നിർവ്വഹിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോകുന്നു... എന്റെ മാർഗ്ഗത്തിൽ തന്റെ സമ്പത്ത് മാത്രമല്ല, ജീവനും അന്തസ്സും നൽകാൻ പോലും അദ്ദേഹം മടി കാണിക്കുന്നില്ല.' (ഫത്ഹെ ഇസ്ലാം)

*(കുറിപ്പ്: താരീഖെ അഹ്മദിയ്യത്ത് വാല്യം 4, പേജ് 136ൽ കടത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ തവണ ലഭിച്ച ലാഭത്തിന്റെ പകുതി ആദ്യത്തേതിനേക്കാൾ കൂടുതലായിരുന്നുവെന്നും കശ്മീരിൽ നിന്ന് തുക അയച്ചു കൊടുത്തത് 1892ൽ ആയിരുന്നുവെന്നും അതിൽ പരാമർശിക്കുന്നുണ്ട്.)*

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS


# അഹ്മദിയ്യാ ഖിലാഫത്തും ആരാധനകളുടെ സംസ്ഥാപനവും

എച്ച്. ശംസുദ്ദീൻ കാവശ്ശേരി

മനുഷ്യസൃഷ്ടിയുടെ യഥാർത്ഥ ലക്ഷ്യം തന്റെ ആരാധനയാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ

ഞാൻ ജിന്നുകളെയും മനുഷ്യരെയും എനിക്ക് ആരാധന നടത്തുന്നതിന് വേണ്ടിയല്ലാതെ സൃഷ്ടിച്ചിട്ടില്ല. *(അദ്ദാരിയാത്ത്: 57)*

സൃഷ്ടിപ്പിന്റെ ഈ ലക്ഷ്യം പഠിപ്പിക്കുന്നതിനും മനുഷ്യനെ എപ്പോഴും ഇതിലേക്ക് ശ്രദ്ധ തിരിക്കുന്നതിനുമായി അല്ലാഹു എല്ലാ ജനതകളിലും പ്രവാചകന്മാരെയും ദൂതന്മാരെയും നിയോഗിച്ചുകൊണ്ടിരുന്നു. അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِيْ كُلِّ اُمَّةٍ رَّسُوْلًا اَنِ اعْبُدُوا اللّٰهَ وَاجْتَنِبُوا الطَّاغُوْتَ

തീർച്ചയായും അല്ലാഹുവിനെ ആരാധിക്കണമെന്നും ത്വാഗൂത്തിനെ (പിശാചിനെ) വെടിയണമെന്നും സന്ദേശം നൽകാനായി ഓരോ ഉമ്മത്തിലും നാം ഓരോ റസൂലിനെ അയച്ചിട്ടുണ്ട്. *(അന്നഹ്ൽ: 37)*

ഒരു പ്രവാചകന്റെ വിയോഗത്തിന് ശേഷം അദ്ദേഹത്തിന്റെ ദൗത്യം ഖിലാഫത്തിന്റെ തണലിൽ തുടരുന്നു. തിരുനബി(സ) പറയുന്നു:

مَا مِنْ نُبُوَّةٍ قَطُّ اِلَّا تَبِعَتْهَا خِلَافَةٌ

യാതൊരു പ്രവാചകത്വവും അതിനുശേഷം ഖിലാഫത്ത് സ്ഥാപിതമാകാതെ കടന്നുപോയിട്ടില്ല. *(കൻസുൽ ഉമ്മാൽ, വാല്യം 6, പേജ് 109)*

ഖുർആനിലെ ആയത്തുൽ ഇസ്തിഖ്‌ലാഫിൽ (ഖിലാഫത്തിനെ സംബന്ധിച്ച വചനം) ദൈവിക ഖലീഫമാരുടെ ഒരു അടയാളം ഇപ്രകാരം വിവരിക്കുന്നു:

يَعْبُدُوْنَنِي لَا يُشْرِكُونَ بِي شَيْئًا

അവർ എന്നെ ആരാധിക്കുന്നതാണ്, എന്നോട് യാതൊന്നിനെയും പങ്കുചേർക്കുന്നതല്ല.

ഈ വചനത്തിന് തൊട്ടുപിന്നാലെ ഖിലാഫത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അല്ലാഹു പറയുന്നു:

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ

നിങ്ങൾ നമസ്കാരം നിലനിർത്തുകയും സക്കാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ലഭിക്കുന്നതിനായി. *(അന്നൂർ: 57)*

മുസ്‌ലീം ഉമ്മത്തിൽ രണ്ട് തവണ **ഖിലാഫത്തുൻ അലാ മിൻഹാജിൻ നുബുവ്വ:** ഉണ്ടാകുമെന്ന് തിരുനബി(സ) പ്രവചിച്ചിട്ടുള്ളതായി ഹദീസുകളിൽ നിന്ന് വ്യക്തമാകുന്നു: ഒന്ന് തന്റെ വിയോഗത്തിന് തൊട്ടുപിന്നാലെയും, രണ്ടാമത്തേത് അവസാന കാലഘട്ടത്തിലും.

ആദ്യത്തെ പ്രവചനമനുസരിച്ച് ഖിലാഫത്ത് റാഷിദ സ്ഥാപിതമായി, രണ്ടാമത്തേതനുസരിച്ച് ഇന്ന് അഹ്മദിയ്യാ ഖിലാഫത്ത് തുടരുന്നു.

## ഖിലാഫത്ത് റാശിദ:

ഖിലാഫത്ത് റാശിദയുടെ ഏറ്റവും വലിയ സവിശേഷതയും ആകർഷീയതയും ആരാധനകൾ പ്രത്യേകിച്ച് നമസ്കാരം ആയിരുന്നു. അവർ സ്വയം നമസ്കാരത്തിലും പ്രാർത്ഥനയിലും അതീവ താല്പര്യമുള്ളവരായിരുന്നു എന്ന് മാത്രമല്ല, ഉമ്മത്തിൽ ആ ആവേശം നിലനിർത്തുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രം ആരാധനയുടെ അത്ഭുതകരമായ സംഭവങ്ങളാൽ പ്രശോഭിതമാണ്. അത്തരത്തിലുള്ള ചില സംഭവങ്ങളിലൂടെ നമുക്കൊന്ന് കണ്ണോടിക്കാം.

• തിരുനബി(സ)യുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ നമസ്കാരത്തിന് നേതൃത്വം (ഇമാമത്ത്) നൽകാൻ ഹദ്റത്ത് അബൂബക്കർ(റ)ന് അവസരം നൽകിയതിലൂടെ, അല്ലാഹു ഖിലാഫത്ത് എന്ന ഉന്നത പദവിയെക്കുറിച്ചുള്ള പ്രഖ്യാപനം തന്നെ നടത്തുകയായിരുന്നു.

• ഹദ്റത്ത് ഉമർ(റ) ജമാഅത്ത് നമസ്കാരത്തിന് എത്രത്തോളം പ്രാധാന്യം നൽകിയിരുന്നുവെന്നാൽ,

أَنَّهُ كَانَ يُوَكِّلُ رِجَالًا بِإِقَامَةِ الصُّفُوفِ فَلَا يُكَبِّرُ حَتَّى يُخْبَرَ أَنَّ الصُّفُوفَ قَدِ اسْتَوَتْ

അതായത്, സ്വഫുകൾ (അണികൾ) നേരെയാക്കാൻ അദ്ദേഹം ചില ആളുകളെ ചുമതലപ്പെടുത്തിയിരുന്നു. അണികൾ നേരെയായി എന്ന് വിവരം ലഭിക്കുന്നത് വരെ അദ്ദേഹം നമസ്കാരം തുടങ്ങാറില്ലായിരുന്നു. *(സുനൻ തിർമിദി, കിതാബുസ്സലാത്ത്, ഹദീഥ്: 227)*

• ഹദ്റത്ത് ഉസ്മാൻ(റ) തന്റെ എതിരാളികൾക്ക് നൽകിയ മുന്നറിയിപ്പിലെ വാക്കുകൾ ഇസ്‌ലാമിക ചരിത്രത്തിൽ ഖിലാഫത്തും ആരാധനകളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ മനോഹരമായി ചിത്രീകരിക്കുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ! **നിങ്ങൾ എന്നെ വധിക്കുകയാണെങ്കിൽ പിന്നെ** എനിക്ക് ശേഷം നിങ്ങൾക്ക് ഒരിക്കലും പരസ്പരം സ്നേഹത്തോടെ കഴിയാൻ സാധിക്കില്ല. **നിങ്ങൾക്ക് ഒരിക്കലും ഒരുമിച്ച് ചേർന്ന് നമസ്കരിക്കാൻ സാധിക്കില്ല,** ശത്രുവിനോട് ഐക്യത്തോടെ പോരാടാനും നിങ്ങൾക്ക് കഴിയില്ല.*(താരീഖുർറുസുലി വൽ മുലൂക് താരീഖുത്ത്വബരി)*

• ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച് ഹദ്റത്ത് അബൂഹുറൈറ(റ) ഇപ്രകാരം പറഞ്ഞതായി കാണാം: നമസ്കാരം അലി(റ)ന്റെ അടുത്താണ് ഉത്തമം, എന്നാൽ ഭക്ഷണം മുആവിയ(റ)ന്റെ അടുത്ത് നിന്നാണ് ഉത്തമമായി ലഭിക്കുന്നത്. *(ഖിലാഫത്ത് റാഷിദ, പേജ് 194)*

ചുരുക്കത്തിൽ, ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിൽ ഖലീഫമാരുടെ ആരാധനാനിരതമായ ജീവിതവും അത് ഉമ്മത്തിൽ വളർത്തിയെടുക്കാനുള്ള അവരുടെ കഠിനാധ്വാനവും ഇസ്‌ലാമിലെ ഏറ്റവും തിളക്കമാർന്ന അധ്യായമാണ്. ഒരിക്കൽ മുസ്‌ലിം സൈന്യത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ വന്ന ശത്രുപക്ഷത്തെ ഒരു ചാരനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് മുസ്‌ലീങ്ങളുടെ ആരാധനയായിരുന്നു. അയാൾ തുറന്നുപറഞ്ഞു: അവർ വിചിത്രമായ ഒരു വർഗ്ഗമാണ്; പകൽ സമയം മുഴുവൻ അവർ പോരാടുന്നു, രാത്രിയായാൽ എഴുന്നേറ്റ് നിന്ന് ദൈവത്തെ ആരാധിക്കുകയും അവനെ സ്മരിക്കുകയും ചെയ്യുന്നു *(അൽബിദായ വന്നിഹായ)*

എന്നാൽ ഖിലാഫത്ത് റാശിദയുടെ അന്ത്യം മുസ്‌ലിം ലോകത്തിന് വലിയൊരു ആഘാതമായിരുന്നു. ഒരു കവി പറഞ്ഞതുപോലെ:

مسجدیں مرثیہ خواں ہیں کہ نمازی نہ رہے
یعنی وہ صاحبِ اوصافِ حجازی نہ رہے

നമസ്കരിക്കുന്നവർ ഇല്ലാതായതിൽ പള്ളികൾ വിലാപകാവ്യങ്ങൾ ചൊല്ലുന്നു; അതായത് ആ ഹിജാസി ഗുണങ്ങളുള്ളവർ ഇല്ലാതായിരിക്കുന്നു.

ഈ ദയനീയാവസ്ഥയിൽ നിന്ന് ഇസ്‌ലാമിനെ രക്ഷിക്കാൻ അല്ലാഹു നിശ്ചിത സമയത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ ഉമ്മത്തി നബിയായി, മസീഹ് മൗഊദും മഹ്ദി മൗഊദുമായി നിയോഗിച്ചു. തിരുനബി(സ) ഒരേ ഹദീസിൽ തന്നെ നാല് തവണ അദ്ദേഹത്തെ **‘നബിയുല്ലാഹ്’** (ദൈവത്തിന്റെ പ്രവാചകൻ) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

തന്റെ പദവിയെയും സ്ഥാനത്തെയും കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

‘ദൈവത്തിൽ നിന്ന് രണ്ട് നാമങ്ങൾ എനിക്ക് ലഭിച്ചു. ഒന്ന് ‘ഉമ്മത്തി’ എന്ന പേര്, അത് എന്റെ ‘ഗുലാം അഹ്മദ്’എന്ന പേരിൽ നിന്ന് വ്യക്തമാണ്. രണ്ടാമതായി, പ്രതിബിംബ രൂപത്തിൽ (സില്ലിത്താവം) ‘നബി’ എന്ന് എന്നെ വിളിച്ചു. ബറാഹീനെ അഹ്മദിയ്യയുടെ മുൻഭാഗങ്ങളിൽ അല്ലാഹു എനിക്ക് ‘അഹ്മദ്’ എന്ന് പേരിടുകയും ആ പേരിൽ വീണ്ടും വീണ്ടും വിളിക്കുകയും ചെയ്തതുപോലെ. ഞാൻ സില്ലിത്താവത്തിൽ ഒരു നബിയാണെന്നതിലേക്കുള്ള സൂചനയായിരുന്നു അത്. അതിനാൽ ഞാൻ ഒരു ഉമ്മത്തിയും അതോടൊപ്പം സില്ലിത്താവത്തിൽ ഒരു നബിയുമാണ്.’ *(റൂഹാനി ഖസൈൻ വാല്യം 21, പേജ് 360)*

തന്റെ നിയോഗ ലക്ഷ്യത്തെക്കുറിച്ച് അവിടുന്ന് പറയുന്നു:

‘ദൈവം എന്നെ നിയോഗിച്ചിട്ടുള്ള ദൗത്യം ഇതാണ്: ദൈവവും അവന്റെ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നുചേർന്ന അശുദ്ധികൾ നീക്കം ചെയ്ത്, സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ബന്ധം പുന:സ്ഥാപിക്കുക.’ *(റൂഹാനി ഖസൈൻ വാല്യം 20, പേജ് 180)*

തന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ ശേഷം 1908 മെയ് 26ന് അവിടുന്ന് ഈ നശ്വര ലോകത്തോട് വിടപറഞ്ഞു. തൊട്ടടുത്ത ദിവസം തന്നെ അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് വീണ്ടും **ഖിലാഫത്തുൻ അലാ മിൻഹാജിൻ നുബുവ്വ:** സ്ഥാപിതമാക്കി. ഖിലാഫത്ത് അഹ്മദിയ്യയുടെ നൂറു വർഷത്തെ ചരിത്രം നൽകുന്ന ഏറ്റവും വലിയ തെളിവ്, ആരാധനകൾ നിലനിർത്തുക എന്നത് ഖലീഫമാരുടെ സവിശേഷ ഗുണമാണ് എന്നതാണ്.

## ഒന്നാം ഖിലാഫത്തും ആരാധനകളും

ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)നെ അല്ലാഹു പ്രഥമ ഖലീഫയായി അവരോധിച്ചു. അദ്ദേഹത്തിന്റെ ഭക്തിക്കും സൂക്ഷ്മതയ്ക്കും ലോകം മുഴുവൻ സാക്ഷിയാണ്. ആരാധനകളുടെ കാര്യത്തിൽ അക്കാലത്തെ എല്ലാ വിശ്വാസികൾക്കിടയിലും അദ്ദേഹം വേറിട്ടുനിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പോലും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള (ഇമാമത്തിലുള്ള) നമസ്കാരത്തിന് മുൻഗണന നൽകിയിരുന്നു. പല കാര്യങ്ങളിലും, പ്രത്യേകിച്ച് ഫിഖ്ഹി സംബന്ധമായ പ്രശ്നങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോടാണ് ഉപദേശം തേടിയിരുന്നത്. ഐച്ഛിക നമസ്കാരങ്ങൾക്ക് വേണ്ടി അദ്ദേഹത്തിന്റെ വീട്ടിൽ ഒരു ബൈത്തുദുആ (പ്രാർത്ഥനാ മുറി) ഉണ്ടായിരുന്നു. ജമാഅത്തിലെ അംഗങ്ങളെ നമസ്കാരത്തിലേക്ക് എപ്പോഴും ശ്രദ്ധ തിരിക്കാൻ അദ്ദേഹം പരിശ്രമിച്ചു.

ബൈഅത്തിന്റെ നിബന്ധനകളിൽ അദ്ദേഹം ഇപ്രകാരം ഒരു വാചകം കൂടി കൂട്ടിച്ചേർത്തു:

**നമസ്കാരം കൃത്യമായി പാലിക്കുമെന്നും സക്കാത്തും ഹജ്ജും എന്റെ കഴിവിനനുസരിച്ച് നിർവ്വഹിക്കാൻ സന്നദ്ധനായിരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.** (*ഹയാത്തെ നൂർ, പേജ് 337)*

## മസ്ജിദ് നൂർ നിർമ്മാണത്തിനായുള്ള ആഹ്വാനം

ഒന്നാം ഖിലാഫത്ത് കാലത്തെ പ്രധാനപ്പെട്ട മൂന്ന് സാമ്പത്തിക ആഹ്വാനങ്ങളും മദ്റസ തഅ്ലീമുൽ ഇസ്ലാമുമായി ബന്ധപ്പെട്ടവയായിരുന്നു. മദ്റസയുടെ സ്വന്തം കെട്ടിടത്തോടൊപ്പം ഒരു ബോർഡിംഗ് ഹൗസും പള്ളിയും അവിടെ അത്യന്താപേക്ഷിതമായിരുന്നു. *(താരീഖെ അഹ്മദിയ്യ വാല്യം 3, പേജ് 312)*

## വെള്ളിയാഴ്ച അവധി

വെള്ളിയാഴ്ച അവധി നൽകുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ), 1911 ഡിസംബർ 12ന് ഡൽഹിയിൽ വെച്ച് ബ്രിട്ടീഷ് ചക്രവർത്തി ജോർജ്ജ് അഞ്ചാമന്റെ സ്ഥാനാരോഹണ വേളയിൽ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. വൈസ്രോയി മുഖേന ബ്രിട്ടീഷ് രാജാവിന് സമർപ്പിച്ച ആ നിവേദനത്തിൽ, മുസ്ലീംകൾക്ക് ജുമുഅ നമസ്കാരം നിർവ്വഹിക്കുന്നതിനായി എല്ലാ വെള്ളിയാഴ്ചയും രണ്ട് മണിക്കൂർ വീതം അവധി നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. *(താരീഖെ അഹ്മദിയ്യാ, വാല്യം 3, പേജ് 379,381)*

## രണ്ടാം ഖിലാഫത്തും ആരാധനകളുടെ സംസ്ഥാപനവും

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ന്റെ 52 വർഷം നീണ്ടുനിന്ന ഖിലാഫത്ത് കാലഘട്ടം ആരാധനകൾ നിലനിർത്തുന്ന കാര്യത്തിൽ ഒരു നാഴികക്കല്ലാണ്. നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നിവയുടെ തത്വങ്ങൾ വളരെ ലളിതമായ ഭാഷയിൽ അദ്ദേഹം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുത്തു എന്ന് മാത്രമല്ല, അവയുടെ മേൽനോട്ടത്തിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## ആരാധനകൾക്കായുള്ള ആഹ്വാനം:

നമസ്കാരം വിശ്വാസിയുടെ മിഅ്റാജ് ആണ്. അതിനാൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ എല്ലാ നിർദ്ദേശങ്ങളും ദൈവവുമായുള്ള ബന്ധത്തിനും നമസ്കാരത്തിനും ചുറ്റുമാണ് കറങ്ങുന്നത്.

1955 ഓഗസ്റ്റ് 11ന് അഹ്മദിയ്യാ യുവാക്കളോട് അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്തു: തഖ്വയ്ക്കും ആരാധനയ്ക്കും പ്രത്യേക ഊന്നൽ നൽകണം. അങ്ങനെ വാനലോകത്തിന്റെ വാതിലുകൾ നിങ്ങൾക്ക് മുന്നിൽ തുറക്കപ്പെടുകയും വെളിപാടുകൾ ലഭിച്ചു തുടങ്ങുകയും ചെയ്യട്ടെ! (അൽഫസൽ, 1955 നവംബർ 17)

## ദിക്ർ ഇലാഹിക്കായുള്ള ആഹ്വാനം:

അഹ്മദികൾ നമസ്കാരങ്ങൾ ഭംഗിയായും ജമാഅത്തായും നിർവ്വഹിക്കണമെന്നും ദിവസവും കുറഞ്ഞത് പന്ത്രണ്ട് തവണയെങ്കിലും തസ്ബീഹ് (സുബ്ഹാനല്ലാഹ്), തഹ്മീദ് (അൽഹംദുലില്ലാഹ്), ദറൂദ് ശരീഫ് (സ്വലാത്ത്) എന്നിവ ചൊല്ലുന്നത് പതിവാക്കണമെന്നും 1944 മെയ് 12ന് അദ്ദേഹം നിർദ്ദേശിച്ചു.

## കുട്ടികളുടെ രക്തദാഹികളും കൊലയാളികളും

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: മുതിർന്ന ഒരാൾജമാഅത്ത് നമസ്കാരം നിർവ്വഹിക്കുന്നില്ലെങ്കിൽ അവൻ ഒരു മുനാഫിഖ് (കപടവിശ്വാസി) ആണ്. എന്നാൽ തങ്ങളുടെ കുട്ടികളെ ജമാഅത്ത് നമസ്കാരം ശീലിപ്പിക്കാത്തവർ അവരുടെ രക്തദാഹികളും കൊലയാളികളുമാണ്. മാതാപിതാക്കൾ കുട്ടികളെ ജമാഅത്ത് നമസ്കാരം ശീലിപ്പിക്കുകയാണെങ്കിൽ, അവരുടെ സംസ്കരണം അസാധ്യമാണെന്നോ അവർ ചികിത്സയ്ക്ക് അതീതരാണെന്നോ പറയേണ്ടി വരുന്ന ഒരു സാഹചര്യം ഒരിക്കലും ഉണ്ടാവുകയില്ല. *(അൽഅസ്ഹാർ ലിദവാത്തിൽ ഖിമാർ, പേജ് 168)*

## പ്രായോഗിക മാതൃക

നമസ്കാരത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ജമാഅത്ത് അംഗങ്ങൾക്ക് നിർദ്ദേശം നൽകുക മാത്രമല്ല, അതിന്റെ പ്രായോഗിക മാതൃക സ്വന്തം കുടുംബത്തിൽ നിന്ന് തന്നെ അദ്ദേഹം ആരംഭിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇപ്രകാരം എഴുതുന്നു:

ഒരിക്കൽ ഞങ്ങൾ കുറച്ചു കുട്ടികൾ കളിയിൽ മുഴുകി അസർ നമസ്കാരം ജമാഅത്തായി നിർവ്വഹിക്കാൻ കഴിയാതെ പോയത് എനിക്ക് ഓർമ്മയുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) നമസ്കാരം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ഞങ്ങൾ കളിക്കുന്നത് കാണാനിടയായി. അദ്ദേഹം ഞങ്ങളെ എല്ലാവരെയും ഒരുമിച്ച് ഹദ്റത്ത് അമ്മാജാൻ(റ)ന്റെ മുറ്റത്തേക്ക് കൊണ്ടുപോയി. അവിടെ ഞങ്ങളെ എല്ലാവരെയും ഒരു വരിയിൽ നിർത്തി ശാരീരികമായി ശിക്ഷിച്ചു. അതായത്, ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാത്തതിനുള്ള ശിക്ഷയും അദ്ദേഹം ജമാഅത്തായി (ഒരുമിച്ച്) തന്നെ നിശ്ചയിച്ചു! നമസ്കാരത്തോടുള്ള ഈ ആവേശം അദ്ദേഹത്തിന് ബാല്യം മുതലേ ഉണ്ടായിരുന്നു. വളരെ ചെറിയ പ്രായത്തിൽ തന്നെ രാത്രികാലങ്ങളിൽ പള്ളിയിലെത്തി അല്ലാഹുവിന് മുന്നിൽ കരഞ്ഞു പ്രാർത്ഥിക്കുന്നതും ഇസ്ലാമിന്റെ വിജയത്തിനായി കണ്ണീരൊഴുക്കി സജദ (സ്ഥലങ്ങൾ) നനയ്ക്കുന്നതുമായ സംഭവങ്ങൾ ചരിത്രരേഖകളിൽ കാണാം. *(മാസിക ഖാലിദ്, നവംബർ 1975)*

## മസ്ജിദുകളുടെ നിർമ്മാണത്തിനായുള്ള ആഹ്വാനം

നമസ്കാരം നിലനിർത്തുന്നതിനോടൊപ്പം തന്നെ മസ്ജിദുകളുടെ നിർമ്മാണത്തിലും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. സദ്ർ അൻജുമൻ അഹ്മദിയ്യയുടെ ബജറ്റിന്റെ മൂന്നിലൊന്ന് (1/3) ഭാഗം മസ്ജിദുകളുടെ നിർമ്മാണത്തിനായി ചിലവഴിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു.

1952ലെ മജ്ലിസെ ശൂറയിൽ വിദേശ രാജ്യങ്ങളിൽ മസ്ജിദുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

യൂറോപ്യൻ രാജ്യങ്ങളിൽ മസ്ജിദ് എന്നത് തബ്ലീഗ് പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാണ്. *(മജ്ലിസെ ശൂറ റിപ്പോർട്ട്, 1952, പേജ് 20)*

അദ്ദേഹം തുടരുന്നു: അമേരിക്ക, ഹോളണ്ട്, ജർമ്മനി, ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നീ ആറ് രാജ്യങ്ങളിൽ നമുക്ക് മസ്ജിദുകൾ നിർമ്മിക്കാൻ സാധിച്ചാൽ അത് തബ്ലീഗിനുള്ള വലിയൊരു മാർഗ്ഗമായി മാറും. ഈ പള്ളികൾക്ക് ഏകദേശം ഏഴ് ലക്ഷം രൂപ ചിലവ് വരുമെന്ന് കണക്കാക്കിയാൽ, നമ്മുടെ ബജറ്റിൽ വർഷം ഒരു ലക്ഷം രൂപ മാറ്റിവെച്ചാൽ ഏഴ് വർഷം കൊണ്ടും അമ്പതിനായിരം രൂപ വെച്ചാണെങ്കിൽ പതിനാല് വർഷം കൊണ്ടും ഇത് പൂർത്തിയാക്കാം. എന്തായാലും ഇതിനായി എന്തെങ്കിലും ചെയ്യേണ്ടതുണ്ട്; എങ്കിലേ നമുക്ക് തബ്ലീഗ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ആളുകളെ ഒരുമിച്ചു കൂട്ടാനും സാധിക്കുകയുള്ളൂ. (പേജ് 21)

## മസ്ജിദ് നിർമ്മാണ ഫണ്ടിനായുള്ള സ്ഥിരം സംവിധാനം

മസ്ജിദ് നിർമ്മാണ ഫണ്ട് ശേഖരിക്കുന്നതിനായി അദ്ദേഹം ഒരു സ്ഥിരം സംവിധാനം നിർദ്ദേശിച്ചു:

- ഉദ്യോഗസ്ഥർ: തങ്ങളുടെ വാർഷിക ശമ്പള വർദ്ധനവിന്റെ (Increment) ആദ്യ മാസത്തെ തുക.
- വലിയ തൊഴിലുകളിൽ ഏർപ്പെട്ടവർ: ഒരു മാസത്തെ വരുമാനത്തിന്റെ അഞ്ചിലൊന്ന് (1/5)
- ചെറിയ തൊഴിലുകൾ ചെയ്യുന്നവർ: മാസത്തിലെ ഒരു നിശ്ചിത ദിവസത്തെ കൂലിയുടെ പത്തിലൊന്ന് (1/10)
- കച്ചവടക്കാർ: മാസത്തിലെ ആദ്യത്തെ കച്ചവടത്തിൽ നിന്നുള്ള ലാഭം.
- കർഷകർ: ഓരോ വിളവെടുപ്പ് സമയത്തും ഓരോ ഏക്കർ ഭൂമിയിൽ നിന്നും ഒരു കരം (Karam ഒരു ചെറിയ ഭൂമിയളവ്) സ്ഥലത്തിന് തുല്യമായ തുക ചന്ദയായി നൽകുക. (അൽഫസൽ, 1952 ഏപ്രിൽ 17)

രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിൽ യൂറോപ്പിൽ അഞ്ച് മസ്ജിദുകൾ നിർമ്മിക്കപ്പെട്ടു: ലണ്ടനിലെ ഫസൽ മസ്ജിദ് (1924), ഹോളണ്ടിലെ മുബാറക് മസ്ജിദ് (1955), ജർമ്മനിയിലെ ഹാംബർഗിലുള്ള ഫസൽ ഉമർ മസ്ജിദ് (1957), ഫ്രാങ്ക്ഫർട്ടിലെ നൂർ മസ്ജിദ് (1959), സ്വിറ്റ്സർലൻഡിലെ മഹ്മൂദ് മസ്ജിദ് (1963). ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ആകെ ഏകദേശം 311 മസ്ജിദുകൾ നിർമ്മിക്കപ്പെടുകയോ വിപുലീകരിക്കപ്പെടുകയോ ചെയ്തു.

## നമ്മുടെ ബാങ്ക് വിളികളിലും സൂര്യൻ അസ്തമിക്കരുത്!

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: യൂറോപ്പിലെയും അമേരിക്കയിലെയും ആയിരക്കണക്കിന് പള്ളികളിൽ ബാങ്ക് വിളികൾ ഉയരുമ്പോൾക്രൈസ്തവത മരിച്ചുവെന്ന് ക്രൈസ്തവർ മനസ്സിലാക്കും. പിന്നീട് ഈ പ്രകാശം പതുക്കെ ലോകമാകെ പടരുകയും ജപ്പാൻ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ വഴി പാകിസ്ഥാനിലെത്തുകയും ചെയ്യും. ബ്രിട്ടീഷ് സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിക്കില്ല എന്ന് പണ്ട് ആളുകൾ പറയുമായിരുന്നു. എന്നാൽ ഇന്ന് പ്രായോഗികമായി അത് അഹ്മദിയ്യത്തിനും ബാധകമാണ്. അഹ്മദിയ്യത്തിലും ഇപ്പോൾ സൂര്യൻ അസ്തമിക്കുന്നില്ല, എന്നാൽ നമ്മുടെ ബാങ്ക് വിളികളിലും സൂര്യൻ അസ്തമിക്കരുത് എന്ന് നാം ആഗ്രഹിക്കുന്നു. *(അൽഫസൽ, 26 ഡിസംബർ 1957)*

## സക്കാത്ത് നൽകൽ

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: നമ്മുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കുന്നതിനും നമ്മുടെ കടമകൾ ഓർമ്മിപ്പിക്കുന്നതിനുമാണ് ഈ പെരുന്നാൾ വരുന്നത്. നമസ്കാരം, സക്കാത്ത്, നോമ്പ് എന്നിവ കടമയായത് പോലെ ഹജ്ജും നിങ്ങളിൽ നിർബന്ധമാണെന്ന് നമ്മെ ഓർമ്മിപ്പിക്കാനാണ് പെരുന്നാൾ വരുന്നത്. *(ജുമുഅ ഖുതുബ, 1 സെപ്റ്റംബർ 1952)*

അവിടുന്ന് വീണ്ടും പറയുന്നു: ഓർക്കുക, സക്കാത്ത് എന്ന് വിളിക്കപ്പെടുന്ന ഈ ടാക്സ് വരുമാനത്തിന്മേൽ മാത്രമല്ല, മറിച്ച് മൂലധനത്തിന്മേലും ലാഭത്തിന്മേലും ചേർത്താണ് കണക്കാക്കുന്നത്. അതിനാൽ ഈ രണ്ടര ശതമാനം ചിലപ്പോൾ ലാഭത്തിന്റെ അൻപത് ശതമാനമായി മാറിയേക്കാം. *(അൻവാറുൽ ഉലൂം, വാല്യം 8, പേജ് 306)*

സക്കാത്ത് തുകകൾ മുഴുവൻ ബൈത്തുൽ മാലിൽ തന്നെ സമർപ്പിക്കണമെന്ന് അദ്ദേഹം കർശനമായി നിർദ്ദേശിക്കുകയും ചെയ്തു.

## ഹജ്ജ് നിർവ്വഹിക്കാനുള്ള ആഹ്വാനം

ഹജ്ജ് എന്ന കടമ നിർവ്വഹിക്കുന്നതിനായി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ശക്തമായ ആഹ്വാനം നൽകി. 1952

സെപ്റ്റംബർ 1ലെ ജുമുഅ ഖുതുബയിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

നമ്മുടെ സഹോദരങ്ങൾ ഹജ്ജ് ചെയ്യുന്നത് കാണുമ്പോൾ നമ്മുടെ ഉള്ളിലും ഹജ്ജ് ചെയ്യാനുള്ള ആഗ്രഹം ജനിക്കണം എന്ന് കൂടി ഈ പെരുന്നാൾ സൂചിപ്പിക്കുന്നു. ചില സഹോദരങ്ങൾക്ക് ഹജ്ജ് ഭാഗ്യം ലഭിച്ചു എന്നറിയുമ്പോൾ നാം സന്തോഷിക്കുന്നതോടൊപ്പം എന്തുകൊണ്ട് നമുക്കും ഹജ്ജ് ചെയ്തുകൂടാ എന്ന ചിന്തയും വരണം. അല്ലാഹു നമുക്കും ഹജ്ജിന് അവസരം നൽകട്ടെ എന്ന ആഗ്രഹം നമ്മിലുണ്ടാകണം. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഹജ്ജിനോടുള്ള ആളുകളുടെ താല്പര്യം കുറഞ്ഞിരിക്കുന്നു, വളരെ കുറച്ചു ആളുകൾ മാത്രമേ ഹജ്ജിനായി പോകുന്നുള്ളൂ. *(അൽഫസൽ, 3 ഒക്ടോബർ 1952)*

ഹദ്റത്ത് മസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഹജ്ജ് അത്യന്താപേക്ഷിതമായ ഒരു നിർബന്ധ കർമ്മമാണ്. പുതിയ പരിഷ്കാരങ്ങളെ പ്രണയിക്കുന്നവർ ഇതിനോട് വലിയ ഉദാസീനതയാണ് കാണിക്കുന്നത്; എന്നാൽ ഇസ്‌ലാമിന്റെ പുരോഗതിയുടെ വലിയൊരു കാരണം ഇതാണ്. കോടിക്കണക്കിന് രൂപ കൈവശം ഉണ്ടായിരിക്കുക എന്നതല്ല ഹജ്ജിനുള്ള ശേഷി എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. സാധാരണക്കാരനായ ഒരാൾ ആത്മാർത്ഥമായി ആഗ്രഹിച്ചാൽ ഹജ്ജിനുള്ള മാർഗ്ഗങ്ങൾ അല്ലാഹു ഒരുക്കിക്കൊടുക്കും. (കലാം മഹ്മൂദ് ഫർഹംഗി)

## മൂന്നാം ഖിലാഫത്തും ആരാധനകൾക്കുള്ള ആഹ്വാനവും

ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ്(റഹ്) ഖലീഫത്തുൽ മസീഹ് സാലിസ് ആയി ചുമതലയേറ്റ ശേഷം മസ്ജിദ് നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി.

സ്വീഡൻ, നോർവേ, അമേരിക്ക, കാനഡ, ഇറ്റലി, ജപ്പാൻ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടു. സ്പെയിനിലെ മസ്ജിദ് ബശാറത്ത് എന്ന പള്ളിക്ക് ഒരു പ്രത്യേകതയുണ്ട്; 750 വർഷങ്ങൾക്ക് ശേഷം ആ നാട്ടിൽ ആദ്യമായി ഒരു മസ്ജിദ് നിർമ്മിക്കാനുള്ള ഭാഗ്യം അഹ്മദിയ്യ ജമാഅത്തിനാണ് ലഭിച്ചത്. അൽഹംദുലില്ലാഹ്.

ബൈത്തുല്ലാഹിന്റെ നിർമ്മാണ ലക്ഷ്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം നടത്തിയ പ്രഭാഷണ പരമ്പര ആരാധനകളിലേക്കും മസ്ജിദ് നിർമ്മാണത്തിലേക്കും ശ്രദ്ധ തിരിക്കുന്ന ഒരു മഹത് സംഭാവനയാണ്.

ജമാഅത്ത് നമസ്കാരം നിലനിർത്തുന്നതിനെക്കുറിച്ചും നോമ്പിനെക്കുറിച്ചും നിരവധി പ്രഭാഷണങ്ങളിലൂടെയും കുറിപ്പുകളിലൂടെയും അദ്ദേഹം ജമാഅത്ത് അംഗങ്ങളെ ഉണർത്തി.

ജമാഅത്തിന്റെ നൂറാം വാർഷിക (ശതാബ്ദി) ആഘോഷ വേളയിൽ കൃതജ്ഞതാപൂർവ്വം പ്രാർത്ഥനകളിലും നഫ്ല് നമസ്കാരങ്ങളിലും മുഴുകാൻ അദ്ദേഹം പ്രത്യേകമായി നിർദ്ദേശിച്ചു.

## സക്കാത്ത് നൽകൽ:

അദ്ദേഹം പറയുന്നു: സക്കാത്ത് എല്ലാ വർഷവും നൽകേണ്ടത് അനിവാര്യമാണ്. ഓരോ ആരാധനയ്ക്കും ഓരോ സമയങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പത്ത് വർഷത്തേക്ക് ഞാൻ സക്കാത്ത് നൽകില്ലെന്നും പത്ത് വർഷം കഴിഞ്ഞ് ഒന്നിച്ച് നൽകാമെന്നും ഒരാൾ കരുതിയാൽ അയാളുടെ ആത്മീയ കരുത്തും വിശ്വാസത്തിന്റെ ശക്തിയും നിലനിൽക്കുകയില്ല. *(ജുമുഅ ഖുതുബ, 1966 ഏപ്രിൽ 22)*

## നാലാം ഖിലാഫത്തിൽ ആരാധനകളും മസ്ജിദ് നിർമ്മാണവും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1985 നവംബർ 8 മുതൽ ഡിസംബർ 20 വരെ നമസ്കാരം നിലനിർത്തുന്നതിനെക്കുറിച്ച് ഖുത്ബകൾ നൽകുകയുണ്ടായി. പോഷക സംഘടനകൾ എല്ലാ മാസവും തങ്ങളുടെ ആമില യോഗങ്ങളിൽ നമസ്കാരം നിലനിർത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1988ലെ മുബാഹല ചലഞ്ചിന് ശേഷം, ജൂൺ 17ന് ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ ആരാധനകൾ നിലനിർത്തുന്നതിലേക്ക് അദ്ദേഹം പ്രത്യേക ശ്രദ്ധ ക്ഷണിച്ചു. രണ്ട് വർഷത്തിന് ശേഷം 1990ൽ സൂറത്തുൽ ഫാത്തിഹയുടെ വെളിച്ചത്തിൽ അദ്ദേഹം ദീർഘമായ പ്രഭാഷണ പരമ്പര ആരംഭിച്ചു. ഇത് **ദൗഖെ ഇബാദത്ത് വ ആദാബെ ദുആ** (ആരാധനാ അഭിരുചിയും പ്രാർത്ഥനാ മര്യാദകളും) എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കുട്ടികൾക്കായുള്ള ഉർദു ക്ലാസുകളിൽ നമസ്കാരം പഠിപ്പിക്കുന്നതിനായി വളരെ ലളിതവും മനോഹരവുമായ പാഠങ്ങൾ അദ്ദേഹം ഉൾപ്പെടുത്തി; മുതിർന്നവരും അവ പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. *(ജുമുഅ ഖുതുബ, 1997 ഒക്ടോബർ 17)*

ഒരു ജുമുഅ ഖുതുബയിൽ സ്വലാത്തുൽ വുസ്ത്വയെ (മധ്യനമസ്കാരം) കുറിച്ച് വിശദീകരിച്ചുകൊണ്ട്, ജോലിത്തിരക്കുകൾക്കിടയിൽ വരുന്ന നമസ്കാരങ്ങളെയും പ്രത്യേകിച്ച് സുബ്ഹി നമസ്കാരത്തെയും സംരക്ഷിക്കുന്നതിലേക്ക് അദ്ദേഹം ജമാഅത്തിന്റെ സവിശേഷ ശ്രദ്ധ ക്ഷണിച്ചു.

## ജുമുഅ നമസ്കരിക്കാനുള്ള ആഹ്വാനം

1988 ജനുവരി 1ന് യൂറോപ്യൻ രാജ്യങ്ങളിലെ അഹ്മദികളോട് ജുമുഅ നമസ്കാരം നിർവ്വഹിക്കുന്നതിനായി അദ്ദേഹം പ്രത്യേക ആഹ്വാനം നൽകി; അതിനായി ജോലിയിൽ നിന്ന് അവധിയെടുക്കേണ്ടി വന്നാലോ ജോലി രാജിവെക്കേണ്ടി വന്നാലോ പോലും പിന്നോട്ട് പോകരുത് എന്ന് അദ്ദേഹം നിർദ്ദേശിച്ചു. മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു, ഓരോ മൂന്നാമത്തെ ജുമുഅയും ഏതൊരു വിലകൊടുത്തും നിർവ്വഹിച്ചിരിക്കണം. ഇതിനെത്തുടർന്ന് അനേകം ആളുകൾ തങ്ങളുടെ ജോലികൾ ഉപേക്ഷിച്ചുകൊണ്ട് ഈ ആഹ്വാനത്തിന് ഉത്തരം നൽകി; അല്ലാഹു അവർക്ക് അതിനേക്കാൾ മികച്ച ഉപജീവന മാർഗ്ഗങ്ങൾ നൽകുകയും ചെയ്തു.

ഇതുപോലെ നോമ്പ്, സക്കാത്ത്, ഹജ്ജ് തുടങ്ങിയ ആരാധനകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഖിലാഫത്ത് അഹ്മദിയ്യയുടെ ആരാധനാ അഭിരുചിയുടെ തെളിവുകളായി നിലനിൽക്കുന്നതോടൊപ്പം അഹ്മദികളെ ആ പാതയിൽ ഉറപ്പിച്ചുനിർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## മസ്ജിദുകളുടെ നിർമ്മാണം:

പാകിസ്ഥാനിലും മറ്റ് രാജ്യങ്ങളിലും എതിരാളികൾ അഹ്മദിയ്യാ മസ്ജിദുകൾ തകർക്കാൻ തുടങ്ങിയപ്പോൾ, നാലാം ഖിലാഫത്ത് കാലത്ത് പാകിസ്ഥാനിൽ മാത്രം ഏകദേശം 20 മസ്ജിദുകൾ തകർക്കപ്പെട്ടു. എന്നാൽ നാലാം ഖിലാഫത്തിൽ അല്ലാഹു ജമാഅത്തിന് 13,065 പുതിയ മസ്ജിദുകൾ നിർമ്മിക്കാനുള്ള തൗഫീഖ് നൽകി. കൂടാതെ ആയിരക്കണക്കിന് മസ്ജിദുകൾ വിശ്വാസികൾ സഹിതം ജമാഅത്തിലേക്ക് ചേരുകയും ചെയ്തു. മസ്ജിദുകൾ വിപുലീകരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഹ്വാനപ്രകാരം നൂറുകണക്കിന് പള്ളികൾ പുനർനിർമ്മിക്കുകയും വികസിപ്പിക്കുകയും ചെയ്തു. അമേരിക്കയ്ക്കും കാനഡയ്ക്കും പുറമെ യൂറോപ്പ് ഭൂഖണ്ഡത്തിലും ഒട്ടേറെ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടു.

## നൂറ് (100) മസ്ജിദ് പദ്ധതി:

1989ൽ ജർമ്മനിയിൽ 100 മസ്ജിദുകൾ നിർമ്മിക്കാനുള്ള പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിച്ചു. 1997 മെയ് 22ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പത്നി ഹദ്റത്ത് സയ്യിദ മെഹർ ആപ്പ(റ) വിയോഗം പ്രാപിച്ചു. മെയ് 23ന് ജർമ്മനിയിലെ ഖുദ്ദാം വാർഷിക ഇജ്തിമയിൽ സംസാരിക്കവെ, ഹദ്റത്ത് മെഹർ ആപ്പയുടെ പേരിൽ ജർമ്മനിയിലെ 100 മസ്ജിദ് പദ്ധതിയിലേക്ക് 3 ലക്ഷം ജർമ്മൻ മാർക്ക് നൽകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. (പിന്നീട് അത് 5 ലക്ഷമാക്കി ഉയർത്തി) കൂടാതെ സ്വന്തം ഭാഗത്തുനിന്ന് 50,000 മാർക്ക് നൽകുമെന്നും അദ്ദേഹം അറിയിച്ചു. (പിന്നീട് അത് ഒന്നര ലക്ഷമാക്കി ഉയർത്തി) ഈ പദ്ധതി പ്രകാരം 1998 നവംബർ 25ന് ആദ്യ മസ്ജിദിന്റെ ശിലാസ്ഥാപനം നടത്തുകയും 2000 ജനുവരി 9ന് അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

പിന്നീട് അദ്ദേഹം പല ആഫ്രിക്കൻ രാജ്യങ്ങൾക്കും നൂറ് മസ്ജിദുകൾ നിർമ്മിക്കാനുള്ള പദ്ധതി നൽകി. പല രാജ്യങ്ങളിലും ഇതിന്റെ പ്രവർത്തനം തുടരുന്നു. കെനിയയിൽ ഈ പദ്ധതി പ്രകാരം നാലാം ഖിലാഫത്തിൽ 70 മസ്ജിദുകളും ടാൻസാനിയയിൽ 33ലധികം മസ്ജിദുകളും നിർമ്മിക്കപ്പെട്ടു. ടുവാലു ദ്വീപുകളിലെ ആദ്യത്തെ മസ്ജിദ് 1992ൽ പൂർത്തിയായതുൾപ്പെടെ പല രാജ്യങ്ങളിലും ആദ്യമായാണ് അഹ്മദിയ്യാ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടത്.

## മസ്ജിദ് ബൈത്തുൽ ഫുത്തൂഹ്:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ബ്രിട്ടനിലെ പുതിയതും വിശാലവുമായ മസ്ജിദിനായി 1995 ഫെബ്രുവരി 24ന് 5 മില്യൺ പൗണ്ടിന്റെ സാമ്പത്തിക ആഹ്വാനം നടത്തി. 1999 മാർച്ച് 28ന് ബൈത്തുൽ ഫുത്തൂഹ് പള്ളി നിർമ്മിക്കാൻ നിശ്ചയിച്ച സ്ഥലത്ത് വെച്ച് അദ്ദേഹം ഈദുൽ അദ്ഹ നമസ്കാരം നിർവ്വഹിക്കുകയും അതേ വർഷം ഒക്ടോബർ 19ന് പള്ളിയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 2001 ഫെബ്രുവരി 16ന് ഈ മസ്ജിദിനായി വീണ്ടും 5 മില്യൺ പൗണ്ടിന്റെ ആഹ്വാനം അദ്ദേഹം നൽകി. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) 2003 ഒക്ടോബർ 3ന് ഈ മസ്ജിദിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഒരേസമയം പതിനായിരം പേർക്ക് നമസ്കരിക്കാൻ സൗകര്യമുള്ള ഈ മസ്ജിദ് പടിഞ്ഞാറൻ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയാണ്.

## വാഷിംഗ്ടൺ അഹ്മദിയ്യാ മസ്ജിദ് ആഹ്വാനം:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1989 ജൂലൈ 7ന് അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽ വെച്ച് നടത്തിയ ജുമുഅ ഖുതുബയിൽ വാഷിംഗ്ടണിൽ ഒരു കേന്ദ്ര മസ്ജിദ് നിർമ്മിക്കുന്നതിനായി ജമാഅത്ത് അംഗങ്ങൾ പങ്കുചേരണമെന്ന് ആഹ്വാനം ചെയ്തു. (അൽഫസൽ, 1989 ഓഗസ്റ്റ് 19). അൽഹംദുലില്ലാഹ്, മേരിലാൻഡിൽ **ബൈത്തുറഹ്മാൻ** എന്ന പേരിൽ മനോഹരമായ ഒരു മസ്ജിദ് നിർമ്മിക്കപ്പെട്ടു. ഇത് അമേരിക്കൻ ജമാഅത്തിന്റെ കേന്ദ്ര മസ്ജിദായി ഉപയോഗിച്ചു വരുന്നു.

## ഉത്തരധ്രുവത്തിലെ ആദ്യ മസ്ജിദ്:

1993 ഒക്ടോബർ 8ലെ ജുമുഅ ഖുതുബയിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: നോർവേ അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്, നോർത്ത് കേപ്പിൽ (ചീഫ്വേ ഇമുല) ഒരു മസ്ജിദ് നിർമ്മിക്കാമെന്ന് അവർ ഏറ്റെടുത്തിട്ടുണ്ട്... എന്റെ കൂടെയുള്ള യാത്രാസംഘം ആയിരം പൗണ്ട് വാഗ്ദാനം ചെയ്തിട്ടുണ്ട്. ആയിരം പൗണ്ട് ഞാൻ നേരത്തെ തന്നെ നൽകിയിരുന്നു. ഖുതുബയുടെ ഫലമായി ആളുകൾ സ്വയം പണം നൽകുകയോ വാഗ്ദാനങ്ങൾ നൽകുകയോ

ചെയ്തു. പൊതുവായ ആഹ്വാനത്തിന് ശേഷം പള്ളിയുടെ പണികൾ ആരംഭിക്കുന്നതാണ്. *(ബദർ വീക്ക്‌ലി, ഖാദിയാൻ, 1993 നവംബർ 25).*

## മിസിസാഗ മസ്ജിദിനായുള്ള സാമ്പത്തിക ആഹ്വാനം:

1992 ഒക്ടോബർ 30ലെ ജുമുഅ ഖുതുബയിൽ കാനഡയിലെ മിസിസാഗയിൽ മസ്ജിദ് നിർമ്മിക്കുന്നതിനായി ചന്ദ നൽകാൻ അദ്ദേഹം ആഹ്വാനം ചെയ്യുകയും സ്വന്തമായി 12,000 ഡോളർ നൽകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. *(അൽഫസൽ, 1992 നവംബർ 1).*

മിസിസാഗയിൽ 5 ഏക്കർ സ്ഥലത്ത് 28,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം ഏതാനും വർഷങ്ങൾക്ക് മുൻപ് വാങ്ങുകയും അവിടെ മിഷൻ ഹൗസ് സ്ഥാപിക്കുകയും ചെയ്തു. ഈ വിശാലമായ കെട്ടിടത്തിലാണ് കാനഡ ജാമിഅ അഹ്മദിയ്യായും പ്രവർത്തിക്കുന്നത്.

## ബെൽജിയം മസ്ജിദ്:

1998 മെയ് 3ന് ബെൽജിയം ജൽസ സാലാനയുടെ സമാപന പ്രസംഗത്തിൽ ബെൽജിയത്തിൽ ഒരു വലിയ മസ്ജിദ് നിർമ്മിക്കാനുള്ള ആ ഹ്വാനം അദ്ദേഹം നൽകി. *(അൽഫസൽ, 1998 മെയ് 28).*

## അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടവും ആരാധനകളുടെ സംസ്ഥാപനവും

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) ആരാധനകളും ഖിലാഫത്തും തമ്മിലുള്ള അവിഭാജ്യവും ആഴത്തിലുള്ളതുമായ ബന്ധത്തെക്കുറിച്ച് പറയുന്നു:

'ഖിലാഫത്തും ആരാധനയും തമ്മിൽ വലിയ ബന്ധമുണ്ടെന്ന് എപ്പോഴും ഓർക്കുക. എന്താണ് ആരാധന? അത് നമസ്കാരം തന്നെയാണ്. വിശ്വാസികൾക്ക് ഹൃദയശാന്തിയും ഖിലാഫത്തും വാഗ്ദാനം ചെയ്തിട്ടുള്ള വചനത്തിന് തൊട്ടുപിന്നാലെയുള്ള വചനത്തിൽ **അഖീമുസ്സലാത്ത** (നമസ്കാരം നിലനിർത്തുക അന്നൂർ: 57) എന്ന കല്പനയുമുണ്ട്. അതിനാൽ സുസ്ഥിരത ലഭിക്കുന്നതിനും ഖിലാഫത്ത് വ്യവസ്ഥയിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമുള്ള ആദ്യത്തെ നിബന്ധന നമസ്കാരം നിലനിർത്തുക എന്നതാണ്. കാരണം ആരാധനയും നമസ്കാരവുമാണ് അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളെ ആകർഷിക്കുന്നത്. അല്ലാത്തപക്ഷം അല്ലാഹു പറയുന്നു: എന്റെ ഈ അനുഗ്രഹത്തിന് ശേഷം നിങ്ങൾ കൃതജ്ഞതയുള്ളവരായി എന്റെ ആരാധനയിലേക്ക് ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ നിങ്ങൾ ധിക്കാരികളിൽ പെട്ടുപോകും. അപ്പോൾ അത് കൃതജ്ഞതയല്ല, മറിച്ച് നന്ദികേടായിരിക്കും. അവിശ്വാസികൾക്ക് ഖിലാഫത്ത് വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല, മറിച്ച് വിശ്വാസികൾക്കാണ് അത് നൽകപ്പെട്ടിട്ടുള്ളത്. അതിനാൽ, സ്വന്തം നമസ്കാരങ്ങളിൽ ശ്രദ്ധിക്കാത്ത ഏതൊരാൾക്കും ഖിലാഫത്ത് വ്യവസ്ഥയുടെ അനുഗ്രഹങ്ങൾ ലഭിക്കുകയില്ല എന്നതൊരു താക്കീതാണ്. ഖിലാഫത്ത് വ്യവസ്ഥയിൽ നിന്ന് ഫലം സിദ്ധിക്കണമെങ്കിൽ **യഅ്ബുദൂനനീ** (അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. അന്നൂർ: 56) എന്ന അല്ലാഹുവിന്റെ കല്പന അനുസരിക്കണം. ഇത് പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതുണ്ട്. അതിനാൽ ഖിലാഫത്തിന്റെ രൂപത്തിൽ സ്ഥായിയായ അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിൽ നിന്ന് പ്രയോജനം നേടാൻ നമുക്ക് സാധിക്കുന്നത് നാം നമ്മുടെ നമസ്കാരങ്ങളെ സംരക്ഷിക്കുന്നവരാകുമ്പോൾ മാത്രമാണെന്ന് ഓരോ അഹ്മദിയും തന്റെ മനസ്സിൽ ഉറപ്പിക്കണം. *(ഖുതുബത്തെ മസ്റൂർ വാല്യം 5, പേജ് 150,151)*

## നമസ്കാരം നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യ) പറയുന്നു:

പോഷക സംഘടനകളും ജമാഅത്ത് വ്യവസ്ഥയും തങ്ങളുടെ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് അല്ലാഹു നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള ആ കാര്യത്തിൽ (ആരാധനയിൽ) കൃത്യമായ പദ്ധതികൾ തയ്യാറാക്കണം. കാലക്രമേണ ഉണ്ടാകാവുന്ന അലസതയ്ക്കും ബലഹീനതയ്ക്കും പകരം ഓരോ ദിവസവും പുരോഗതിയിലേക്ക് നയിക്കുന്ന രീതിയിലായിരിക്കണം പ്രസ്തുത പദ്ധതികൾ. നമ്മുടെ ആരാധനകളിലെ പുരോഗതിയാണ് നമുക്ക് വിജയങ്ങൾ നൽകുന്നത്. അതിനാൽ ഇതൊരു സുപ്രധാന കാര്യമാണ്. മുഴുവൻ വ്യവസ്ഥയും ഇതിൽ അതീവ ഗൗരവമുള്ളവരാകേണ്ടതുണ്ട്. ലജ്ന ഇമാഇല്ലയും ഇതിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കണം. വീട്ടിൽ കുട്ടികളുടെ നമസ്കാരം നിരീക്ഷിക്കുന്നതും അവർക്ക് നമസ്കാരം ശീലിപ്പിക്കുന്നതും പുരുഷന്മാരെയും യുവാക്കളെയും പള്ളികളിലേക്ക് പോകാൻ നിരന്തരം ഉണർത്തുന്നതും സ്ത്രീകളുടെ കടമയാണ്. സ്ത്രീകൾ തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കുകയാണെങ്കിൽ അസാധാരണമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. *(ജുമുഅ ഖുതുബ, 2017 ജനുവരി 27)*

## അൻസാറുല്ലാഹ് ഇജ്തിമാഅ് സന്ദേശം

അതുപോലെ ഭാരതത്തിലെ മജ്‌ലിസ് അൻസാറുല്ലാഹ് ഇജ്തിമയോടനുബന്ധിച്ച് (2025) അയച്ച ആത്മീയ സന്ദേശത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) ഇപ്രകാരം പറയുന്നു:

നിങ്ങൾ ഇഖാമത്തുസ്സലാത്തിന്റെ കടമ പൂർണ്ണമായും നിറവേറ്റുന്നവരാകണം. നിങ്ങൾ സ്വന്തം കുട്ടികളെയും കുടുംബാംഗങ്ങളെയും നമസ്കാരത്തിലേക്ക് ശ്രദ്ധ തിരിക്കുക. എല്ലാ അൻസാറുകളും ഇതിലേക്ക് ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ വലിയൊരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ സാധിക്കും. അതിനാൽ ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ആവശ്യമാണ്. *(അൻസാറുല്ലാഹ് മാസിക, ഡിസംബർ 2025)*

## സുബ്ഹി നമസ്കാരവും ഇന്റർനെറ്റും:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു:

പല വീടുകളിലും ഒന്ന് നിരീക്ഷിച്ചു നോക്കൂ, മുതിർന്നവർ മുതൽ കുട്ടികൾ വരെ സുബ്ഹി നമസ്കാരം കൃത്യസമയത്ത് നിർവ്വഹിക്കാത്തതിന്റെ കാരണം, രാത്രി വൈകുവോളം ടി.വി കാണുന്നതോ ഇന്റർനെറ്റിൽ സമയം ചിലവഴിക്കുന്നതോ ആണ്. പ്രോഗ്രാമുകൾ കണ്ടുകൊണ്ടിരിക്കുന്നത് കാരണം രാവിലെ അവർക്ക് ഉണരാൻ സാധിക്കുന്നില്ല. എന്ന് മാത്രമല്ല, രാവിലെ നമസ്കാരത്തിന് എഴുന്നേൽക്കണം എന്ന ചിന്ത പോലും അത്തരക്കാർക്ക് ഉണ്ടാകുന്നില്ല. *(ജുമുഅ ഖുതുബ, 2016 മെയ് 20)*

## റമദാൻ മുബാറക്:

റമദാനുമായി ബന്ധപ്പെട്ട നിരവധി പ്രഭാഷണങ്ങളിലൂടെ അതിന്റെ പ്രാധാന്യത്തെക്കുറിച്ചും മര്യാദകൾ പാലിച്ചുകൊണ്ട് റമദാൻ എപ്രകാരം ചിലവഴിക്കണമെന്നും അവിടുന്ന് നിർദ്ദേശങ്ങൾ നൽകി.

## 40 നഫ്ല് നോമ്പുകൾ

വർഷത്തിൽ കുറഞ്ഞത് 40 നഫൽ നോമ്പുകൾ എടുക്കുന്നതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യ) ഇപ്രകാരം നിർദ്ദേശിച്ചു:

കുറഞ്ഞത് ഇനി നാം ചെയ്യേണ്ടത്, ആഴ്ചയിൽ ഒന്ന് എന്ന ക്രമത്തിൽ വർഷത്തിൽ 40 നോമ്പുകൾ എടുക്കുക എന്നതാണ്. അതായത് 40 ആഴ്ചകളിൽ പ്രത്യേകമായി നോമ്പുകൾ എടുക്കുകയും പ്രാർത്ഥനകൾ നടത്തുകയും നഫ്ലുകൾ നിർവ്വഹിക്കുകയും ദാനധർമ്മങ്ങൾ നൽകുകയും ചെയ്യുക. *(ജുമുഅ ഖുതുബ, 2016 ഫെബ്രുവരി 12)*

## സക്കാത്ത് നൽകൽ:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു:

സക്കാത്ത് നൽകുന്നതിനെക്കുറിച്ച് ചില ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്. ഇതൊരു അടിസ്ഥാനപരമായ കല്പനയാണ്. സക്കാത്ത് നിർബന്ധമായവർ അത് തീർച്ചയായും നൽകേണ്ടതുണ്ട്. ഇതിൽ ധാരാളം ഇളവുകളുമുണ്ട്. ചിലരുടെ പണം വർഷങ്ങളോളം ബാങ്കുകളിൽ കിടക്കാറുണ്ട്; ഒരു വർഷത്തിന് ശേഷവും ആ തുക അവിടെയുണ്ടെങ്കിൽ അതിന് സക്കാത്ത് നൽകണം. അതുപോലെ സ്ത്രീകളുടെ സ്വർണ്ണാഭരണങ്ങൾക്ക് സക്കാത്ത് നൽകണം. നിശ്ചയിക്കപ്പെട്ട കുറഞ്ഞതോതനുസരിച്ച് ഈ ആഭരണങ്ങൾക്ക് സക്കാത്ത് നൽകേണ്ടതുണ്ട്. ചില കർഷകർക്കും സക്കാത്ത് നിർബന്ധമാണ്, അവർ അത് നൽകണം. ഇതൊരു അടിസ്ഥാന കല്പനയാണ്, ഇതിൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അത്യാവശ്യമാണ്. *(ജുമുഅ ഖുതുബ, 2006 മാർച്ച് 31)*

ആരാധനകളുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ വളരെ ലളിതമായ രീതിയിൽ അവിടുന്ന് വിശദീകരിച്ചിട്ടുണ്ട്. ആരാധനകൾ നിലനിർത്തുന്നതിനായുള്ള ഈ ആഹ്വാനങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ആരാധനകളുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ വളരെ ലളിതമായ രീതിയിൽ അവിടുന്ന് വിശദീകരിച്ചിട്ടുണ്ട്. ആരാധനകൾ നിലനിർത്തുന്നതിനായുള്ള ഈ ആഹ്വാനങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) പറയുന്നു:

ഒരു അഹ്മദി എപ്പോഴും അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കാൻ പരിശ്രമിക്കണം. തന്റെ ജീവിതം ആരാധനകളാൽ വിഭൂഷിതമാക്കാനും അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ട് (ഇസ്തിഗ്ഫാർ) അവന്റെ സംരക്ഷണത്തിൽ വരാനും ശ്രമിക്കണം; എങ്കിൽ മാത്രമേ എല്ലാവിധ കടമകളും നിറവേറ്റാനുള്ള കരുത്ത് അല്ലാഹുവിന്റെ സഹായത്താൽ നമ്മിൽ ഉണ്ടാവുകയുള്ളൂ. ഒരു മുത്തഖിയായ മനുഷ്യൻ സദാ അല്ലാഹുവിന്റെ കല്പനകൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ പരിശ്രമിക്കുന്നതാണ്. അയാളാണ് വിവേകമതിയായ മനുഷ്യൻ. *(ജുമുഅ ഖുതുബ, 2006 ഏപ്രിൽ 14)*

ഇന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഗ്രഹപ്രകാരം ഖിലാഫത്ത് അഹ്മദിയ്യയുടെ തണലിൽ ലോകമെമ്പാടുമുള്ള 16,000ത്തിലധികം അഹ്മദിയ്യ മസ്ജിദുകളുടെ മിനാരങ്ങളിൽ നിന്ന് ഉയരുന്ന ബാങ്ക് വിളികൾ ആരാധനകളിലേക്ക് ലോകത്തെ ക്ഷണിക്കുന്നതോടൊപ്പം തന്നെ, അത് അഹ്മദിയ്യാ ജമാഅത്തിൽ ഒരിക്കലും സൂര്യൻ അസ്തമിക്കുകയില്ല എന്ന യാഥാർത്ഥ്യത്തിന്റെ വിളംബരം കൂടിയാണ്.

ചുരുക്കത്തിൽ, ഖിലാഫത്ത് എപ്പോഴും ആരാധനകളുടെ സംരക്ഷകനായും ദൈവീക മതത്തിന്റെ ധ്വജവാഹകനായുമാണ് നിലകൊണ്ടിട്ടുള്ളത്; ഇതാണ് ഖിലാഫത്തിന്റെ ഏറ്റവും വലിയ സവിശേഷതയും. അഹ്മദിയ്യാ ഖിലാഫത്തിന്റെ ഓരോ കാലഘട്ടവും **യഅ്ബുദൂനനീ ലായുശ്രികൂന ബീ ശൈഅ** (അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോട് യാതൊന്നിനെയും

ശേഷം പേജ് 22 ൽ

# ഖിലാഫത്തും അഹ്മദീ യുവാക്കളുടെ ഉത്തരവാദിത്തങ്ങളും

(ബശീറുദ്ദീൻ ഖാദിർ മുബല്ലിഗ് സിൽസില, ഖാദിയാൻ)

ഖിലാഫത്ത് അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് നൽകിയ മഹത്തായ ഒരു ആത്മീയ അനുഗ്രഹമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗത്തിന് ശേഷം ഈ അനുഗൃഹീത വ്യവസ്ഥയാണ് ജമാഅത്തിനെ പുരോഗതിയിലേക്ക് നയിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ യഥാർത്ഥ നേതൃത്വ വ്യവസ്ഥയുടെ തുടർച്ചയാണ് ഖിലാഫത്ത്. ഇതിലൂടെ അല്ലാഹു തന്റെ ദാസന്മാരെ ഐക്യത്തിലേക്കും സ്ഥൈര്യത്തിലേക്കും ആത്മീയ പുരോഗതിയിലേക്കും നയിക്കുന്നു.

വിശുദ്ധ ഖുർആനിൽ ഖിലാഫത്ത് സ്ഥാപിക്കുന്നതിനെക്കുറിച്ച് വാഗ്ദാനം നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവർക്ക് മുൻപുള്ളവരെ അവൻ ഖലീഫമാരാക്കിയതുപോലെ അവൻ അവരെ ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്. (സൂറത്തുന്നൂർ: 56)

ഈ അനുഗൃഹീത വ്യവസ്ഥയുടെ തണലിൽ യുവാക്കളുടെ ഉത്തരവാദിത്തങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. കാരണം ഏതൊരു ജനതയുടെയും ജമാഅത്തിന്റെയും ഭാവി യുവാക്കളാണ്. യുവാക്കൾ തങ്ങളുടെ കടമകൾ ശരിയായി നിർവ്വഹിക്കുകയാണെങ്കിൽ ജമാഅത്തിന് പുരോഗതിയുടെ പുതിയ തലങ്ങൾ കീഴടക്കാൻ സാധിക്കും.

## ഖിലാഫത്തിനോടുള്ള അനുസരണം (ഇത്വാഅത്ത്)

യുവാക്കളുടെ ഏറ്റവും ആദ്യത്തെയും അടിസ്ഥാനപരവുമായ ഉത്തരവാദിത്തം ഖിലാഫത്തിനെ അനുസരിക്കുക എന്നതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

'സത്യവിശ്വാസികളേ! നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും (ഉലുൽ അംർ) അനുസരിക്കുക. (സൂറത്തുന്നിസാഅ്: 60)

വിശ്വാസികൾ തങ്ങളുടെ ആത്മീയ നേതാവിനെ അനുസരിക്കണമെന്ന് ഈ വചനം വ്യക്തമായി പഠിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിൽ കാലത്തിന്റെ ഖലീഫ അല്ലാഹുവിന്റെ പ്രത്യേക സഹായത്തോടും പിന്തുണയോടും കൂടിയാണ് ജമാഅത്തിനെ നയിക്കുന്നത്. അതിനാൽ അഹ്മദി യുവാക്കൾ അദ്ദേഹവുമായി സ്നേഹത്തിലും വിശ്വസ്തതയിലും ആത്മാർത്ഥതയിലും അധിഷ്ഠിതമായ ബന്ധം പുലർത്തുകയും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുകയും വേണം.

## ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും പ്രബോധനം

യുവാക്കളുടെ രണ്ടാമത്തെ പ്രധാന ഉത്തരവാദിത്തം ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം ലോകത്തിന് എത്തിച്ചുകൊടുക്കുക എന്നതാണ്. തിരുനബി(സ) പറയുന്നു:

എന്റെ ഭാഗത്തുനിന്നുള്ള സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുക, അത് ഒരു വചനമാണെങ്കിൽ പോലും. *(സ്വഹീഹ് ബുഖാരി: ഹദീസ് :3461)*

ഓരോ മുസ്‌ലിമും ദീനിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കേണ്ടത് അനിവാര്യമാണെന്ന് ഈ ഹദീസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകം അസ്വസ്ഥതകളിലൂടെയും ധാർമ്മിക തകർച്ചയിലൂടെയും കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ, ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്നത് അഹ്മദി യുവാക്കളുടെ വലിയ ഉത്തരവാദിത്തമാണ്. ഇസ്‌ലാമിന്റെ സൗന്ദര്യം മറ്റുള്ളവർക്ക് ദർശിക്കാൻ സാധിക്കുന്ന വിധത്തിൽ സ്വന്തം സ്വഭാവം, പെരുമാറ്റം, അറിവ്, സൽസ്വഭാവം എന്നിവയിലൂടെ ഇസ്‌ലാമിന്റെ പ്രായോഗിക മാതൃകയായി യുവാക്കൾ മാറേണ്ടതുണ്ട്.

## ആരാധനകളിലും ആത്മീയതയിലുമുള്ള പുരോഗതി

ദൈവവുമായുള്ള ബന്ധം ശക്തമാക്കുമ്പോൾ മാത്രമാണ് ഖിലാഫത്തിന്റെ യഥാർത്ഥ ഫലം ഒരാൾക്ക് ലഭിക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

അറിയുക! അല്ലാഹുവിന്റെ സ്മരണ കൊണ്ടുമാത്രമാണ് ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നത്. (സൂറത്തുർറഅ്ദ്: 29)

യുവാക്കൾ അഞ്ചുനേരത്തെ നമസ്കാരം ജമാഅത്തായി നിർവ്വഹിക്കാനും വിശുദ്ധ ഖുർആൻ പതിവായി പാരായണം ചെയ്യാനും പ്രാർത്ഥനയും പാപമോചനവും (ഇസ്തിഗ്ഫാർ) സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കാനും ശ്രദ്ധിക്കണം.

തിരുനബി(സ) പറയുന്നു: കുറവാണെങ്കിൽ പോലും സ്ഥിരമായി ചെയ്യുന്ന കർമമാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടത്. (സ്വഹീഹ് ബുഖാരി: 6464)

ആരാധനകളിൽ കാണിക്കുന്ന തുടർച്ചയും ആത്മാർത്ഥതയുമാണ് ഏറ്റവും പ്രധാനമെന്ന് ഈ അധ്യാപനം നമ്മെ പഠിപ്പിക്കുന്നു.

## ഉത്തമ സ്വഭാവവും പരിശുദ്ധമായ ജീവിതവും

ഇസ്‌ലാമിൽ സ്വഭാവമഹിമയ്ക്ക് അടിസ്ഥാനപരമായ സ്ഥാനമാണുള്ളത്. തിരുനബി(സ) പറയുന്നു:

ഉത്തമ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. (മുസ്നദ് അഹ്മദ്: 15540)

അതിനാൽ അഹ്മദി യുവാക്കൾ സത്യസന്ധത, വിശ്വസ്തത, വിനയം, ക്ഷമ, സഹിഷ്ണുത, സൽസ്വഭാവം എന്നിവ സ്വന്തം ജീവിതത്തിൽ പകർത്തണം.

## ജമാഅത്ത് സേവനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും

മനുഷ്യസേവനത്തെ വലിയൊരു പുണ്യമായാണ് ഇസ്‌ലാം കണക്കാക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

പുണ്യത്തിലും ഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുക. (സൂറത്തുൽ മാഇദ: 3)

നന്മയുടെ കാര്യങ്ങളിൽ മുസ്‌ലിംങ്ങൾ മുൻപന്തിയിൽ നിൽക്കണമെന്നാണ് ഈ വചനം പഠിപ്പിക്കുന്നത്. അഹ്മദി യുവാക്കൾ ജമാഅത്ത് പരിപാടികളിൽ പങ്കുചേരുകയും ദീനി പ്രവർത്തനങ്ങളിൽ സഹകരിക്കുകയും മനുഷ്യസേവന പദ്ധതികളിൽ ഭാഗമാവുകയും വേണം. മനുഷ്യസേവനം എന്നത് യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ ആത്മാവും ഏറ്റവും വലിയ പ്രബോധനവുമാണ്.

## ഖിലാഫത്തിനോടുള്ള സ്നേഹവും ബന്ധവും

യുവാക്കൾ ഖിലാഫത്തുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഖലീഫാവഖ്തിന്റെ ഖുതുബകൾ ശ്രദ്ധിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും അദ്ദേഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിയുടെ ഉത്തരവാദിത്തമാണ്.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി: നമ്മുടെ അധ്യാപനങ്ങളെ സ്വന്തം ജീവിതചര്യയായി സ്വീകരിക്കുകയും തന്റെ കഴിവിനും പരിശ്രമത്തിനുമനുസരിച്ച് അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നവനാണ് യഥാർത്ഥത്തിൽ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നത്. എന്നാൽ വെറുതെ പേര് ചേർക്കുകയും അധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവൻ ഓർക്കുക; അല്ലാഹു ഈ ജമാഅത്തിനെ ഒരു പ്രത്യേക വിഭാഗമാക്കി മാറ്റാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ജമാഅത്തിന്റെ ഭാഗമല്ലാത്ത ഒരാൾക്ക് വെറും പേര് രജിസ്റ്റർ ചെയ്തതുകൊണ്ട് മാത്രം ജമാഅത്തിൽ തുടരാൻ സാധിക്കില്ല.

അതായത്, ഒരാളുടെ പ്രായോഗിക ജീവിതം ഈ അധ്യാപനങ്ങൾക്ക് അനുസൃതമല്ലെങ്കിൽ അയാൾ വെറുതെ പേര് ചേർത്ത് ജമാഅത്തിൽ ഉൾപ്പെട്ടവൻ മാത്രമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെക്കുറിച്ച് ഇപ്രകാരം കൂടി വ്യക്തമാക്കുന്നു: യഥാർത്ഥത്തിൽ എന്റെ കാഴ്ചപ്പാടിൽ അങ്ങനെയുള്ളവർ ജമാഅത്തിൽ ഉൾപ്പെട്ടവരല്ല. അതിനാൽ നൽകപ്പെടുന്ന അധ്യാപനങ്ങൾക്കനുസരിച്ച് നിങ്ങളുടെ പ്രവർത്തികളെ മാറ്റാൻ പരമാവധി പരിശ്രമിക്കുക. *(മൽഫൂസാത്ത് വാല്യം 4, പേജ് 439)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

അല്ലയോ മുസ്‌ലിംകളേ! നിങ്ങൾ അനുസരണയുടെയും കീഴ്പ്പെടലിന്റെയും എല്ലാ വഴികളും സ്വീകരിക്കുക. യാതൊരു കല്പനയും ഉപേക്ഷിക്കരുത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ ഇസ്‌ലാമിനെ അതിന്റെ പൂർണ്ണരൂപത്തിൽ സ്വീകരിക്കുക എന്നാണ് ഇതിനർത്ഥം; അതായത് നിങ്ങൾ പ്രവർത്തിക്കാത്ത ഒരു കല്പന പോലും അതിൽ ഉണ്ടാകാൻ പാടില്ല. തന്റെ എല്ലാ അഭിലാഷങ്ങളും ആഗ്രഹങ്ങളും മോഹങ്ങളും ദൈവത്തിനായി ബലിയർപ്പിക്കുക എന്നതാണ് അല്ലാഹു ഓരോ വിശ്വാസിയിൽ നിന്നും ആഗ്രഹിക്കുന്ന സമർപ്പണം. നിങ്ങൾക്ക് മോക്ഷം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിന്റെ മാർഗ്ഗം ഇതാണ്: ഒന്നാമതായി, എല്ലാവിധ കാപട്യങ്ങളും (മുനാഫിഖത്ത്) സത്യസന്ധതയില്ലായ്മയും നിങ്ങളിൽ നിന്ന് ദൂരീകരിക്കാൻ ശ്രമിക്കുക, ജമാഅത്തിലെ ഓരോ വ്യക്തിയെയും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ഉറച്ച പാറയിൽ ഉറപ്പിച്ചു നിർത്തുക. രണ്ടാമതായി, ഏതാനും ചില കല്പനകൾ മാത്രം പാലിക്കുന്നതിൽ നിങ്ങൾ സംതൃപ്തരാകരുത്; മറിച്ച് അല്ലാഹുവിന്റെ എല്ലാ കല്പനകളും നടപ്പിലാക്കുകയും ദൈവീക ഗുണങ്ങളുടെ പൂർണ്ണമായ പ്രതിഫലനമായി മാറാൻ പരിശ്രമിക്കുകയും ചെയ്യുക. *(തഫ്സീറെ കബീർ വാല്യം 2, പേജ് 456.457)*

അഹ്മദിയ്യ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഈ കാലഘട്ടവും ഒരു ആത്മീയ യുദ്ധത്തിന്റേതാണ്. പിശാചിനോടുള്ള പോരാട്ടം ആരംഭിച്ചുകഴിഞ്ഞു. പിശാച് തന്റെ എല്ലാ ആയുധങ്ങളും തന്ത്രങ്ങളുമായി ഇസ്‌ലാമിന്റെ കോട്ടയെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനെ പരാജയപ്പെടുത്താനാണ് അവൻ ആഗ്രഹിക്കുന്നത്. എന്നാൽ പിശാചിന്റെ ഈ അവസാന പോരാട്ടത്തിൽ അവനെ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനായി അല്ലാഹു ഈ പ്രസ്ഥാനം സ്ഥാപിച്ചിരിക്കുന്നു...

ഇതിനെ തിരിച്ചറിയുന്നവൻ അനുഗൃഹീതൻ! *(മൽഫൂസാത്ത് വാല്യം 3, പേജ് 16)*

ചുരുക്കത്തിൽ, മുകളിൽ വിവരിച്ച കാര്യങ്ങളിൽ നിന്ന് ഖിലാഫത്ത് അഹ്മദിയ്യ എന്നത് അല്ലാഹു നൽകിയ മഹത്തായ ഒരു ആത്മീയ അനുഗ്രഹമാണെന്നും ജമാഅത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും ആധാരമായ വ്യവസ്ഥയാണെന്നുമുള്ള യാഥാർത്ഥ്യം പകൽവെളിച്ചം പോലെ വ്യക്തമാണ്. ഈ അനുഗൃഹീത വ്യവസ്ഥയുടെ തണലിൽ യുവാക്കളുടെ പങ്ക് വളരെ അടിസ്ഥാനപരവും നിർണ്ണായകവുമാണ്.

അഹ്മദി യുവാക്കൾ ഖിലാഫത്തിനോടുള്ള അനുസരണം പൂർണ്ണഹൃദയത്തോടെ ജീവിതത്തിന്റെ ഭാഗമാക്കുകയും, ആരാധനകളിൽ കൃത്യനിഷ്ഠ പാലിക്കുകയും, ഉന്നത സ്വഭാവം പ്രകടിപ്പിക്കുകയും, ഇസ്‌ലാമിക പ്രബോധനത്തിലും മനുഷ്യസേവനത്തിലും സജീവമായി നിലകൊള്ളുകയും ചെയ്താൽ അവർക്ക് സ്വന്തം ജീവിതം സംസ്കരിക്കാൻ സാധിക്കുമെന്ന് മാത്രമല്ല, അഹ്മദിയ്യാ ജമാഅത്തിനെ പുരോഗതിയുടെ പുതിയ ഉന്നതികളിൽ എത്തിക്കാനും സാധിക്കും.

ഖിലാഫത്തിനോടുള്ള സ്നേഹവും വിശ്വസ്തതയും പ്രായോഗിക ബന്ധവുമാണ് യഥാർത്ഥത്തിൽ വിജയത്തിന്റെ താക്കോൽ. ഈ ബന്ധമാണ് മനുഷ്യന് ആത്മീയ കരുത്തും ചിന്താപരമായ സ്ഥിരതയും മതപരമായ അഭിമാനവും പകരുന്നത്. വെറും പേര് കൊണ്ടുള്ള ബന്ധം മാത്രം പോരാ എന്നും പ്രായോഗിക ജീവിതത്തിൽ ഈ അധ്യാപനങ്ങൾ നടപ്പിലാക്കുകയാണ് വേണ്ടതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും അധ്യാപനങ്ങൾ ഊന്നിപ്പറയുന്നു.

അതുകൊണ്ട്, തന്റെ എല്ലാ കഴിവുകളും ഇസ്‌ലാമിക സേവനത്തിനും ഖിലാഫത്തിന്റെ സുസ്ഥിരതയ്ക്കും മനുഷ്യത്വത്തിന്റെ നന്മയ്ക്കുമായി സമർപ്പിക്കുമെന്ന് ഓരോ അഹ്മദി യുവാവും പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. യുവാക്കൾ ഈ ആവേശത്തോടെ മുന്നോട്ട് വരുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയും അഹ്മദിയ്യ ജമാഅത്ത് ലോകത്ത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്മാർഗ്ഗത്തിന്റെയും ജ്വലിക്കുന്ന ഗോപുരമായി ഉയർന്നു വരികയും ചെയ്യും.

പേജ് 1 ൽ നിന്ന്

**ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:**

നിങ്ങൾക്ക് കാണിച്ചുതരും. ഇത് ലോകത്തിന്റെ അവസാന നാളുകളാണെങ്കിലും, ഒട്ടേറെ പരീക്ഷണങ്ങൾ ഇറങ്ങിവരുന്ന സമയമാണെങ്കിലും, ദൈവം അറിയിച്ചിട്ടുള്ള കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും. ഞാൻ ദൈവത്തിൽ നിന്നുള്ള ഒരു ശക്തിയായി വെളിപ്പെട്ടിരിക്കുന്നു, ഞാൻ ദൈവത്തിന്റെ ഒരു മൂർത്തീഭാവമായ ശക്തിയാണ്. എനിക്ക് ശേഷം രണ്ടാമത്തെ ശക്തിയുടെ പ്രാദുർഭാവമായി വേറെയും ചില വ്യക്തിത്വങ്ങൾ ഉണ്ടാകും. *(രിസാല അൽവസ്വിയ്യത്ത്, പേജ് 8)*

പേജ് 20 ൽ നിന്ന്

പങ്കുചേർക്കുകയുമില്ല) എന്ന ഖുർആൻ വചനത്തിന്റെ ജീവസ്സുറ്റ വ്യാഖ്യാനമായിട്ടാണ് വെളിപ്പെട്ടിട്ടുള്ളത്. അഹ്മദിയ്യാ ഖിലാഫത്തിന്റെ പ്രഥമ പരിഗണന എല്ലാ കാലത്തും സ്വച്ഛമായ തൗഹീദിന്റെ പ്രചാരണവും ആരാധനകളിലേക്കുള്ള ക്ഷണവുമാണെന്ന യാഥാർത്ഥ്യം അഹ്മദിയ്യാ ചരിത്രത്തിലെ എണ്ണമറ്റ സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ബാങ്ക് വിളികൾ മുഴങ്ങിക്കൊണ്ടിരിക്കുന്നു: **ഹയ്യ അലസ്സലാഹ്, ഹയ്യ അലൽ ഫലാഹ്** അതായത് നമസ്കാരത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക.

ഇതൊരു സാർവ്വലൗകികമായ ക്ഷണമാണ്, അത് ഓരോ ഹൃദയത്തോടും വിളിച്ചു പറയുന്നു:

بلا رہی ہیں تمہیں پیار کی کھلی باہیں

چلے بھی آؤ نہ، اللہ پیار کر دیکھو

'സ്നേഹത്തിന്റെ തുറന്ന കൈകൾ നിങ്ങളെ മാടി വിളിക്കുന്നു; ദൈവത്തെ കരുതി ഒന്ന് കടന്നു വരൂ, അല്ലാഹുവിനെ മുൻനിർത്തി ഒന്ന് സ്നേഹിച്ചു നോക്കൂ.

ഖിലാഫത്ത് അഹ്മദിയ്യയുടെ പാദസേവകരായ നമ്മുടെ ഓരോ നിമിഷത്തെയും ആഗ്രഹവും പ്രാർത്ഥനയും ഇതാണ്:

شیطان کی حکومت مٹ جائے اس جہاں سے

حاکم تمام دنیا پہ میرا مصطفیٰؐ ہو

ഈ ലോകത്ത് നിന്ന് സാത്താന്റെ ഭരണം ഇല്ലാതാകട്ടെ; ലോകത്തിന്റെ മുഴുവൻ ഭരണാധികാരി എന്റെ മുസ്തഫാ(സ) ആകട്ടെ. (ആമീൻ)

പേജ് 23 ൽ നിന്ന്

## സീറത്തുന്നബി(സ)

കാലഘട്ടവും സാഹചര്യങ്ങളും അനുസരിച്ച് യുക്തിസഹമായിരിക്കണം.

8. നിവേദന പരമ്പരയിലെ കണ്ണികൾ പൂർണ്ണമായി സംരക്ഷിക്കപ്പെട്ടതാകണം; തുടക്കത്തിലോ മധ്യത്തിലോ അവസാനത്തിലോ ഒരു നിവേദകൻ പോലും വിട്ടുപോകാൻ പാടില്ല.

9. നിവേദകരുടെ വിശ്വാസ്യതയും സത്യസന്ധതയും വർദ്ധിക്കുന്നതിനനുസരിച്ച് ആ നിവേദനത്തിന്റെ ദൃഢതയും വർദ്ധിക്കുന്നു.

10. അതുപോലെ തന്നെ, വിശ്വസനീയരായ നിവേദകരുടെ എണ്ണം കൂടുന്നതിനനുസരിച്ച് നിവേദനത്തിന്റെ ശക്തിയും ആധികാരികതയും വർദ്ധിക്കുന്നു.

ദിരായത്തിന്റെ (*Dirâyat*) തത്വങ്ങൾ പ്രകാരം ഏറ്റവും പ്രധാനമായി കണക്കാക്കപ്പെടുന്ന നിബന്ധനകൾ താഴെ പറയുന്നവയാണ്:

1. നിവേദനം വിശ്വസനീയവും ആധികാരികവുമായ യാതൊരു ചരിത്രരേഖയ്ക്കും വിരുദ്ധമാകാൻ പാടില്ല. ഈ തത്വമനുസരിച്ച് പരിശുദ്ധ ഖുർആന് വിരുദ്ധമായ ഏതൊരു നിവേദനവും തള്ളിക്കളയേണ്ടതാണ്.

2. നിവേദനം തെളിയിക്കപ്പെട്ട യാതൊരു വസ്തുതയ്ക്കും വിരുദ്ധമാകാൻ പാടില്ല.

3. ഒരു നിവേദനം അതിനേക്കാൾ ആധികാരികമായ മറ്റൊരു നിവേദനത്തിന് വിരുദ്ധമാകാൻ പാടില്ല.

4. ഒരു സംഭവം സത്യമാണെങ്കിൽ അത് സാക്ഷ്യപ്പെടുത്താൻ ധാരാളം ആളുകൾ ഉണ്ടാകേണ്ട സാഹചര്യത്തിൽ, ഒരേയൊരു നിവേദകൻ മാത്രം ആ സംഭവത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നുവെങ്കിൽ അത്തരം നിവേദനങ്ങൾ സ്വീകാര്യമല്ല.

5. സാധാരണ യുക്തിക്ക് നിരക്കാത്തതോ അല്ലെങ്കിൽ അവ്യക്തമോ ആയ ഘടകങ്ങൾ നിവേദനത്തിൽ ഉണ്ടാകാൻ പാടില്ല.

ഈ തത്വങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനായി താഴെ പറയുന്ന ഗ്രന്ഥങ്ങൾ ആധാരമാക്കാവുന്നതാണ്:

- ഫത്ഹുൽ മുഗീഥ് (*Fatḥul-Mugīth*): ഹാഫിള് സൈനുദ്ദീൻ അബ്ദുർ റഹീം ബിൻ ഹുസൈൻ അൽ ഇറാഖി രചിച്ചത്.
- അൽമൗളൂആത്തുൽ കുബ്റ (*Al-Mauḍu'ātul-Kubrā*): മുല്ലാ അലി ബിൻ മുഹമ്മദ് സുൽത്താൻ ഖാരി രചിച്ചത് (പേജ്: 291326).
- മുഖദ്ദിമ ഇബ്നു സ്വലാഹ് (*Muqaddamah Ibni Ṣalāḥ*): അൻനൗഉസ് സാദിസു വ ഇശ്റൂൻ (പേജ്: 8396), ഒന്നാം പതിപ്പ് (1326 ഹിജ്റ). (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

www.akhbarbadr.in/Malayalam/

• ഹദീഥുന്നബ്‌വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും

## ഇസ്‌ലാമിക ചരിത്ര വിവരണത്തിന്റെ ഉറവിടങ്ങൾ

ഇസ്‌ലാമിന്റെ ഉത്ഭവചരിത്രത്തിന്റെയും തിരുനബി(സ)യുടെ ജീവചരിത്രത്തിന്റെയും രണ്ടാമത്തെ വലിയ ഉറവിടം ഹദീസ്, തഫ്സീർ, സീറത്ത്, മഗാസി (അതായത് നബി(സ) പങ്കെടുത്ത യുദ്ധങ്ങൾ) എന്നീ രൂപങ്ങളിൽ നിലവിലുള്ള വിവരണങ്ങളാണ്. ഈ വിവരണങ്ങൾ തിരുനബി(സ)യുടെ സ്വഹാബികളിൽ നിന്ന് താബിഈനിലേക്കും, താബിഈനിൽ നിന്ന് തബഉത്താബിഈനിലേക്കും, അവരിൽ നിന്ന് പിൽക്കാല തലമുറകളിലേക്കും കൃത്യമായ ഒരു റിപ്പോർട്ടിംഗ് സമ്പ്രദായത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടു. (താബിഈൻ: തിരുനബി(സ)യുടെ സ്വഹാബികളെ കാണുകയും അവരുമായി സന്ധിക്കുകയും ചെയ്തവർ. തബഉത്താബിഈൻ: താബിഈനെ കാണുകയും അവരുമായി സന്ധിക്കുകയും ചെയ്തവർ. വിവ.) അതനുസരിച്ച്, ഈ വിവരണങ്ങൾ ലിഖിത രൂപത്തിലാക്കുകയും എന്നെന്നേക്കുമായി സംരക്ഷിക്കപ്പെടുകയും ചെയ്തു. മാത്രമല്ല, മറ്റ് ഏതൊരു മതസമൂഹത്തിന്റെ ചരിത്രത്തേക്കാളും ഈ ചരിത്രശേഖരത്തിന്റെ പദവി വളരെ ഉയർന്നതാണ്.

തിരുനബി(സ)യുടെ ഓരോ പ്രവൃത്തിയെയും സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടി സസൂക്ഷ്മം നിരീക്ഷിക്കുകയും, സമാനതകളില്ലാത്ത വിവരണങ്ങളിലൂടെ അവിടുത്തെ ജീവിതത്തിന്റെ പൂർണ്ണമായ ചിത്രം അവശേഷിപ്പിക്കുകയും ചെയ്ത ഒരു കൂട്ടം അനുയായികളെ അല്ലാഹു അവിടുത്തേക്ക് നൽകി. ഹദീസുകളിൽ കാണപ്പെടുന്ന സ്വഹാബികളുടെ പ്രസ്താവനകൾ വായിക്കുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും. അറേബ്യൻ മരുഭൂമിയിലെ നിരക്ഷരരായ ഗ്രാമീണർ തങ്ങളുടെ യജമാനന്റെയും നേതാവിന്റെയും ഓരോ ചലനങ്ങളും പ്രവർത്തനങ്ങളും കാലത്തിന്റെ താളുകളിൽ എപ്രകാരം നിത്യമായി രേഖപ്പെടുത്തി എന്നത് വിസ്മയകരമാണ്.

ഉദാഹരണത്തിന്, തിരുനബി(സ) എപ്രകാരമാണ് ഉറങ്ങിയിരുന്നത്, ഉറക്കത്തിൽ നിന്ന് എങ്ങനെയാണ് ഉണർന്നിരുന്നത്, എപ്രകാരമാണ് അവിടുന്ന് ആഹാരം കഴിച്ചിരുന്നതും പാനീയങ്ങൾ കുടിച്ചിരുന്നതും, എങ്ങനെയാണ് ഇരുന്നിരുന്നതും എഴുന്നേറ്റതും, അവിടുത്തെ നടത്തം എപ്രകാരമായിരുന്നു തുടങ്ങിയ കാര്യങ്ങളെല്ലാം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുനബി(സ) എങ്ങനെയാണ് നിൽക്കുന്നത്, സംഭാഷണം നടത്തുന്നത്, മൗനം പാലിക്കുന്നത്, എപ്രകാരമാണ് ചിരിക്കുന്നത്, കരയുന്നത്, അവിടുന്ന് എങ്ങനെയാണ് സന്തോഷം പ്രകടിപ്പിക്കുന്നത് അല്ലെങ്കിൽ അതൃപ്തി പ്രകടിപ്പിക്കുന്നത് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. അവിടുന്ന് വീട്ടുകാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്തു, യാത്രകളിൽ സമയം എങ്ങനെ ചിലവഴിച്ചു, തന്റെ പത്നിമാരോട് എങ്ങനെ ഇടപഴകി, കുട്ടികളോട് എങ്ങനെ സംസാരിച്ചു, പ്രിയപ്പെട്ടവരോട് എങ്ങനെയുള്ള പെരുമാറ്റമായിരുന്നു, അപരിചിതരോട് എങ്ങനെ പെരുമാറി എന്നതും അതിൽ വ്യക്തമാണ്. സൗഹൃദത്തിന്റെ കടമകൾ അവിടുന്ന് എങ്ങനെ നിറവേറ്റി, ശത്രുക്കളോട് എങ്ങനെയുള്ള സമീപനമാണ് സ്വീകരിച്ചത്, സമാധാനകാലത്തും യുദ്ധരംഗത്തും അവിടുത്തെ പെരുമാറ്റം എപ്രകാരമായിരുന്നു, മനുഷ്യരോടുള്ള കടമകളും സർവ്വശക്തനായ ദൈവത്തോടുള്ള കടമകളും അവിടുന്ന് എങ്ങനെ നിർവ്വഹിച്ചു, ദൈവകല്പനകൾ എങ്ങനെ ശ്രദ്ധിക്കുകയും അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തു തുടങ്ങിയ ഓരോ കാര്യങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു.

ഇത്തരത്തിൽ അവിടുത്തെ ജീവിതചിത്രത്തിന്റെ ഓരോ വശവും വളരെ വിശദമായി, അങ്ങേയറ്റം സൂക്ഷ്മമായ കാര്യങ്ങൾ പോലും വിട്ടുപോകാതെ നമ്മുടെ മുന്നിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഏതൊരു ഹദീസ് ഗ്രന്ഥമെടുത്ത് പരിശോധിച്ചാലും തിരുനബി(സ)യുടെ മനോഹരമായ ജീവിതചിത്രത്തിന്റെ ഓരോ ഭാഗവും പ്രോജ്ജ്വലമായി നമുക്ക് കാണാൻ സാധിക്കും. എല്ലാ ആകർഷണീയതകളോടും കൂടിയ സജീവമായ ഒരു ചിത്രം നമ്മുടെ മുന്നിൽ വന്നെത്തിയ അനുഭൂതിയാണ് ഇതിലൂടെ ലഭിക്കുന്നത്.

### നിവേദന രീതി (Methodology of Narration)

മുസ്‌ലിം ഇതര വായനക്കാരുടെ അറിവിലേക്കായി ഒരു കാര്യം സൂചിപ്പിക്കേണ്ടതുണ്ട്. മുസ്‌ലിംകൾക്കിടയിൽ പ്രചാരത്തിലുള്ള നിവേദന രീതി അനുസരിച്ച്, അവസാനത്തെ നിവേദകൻ മുതൽ മുകളിലോട്ട് ഓരോ നിവേദകന്റെയും പേര് ഘട്ടംഘട്ടമായി പ്രസ്താവിക്കുന്നു. ഈ നിവേദന പരമ്പര തിരുനബി(സ)യിൽ എത്തുകയോ അല്ലെങ്കിൽ അവിടുത്തെ ഏതെങ്കിലും ഒരു സ്വഹാബിയിൽ അവസാനിക്കുകയോ ചെയ്യുന്നു. തിരുനബി(സ) വരെ എത്തുന്ന നിവേദനങ്ങളെ ഹദീസ് എന്നും, സ്വഹാബികളിൽ അവസാനിക്കുന്നവയെ അസർ എന്നും പറയുന്നു. ഈ രണ്ട് വിഭാഗങ്ങൾക്കും നിരവധി ഉപവിഭാഗങ്ങളുണ്ട്. പൊതുവെ, ഒരു നിവേദനം താഴെ പറയുന്ന രീതിയിലാണ് അവതരിപ്പിക്കപ്പെടാറുള്ളത്:

എനിക്ക് എ എന്ന വ്യക്തി (Person A) വിവരിച്ചു തന്നു, അദ്ദേഹം ബി എന്ന വ്യക്തിയിൽ (Person B) നിന്ന് കേട്ടതാണ്, അദ്ദേഹം (അതായത് ബി) സി എന്ന വ്യക്തി യിൽ (Person C) നിന്ന് നിവേദനം ചെയ്യുന്നു, സി എന്ന വ്യക്തിക്ക്, ഡി (Person D) നൽകിയ വിവരമനുസരിച്ച്, ഒരു സദസ്സിൽ വെച്ച് തിരുനബി(സ) ഇന്ന കാര്യം പറയുന്നത് അദ്ദേഹം കേട്ടു അല്ലെങ്കിൽ ഇന്ന സംഭവം തിരുനബി(സ)യുടെ സാന്നിധ്യത്തിൽ ഞങ്ങളുടെ കൺമുന്നിൽ വെച്ച് നടന്നു എന്നിങ്ങനെയാണിത്. ഇത് നിവേദന രീതിയുടെ ഏറ്റവും ലളിതമായ രൂപമാണ്; എങ്കിലും പ്രായോഗികമായി പല രീതികളിലായാണ് നിവേദനങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഹദീസ് ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള പണ്ഡിതന്മാർ ഈ വിവിധ രീതികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും അവയുടെ ശ്രേണികൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു നിവേദനം എത്ര സങ്കീർണ്ണമാണെങ്കിലും, ഓരോ ഘട്ടത്തിലും അതിന്റെ ഗുണനിലവാരവും പദവിയും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലുള്ളതാണ് ഈ സമ്പ്രദായം. കൂടാതെ, ഈ വ്യവസ്ഥാപിതമായ രീതിക്ക് വലിയൊരു ആകർഷണീയതയുണ്ട്; ഇത് ഹദീസ് വിവരിക്കപ്പെട്ട ആ സദസ്സിനെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക മാത്രമല്ല, ഈ നിവേദനം ആദ്യം ഉത്ഭവിച്ച തിരുനബി(സ)യുടെ സദസ്സിനെക്കുറിച്ചുള്ള സജീവമായ ചിത്രം കാണാനുള്ള അവസരവും നൽകുന്നു.

ഇസ്‌ലാമിന് മുൻപുള്ള കാലഘട്ടത്തിൽ തന്നെ അറബികൾക്ക് നിവേദന രീതിയെക്കുറിച്ച് ഒരു പരിധിവരെ അറിവുണ്ടായിരുന്നു എന്ന് തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ ആഗമനത്തോടെ ഇത് അത്യന്തം വ്യവസ്ഥാപിതമായ ഒരു ശാസ്ത്രമായി മാറുകയും, ഇതിനെ സഹായിക്കുന്ന വിവിധ പഠനശാഖകൾ രൂപപ്പെടുകയും ചെയ്തു. ഈ ശാസ്ത്രത്തിന്റെ എല്ലാ വശങ്ങളും വിശദീകരിക്കുക അസാധ്യമാണെങ്കിലും, താഴെ നൽകുന്ന സംഗ്രഹം ഒരു അവലോകനമായി കണക്കാക്കാം.

### രിവായത്തിന്റെയും ദിരായത്തിന്റെയും തത്വങ്ങൾ

### (Narration & Rationalization)

ഈ വിജ്ഞാനശാഖയുടെ അടിസ്ഥാന തത്വമനുസരിച്ച്, ഓരോ നിവേദനത്തിന്റെയും വിശ്വാസ്യത രണ്ട് രീതികളിലൂടെ പരിശോധിക്കാവുന്നതാണ്. ഈ രണ്ട് മാർഗ്ഗങ്ങളിലൂടെയും ആധികാരികത തെളിയിക്കപ്പെടാതെ ഒരു നിവേദനത്തിലും പൂർണ്ണമായി വിശ്വസിക്കാൻ കഴിയില്ല.

രിവായത്ത് (*Riwâyat*- Narration): ഇതിന്റെ ലക്ഷ്യം ഒരു നിവേദനത്തിന്റെ പുറമെനിന്നുള്ള തെളിവുകൾ പരിശോധിക്കുക എന്നതാണ്. അതായത്, ഈ നിവേദനം നമുക്ക് എത്തിച്ചുതന്ന നിവേദന പരമ്പര (Channel) വേണ്ടത്ര വിശ്വസനീയമാണോ എന്ന് ഇതിലൂടെ തീരുമാനിക്കുന്നു.

ദിരായത്ത് (*Dirâyat*-- Rationalization): ഒരു നിവേദനത്തിന്റെ ആഭ്യന്തരമായ തെളിവുകളെ വിചാരണ ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതായത്, നിവേദന പരമ്പര ഏതായാലും, പറയപ്പെട്ട ആ സംഭവം അതിന്റെ സാഹചര്യങ്ങൾക്കും യുക്തിക്കും അനുസൃതമായി സത്യവും ആധികാരികവുമാണെന്ന് കരുതാൻ സാധിക്കുമോ എന്ന് ഇതിലൂടെ പരിശോധിക്കുന്നു.

ചരിത്രരേഖകളുടെയും നിവേദനങ്ങളുടെയും സാധുത പരിശോധിക്കുന്നതിനായി ഈ രണ്ട് തത്വങ്ങളും മുസ്‌ലിംകൾ ആവിഷ്കരിക്കുകയും ഇസ്‌ലാമിന്റെ ആരംഭം മുതൽ ഇവ പിന്തുടരുകയും ചെയ്യുന്നു. ഈ തത്വങ്ങളെ അടിസ്ഥാനമാക്കി നിവേദകർ പാലിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകൾ താഴെ പറയുന്നവയാണ്:

രിവായത്തിന്റെ തത്വങ്ങൾ പ്രകാരം നിവേദകന് (Narrator) ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ:

1. നിവേദകൻ പ്രശസ്തനും സുപരിചിതനും ആയിരിക്കണം.
2. സംസാരത്തിൽ സത്യസന്ധനും വിശ്വസ്തനുമായിരിക്കണം.
3. കാര്യങ്ങൾ ഗ്രഹിക്കാനും യുക്തിസഹമായി വിശകലനം ചെയ്യാനും കഴിവുള്ളവനായിരിക്കണം.
4. മികച്ച ഓർമ്മശക്തിയുള്ളവനായിരിക്കണം.
5. കാര്യങ്ങൾ പെരുപ്പിച്ചു പറയുന്നതോ, അനാവശ്യമായി ചുരുക്കുന്നതോ, യഥാർത്ഥ വിവരങ്ങളിൽ മാറ്റം വരുത്തുന്നതോ ശീലമാക്കിയ വ്യക്തിയാകരുത്.
6. നിവേദകൻ പക്ഷപാതിയാണെന്ന് കരുതപ്പെടാതിരിക്കാൻ, താൻ പറയുന്ന കാര്യത്തിൽ അദ്ദേഹത്തിന് വ്യക്തിപരമായ താല്പര്യങ്ങൾ ഉണ്ടാകാൻ പാടില്ല.
7. തുടർച്ചയായി വരുന്ന രണ്ട് നിവേദകർ തമ്മിലുള്ള കണ്ടുമുട്ടൽ അവരുടെ

ശേഷം പേജ് 22 ൽ

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Vol-11 Thursday 7-14 May 2026 Issue:19-20**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ബക്രീദ് സംബന്ധിച്ച ചില കാര്യങ്ങൾ :

*ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് തആലായുടെ നിർദ്ദേശങ്ങൾ*

### ബലി അർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ മുടിയോ നഖമോ മുറിക്കുന്നത് സംബന്ധിച്ച്:

'ബലി അർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ ദുൽഹിജ്ജ മാസപ്പിറവി കണ്ടത് മുതൽ ബലി കർമ്മം നിർവ്വഹിക്കുന്നത് വരെ മുടി മുറിക്കാതിരിക്കുക എന്നത് നിർബന്ധമായ കാര്യമല്ല, മറിച്ച് ഒരു മുസ്തഹബ്ബ് (ഉത്തമമായ കാര്യം) മാത്രമാണ്. അതിനാൽ ബലി അർപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒരാൾ തന്റെ മുടിയോ നഖമോ മുറിച്ചാൽ അത് അയാളുടെ ബലിയെ (ഖുർബാനി) ബാധിക്കുകയില്ല. എന്നാൽ പ്രതിഫലം ആഗ്രഹിച്ച് ഈ ഉത്തമമായ കാര്യം പ്രവർത്തിക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ, അവർ എല്ലാവിധത്തിലുള്ള മുടികൾ മുറിക്കുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. കാരണം, ബലി അർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തലമുടി, നഖം എന്നിവയോടൊപ്പം മീശയും ഗുഹ്യഭാഗത്തെ രോമങ്ങളും മുറിക്കരുതെന്ന് ഒരു ഹദീസിൽ തിരുനബി (സ) പറഞ്ഞിട്ടുണ്ട്. (സുനൻ അബീ ദാവൂദ്, കിതാബുൽ ളഹായാ)'

### ബലി കർമ്മം എത്ര ദിവസത്തിനുള്ളിൽ നിർവ്വഹിക്കണം?

'സാധാരണ സാഹചര്യങ്ങളിൽ മൂന്ന് ദിവസത്തിനുള്ളിൽ തന്നെ ബലി കർമ്മം നിർവ്വഹിക്കേണ്ടതാണ്. എന്നാൽ വല്ല നിർബന്ധിത സാഹചര്യങ്ങളും ഉണ്ടെങ്കിൽ ദുൽഹിജ്ജ മാസത്തിൽ എപ്പോഴും ബലി കർമ്മം നിർവ്വഹിക്കാവുന്നതാണ്. '

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ബലി കർമ്മം ഇന്നും നാളെയും മറ്റന്നാളും നിർവ്വഹിക്കാവുന്നതാണ്, എന്നാൽ യാത്രയിലാണെങ്കിലോ മറ്റ് പ്രയാസങ്ങൾ ഉണ്ടെങ്കിലോ ഈ മാസത്തിൽ എപ്പോൾ ആയാലും ബലി കർമ്മം നിർവ്വഹിക്കാമെന്ന അഭിപ്രായം ഹദ്റത്ത് മസീഹ് മൗഊദ്(അ)നും മറ്റ് ചില മഹാത്മാക്കൾക്കും ഉണ്ട്. *(അൽഫസൽ ഖാദിയാൻ, 17 ഓഗസ്റ്റ് 1922)*

### ഇതിന് കാലത്തിന്റെ ഖലീഫയുടെ അനുവാദം വാങ്ങേണ്ടതുണ്ടോ?

'ഒരു ഉത്തരവ് മുഴുവൻ ജമാഅത്തിനെയും ബാധിക്കുന്നതോ ഭരണപരമായ കാര്യങ്ങൾ ഉൾപ്പെട്ടതോ ആണെങ്കിൽ, ചട്ടപ്രകാരം കാലത്തിന്റെ ഖലീഫയിൽ നിന്ന് തന്നെ അതിനുള്ള അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ ഒരാൾക്ക് വ്യക്തിപരമായ വല്ല ബുദ്ധിമുട്ടുകളും നേരിട്ടാൽ, സ്വന്തം സാഹചര്യങ്ങളും അനിവാര്യതയും നോക്കി അയാൾക്ക് തന്നെ തീരുമാനമെടുക്കാവുന്നതാണ്.' *(അവ: അൽഫസൽ ഇന്റർനാഷണൽ, 3 മെയ് 2025)*

### പെരുന്നാൾ നമസ്കാരത്തിന് മുമ്പ് നഫ്‌ലുകൾ!

'പെരുന്നാൾ നമസ്കാരത്തിന് മുൻപ് നഫ്ൽ (നമസ്കാരങ്ങൾ) നിർവ്വഹിക്കുന്നത് ഹദീസുകൾ പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പെരുന്നാൾ നമസ്കാരത്തിന് ശേഷം വിലക്കപ്പെട്ട സമയം ആരംഭിച്ചിട്ടില്ലെങ്കിൽ വീട്ടിൽ പോയി നഫ്‌ലുകൾ നിർവ്വഹിക്കുന്നതിൽ തെറ്റില്ല. പെരുന്നാൾ ദിവസം നമസ്കാരത്തിന് മുൻപ് പള്ളിയിൽ വന്ന് നഫ്‌ലുകൾ നിർവ്വഹിക്കുന്നവരെ അത് വിലക്കുന്നതിനായി നമസ്കാരത്തിന് മുൻപ് പള്ളികളിൽ കൃത്യമായ അറിയിപ്പ് നൽകാൻ ജനറൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.'

### തക്ബീറുകൾ മറക്കുന്നതും മറവിയുടെ സുജൂദും

'ഇമാം തക്ബീറുകൾ മറന്നുപോയാൽ മഅ്മൂമുകൾ അത് ഓർമ്മിപ്പിക്കേണ്ടതാണ്. എന്നാൽ മഅ്മൂമുകൾ ഓർമ്മിപ്പിച്ചിട്ടും ഇമാമിന് തക്ബീറുകൾ ചൊല്ലാൻ സാധിച്ചില്ലെങ്കിൽ മഅ്മൂമുകൾ ഇമാമിനെ പിന്തുടർന്ന് പെരുന്നാൾ നമസ്കാരം പൂർത്തിയാക്കേണ്ടതാണ്. തക്ബീറുകൾ മറന്നുപോയതിന്റെ പേരിൽ ഇമാം സജദ സഹവ് ചെയ്യേണ്ടതില്ല.' *(അവ : അൽഫസൽ ഇന്റർനാഷണൽ, 18 ഡിസംബർ 2020)*

### ബലിപെരുന്നാളും നോമ്പും:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു:

'തിരുനബി(സ) പെരുന്നാൾ ഖുതുബ അധികം നീട്ടിയിരുന്നില്ല, അതിന് ശേഷം വേഗത്തിൽ ബലി കർമ്മത്തിനായി വീട്ടിലേക്ക് തിരിക്കുമായിരുന്നു. ഇതിലുള്ള ഒരു യുക്തി എന്തെന്നാൽ സ്വന്തം ബലിമൃഗത്തിന്റെ മാംസം കൊണ്ട് നോമ്പ് തുറക്കുന്നത് വരെ (ഭക്ഷണം കഴിക്കുന്നത് വരെ) നബി(സ) ഒന്നും ഭക്ഷിക്കാതെ നോമ്പ് അനുഷ്ഠിച്ചിരുന്നു. ഈ സുന്നത്ത് ശരിയായി മനസ്സിലാക്കാത്തതിനാൽ പെരുന്നാൾ ദിവസം നിർബന്ധമായും നോമ്പ് നോൽക്കണമെന്നും കാര്യങ്ങളെല്ലാം കഴിയുന്നത് വരെ ഒന്നും ഭക്ഷിക്കരുത് എന്നതും ചിലർ ഒരു പതിവാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ അതിനർത്ഥം അതിന് മുൻപ് എന്തെങ്കിലും കഴിക്കുന്നത് ഹറാമാണെന്നല്ല. മറിച്ച് ഈ സുന്നത്തിന്റെ താൽപ്പര്യം എന്തെന്നാൽ ബലി അർപ്പിക്കുന്നവർ ബലി നൽകുന്ന ദിവസം ബലിമാംസം ലഭിക്കുന്നത് വരെ ഒന്നും ഭക്ഷിക്കാതിരിക്കുക എന്നതാണ്. ബലി കർമ്മം മൂന്ന് ദിവസം വരെ നീണ്ടുനിൽക്കും. അതിനാൽ ഈ സുന്നത്തിനെ തെറ്റായി മനസ്സിലാക്കിയാൽ, നാലാം ദിവസം ബലി അർപ്പിക്കുന്നവർ നാല് ദിവസം പട്ടിണി കിടക്കേണ്ടി വരും എന്ന അർത്ഥം വരും.' (*ഖുതുബാത്തെ താഹിർ (ഈദൈൻ), പേജ് 655, 28 മാർച്ച് 1999)*

---

**മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

---

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

**NAZIR ISLAH-O-IRSHAD MARKAZIA, QADIAN**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin